# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി
Volume - 11 Issue - 02 February 2022



ഡോ. ഹെർമൻ ഗുണ്ടർട്ട്

## അർത്ഥമില്ലാത്ത പ്രയത്നവും വ്യർത്ഥമല്ലാത്ത പ്രാർത്ഥനയും

പേജ് 13

വില 20 രൂപ

Editorial

# യാഥാർഥ്യ ബോധം ആവശ്യം

കള്ളനോട്ടുകൾ പ്രചരിക്കുന്നു എന്ന് കേട്ടാൽ അവയെ എങ്ങനെ തിരിച്ചറിയുവാൻ കഴിയും എന്ന് മനസ്സിലാക്കേണ്ടതിന് ശ്രമിക്കാത്തവർ ആരും കാണില്ല. നല്ല നോട്ടുകളെ ഏറ്റവും നന്നായി മനസ്സിലാക്കുന്നത് തന്നെയാണ് തത്വത്തിൽ കള്ളനോട്ടുകളെ തിരിച്ചറിയുവാൻ ഉപയോഗിക്കുന്ന വഴി. ഒരു കടയിൽ മായം ചേർത്ത സാധനങ്ങളാണ് വിൽക്കുന്നത് എന്നറിഞ്ഞാൽ നാം അവിടെ നിന്നും സാധനങ്ങൾ വാങ്ങില്ല. വില കുറവാണ്, അല്ല തികച്ചും സൗജന്യം എന്നൊക്കെ പറഞ്ഞാൽപ്പോലും വിഷം അടങ്ങിയ ഭക്ഷണ പദാർത്ഥങ്ങൾ നാമൊരിക്കലും വാങ്ങുക ഇല്ലല്ലോ! ഇതുപോലെ തന്നെ ആത്മീയകാര്യങ്ങളിലും തീഷ്ണതയും ജാഗ്രതയും നമുക്ക് ഉണ്ടാകേണ്ടതല്ലേ? ദൈവവചനം എന്ന പേരിൽ നാം കേൾക്കുന്നതെല്ലാം യഥാർത്ഥത്തിൽ ദൈവവചനം ആണോ എന്ന് നാം ശോധന ചെയ്യേണ്ടതല്ലേ? ദുരുപദേശകന്മാരെക്കുറിച്ചും കള്ളപ്രവാചകന്മാരെക്കുറിച്ചുമുള്ള മുന്നറിയിപ്പുകൾ കർത്താവും അപ്പോസ്തലന്മാരും നമുക്ക് തന്നിട്ടുണ്ട്. ഇക്കാലത്ത് വർദ്ധിച്ചുവരുന്ന ദുരൂപദേശങ്ങളും, ആത്മീയലോകത്ത് നടക്കുന്ന ചൂഷണങ്ങളും നാം കാണുകയും കേൾക്കുകയും ചെയ്യുന്നില്ലേ? കപട ആത്മീയതയിൽ കുടുങ്ങിപ്പോകാതിരിക്കാനുള്ള ജാഗ്രത നാം പാലിക്കുന്നുണ്ടോ?

കപട ആത്മീയതയിൽപ്പെട്ട് അനേകർ നശിക്കുന്നു. എന്നാൽ എല്ലാവരും കള്ളന്മാരാണെന്ന് പറഞ്ഞ് സത്യസുവിശേഷത്തിനെതിരെ പുറംതിരിഞ്ഞ് നടക്കുന്നവരും ധാരാളമുണ്ട്. ആശയക്കുഴപ്പം മൂലം ഒരുതരം ആത്മീയമാന്ദ്യം സംഭവിച്ച് പലരും നിഷ്ക്രിയരായിത്തീർന്നിരിക്കുന്നു. ഈ അവസ്ഥയ്ക്ക് എന്താണ് പരിഹാരം? യഥാർത്ഥമായി ആത്മീകരും ദൈവത്തെ സ്നേഹിക്കുന്നവരുമായ ഒരു ശേഷിപ്പ് എന്നും ഉണ്ട്. അവരെ തിരിച്ചറിയുകയും അവരോടൊപ്പം കൂട്ടായ്മ പുലർത്തുകയും ചെയ്യുന്നതാണ് നമുക്ക് ആവശ്യം. ഈ വിഷയങ്ങളിലേക്ക് വിരൽ ചൂണ്ടുന്നതാണ് ഈ ലക്കത്തിലെ സന്ദേശം. അത് വായിക്കുമ്പോൾ ഒരു സ്വയപരിശോധനയ്ക്ക് നമുക്ക് തയ്യാറാകാം.

വിശ്വാസത്യാഗം സംഭവിക്കുമെന്ന് കർത്താവ് സൂചന നൽകിയിട്ടുള്ള ഒരു കാലഘട്ടത്തിലാണ് നാം ആയിരിക്കുന്നത്. വാഗ്ദത്തവചനങ്ങൾ ഹൃദയത്തിൽ സംഗ്രഹിക്കുകയും വായ് കൊണ്ട് ഏറ്റുപറയുകയും ചെയ്താൽ, നമ്മുടെ വിശ്വാസവും പ്രത്യാശയും ശക്തമാകും. കാണിക്കാനിരിക്കുന്ന ദേശത്തേയ്ക്കു പോക എന്ന് ദൈവം പറഞ്ഞ വാക്കിൽ നിന്നും ലക്ഷ്യസ്ഥാനം കാണിച്ചു കൊടുക്കുന്ന ദൈവസാന്നിധ്യം തന്നോടൊപ്പം ഉണ്ടെന്നുള്ള വിശ്വാസത്താൽ അബ്രഹാം ധൈര്യപ്പെട്ടു യാത്രതുടർന്നു. ലോകാവസാനത്തോളം നമ്മോടു കൂടെയുണ്ടന്നുള്ള കർത്താവിന്റെ വാക്കു, നമ്മുടെ വിശ്വാസത്തെയും പ്രത്യാശയെയും ധൈര്യത്തേയും ശക്തീകരിക്കട്ടെ. മഹാപ്രതിഫലം ഉള്ള നിങ്ങളുടെ ധൈര്യം തള്ളിക്കളയരുത് എന്ന കർതൃവചനം തന്റെ സാന്നിധ്യത്തിന്റെ ഉറപ്പാണ് നൽകുന്നത്. മഹാപ്രതിഫലം എന്നത് കർത്താവിന്റെ സാന്നിധ്യം ആണ്.

ഈ ലക്കത്തിലെ എല്ലാ ലേഖനങ്ങളും ചിന്തോദീപകങ്ങളും ആത്മീകവർധനയ്ക്ക് ഉതകുന്നതും അപഗ്രഥിച്ചു പഠിക്കേണ്ടുന്നവയും ആണ്. അപ്രകാരം പ്രയോജനപ്പെടുത്തണമേയെന്ന അഭ്യർത്ഥനയോടെയും, ഏവർക്കും ധൈര്യം പകർന്നു നടത്തട്ടെ എന്ന പ്രാർത്ഥനയോടെയും ഈ ലക്കം പ്രിയവായനക്കാർക്കായി സമർപ്പിച്ചു കൊള്ളുന്നു.

പുസ്തകം 11 ലക്കം 2
ഫെബ്രുവരി 2022

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.

Annual Subscription Rs200.00

**ക്രൂശിന്റെ മിത്രങ്ങളും ശത്രുക്കളും** 4
ജോയ് എം. തോമസ്

**രണ്ടാമൂഴം എന്ന ആനുകൂല്യം** 7
സാജു മാത്യു

**ശ്രദ്ധിക്കുക! യേശുവിനെ അന്വേഷിക്കുന്നവർ ഉണ്ട്** 9
ബാബു ചെറിയാൻ

**നമ്മുടെ മുന്നിൽ വച്ചിരിക്കുന്ന തേജസ്സ്** 11
ചെയ്സ് ജോസഫ്

**അർത്ഥമില്ലാത്ത പ്രയത്നവും...** 13
ബെഞ്ചമിൻ വർഗീസ്

**വാർത്താ വീഥി** 15

**കൗൺസലിംഗ് വീഥി** 16
അനു ഗ്രേസ് ചാക്കോ

**ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കേണമേ** 19
ഷാജി ഉമ്മൻ

**കോപവും തിരക്കഭിനയവും കുഴിച്ചുമൂടാം** 22
ജോർജ് മാത്യു, പുതുപ്പള്ളി

**വനിതാ വീഥി** 24
ജെസ്സി സാജു

**വേദ അധ്യയനം** 26
ജോയ് എം. തോമസ്

**ആഴമുള്ള ജീവിത ദർശനം** 31
എംസി

സന്ദേശം



ജോയ് എം. തോമസ്

# ക്രൂശിന്റെ മിത്രങ്ങളും ശത്രുക്കളും

ക്രൂശിക്കപ്പെട്ട ക്രിസ്തുവിനോട്, ക്രിസ്തുവിൽ വിശ്വസിക്കുന്നു എന്ന് അവകാശപ്പെടുന്നവരുടെ പ്രതികരണം എന്താണ്? മനുഷ്യന്റെ രക്ഷയ്ക്കായി ക്രിസ്തു സ്വീകരിച്ച മാർഗങ്ങളെക്കുറിച്ച് എന്താണ് മനസ്സിലാക്കുന്നത്? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം വളരെ പ്രധാനപ്പെട്ടതാണ്. ക്രിസ്തുവിൽ വിശ്വസിക്കുന്നു എന്നത് മാത്രം പോരാ, ചിന്തയിലും പ്രവർത്തിയിലും നാമോരോരുത്തരും ക്രിസ്തുവിന്റെ പക്ഷത്തോ, എതിർ പക്ഷത്തോ എന്നുള്ളത് ശോധന ചെയ്യേണ്ടിയിരിക്കുന്നു.

അപ്പോസ്തലനായ പൗലോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക, സഹോദരന്മാരെ, നിങ്ങൾ എല്ലാവരും എന്നെ അനുകരിക്കുവിൻ, ഞങ്ങൾ നിങ്ങൾക്ക് കാണിച്ച മാതൃകപ്രകാരം നടക്കുന്നവരെയും കുറിക്കൊള്ളുവിൻ. ഞാൻ പലപ്പോഴും നിങ്ങളോടു പറഞ്ഞതുപോലെ അനേകർ ക്രിസ്തുവിന്റെ ക്രൂശിന് ശത്രുക്കളായി നടക്കുന്നു എന്നു ഇപ്പോൾ കരഞ്ഞുകൊണ്ട് പറയുന്നു. അവരുടെ അവസാനം നാശം, അവരുടെ ദൈവം വയറ്, ലജ്ജ ആയതിൽ അവർക്ക് മാനം തോന്നുന്നു, അവർ ഭൂമിയിലുള്ളത് ചിന്തിക്കുന്നു, നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു. അവിടെ നിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്ന് നാം കാത്തിരിക്കുന്നു. അവൻ സകലവും തനിക്ക് കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തി കൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും (ഫിലിപ്പിയർ 3 :17 -21 ).

സഭയുടെ ആരംഭം മുതൽ വിശ്വാസികൾ അഭിമുഖീകരിച്ച ഒരു പ്രശ്നത്തെക്കുറിച്ച് ആണ് പൗലോസ് സംസാരിക്കുന്നത്. അന്നത്തേക്കാൾ രൂക്ഷമായി ഇന്ന് വിശ്വാസികൾ ഈ പ്രശ്നം നേരിടുന്നു. ദുരുപദേശകരും ജീവിതമാതൃക ഇല്ലാത്തവരും, സഭയുടെ ഉപദേശകരും നേതാക്കളായി രംഗത്തെത്തുന്നതാണ് ഗുരുതരമായ പ്രശ്നം. പുറത്തുനിന്ന് സഭയ്ക്ക് ഉണ്ടായ പീഡനങ്ങളിൽ സഭ തളർന്നിട്ടില്ല; വളർന്നിട്ടേയുള്ളൂ. എന്നാൽ സഭയ്ക്കുള്ളിൽ നിന്നെഴുന്നേറ്റ ദുരുപദേശകർ സഭയെ ഏറെ തകർത്തുകളഞ്ഞു.

അന്നത്തെ വിശ്വാസികൾക്ക് പൗലോസ് അപ്പോസ്തലൻ നൽകിയ പ്രതിവിധി തന്നെയാണ് ഇന്ന് നമുക്കും പ്രയോജനപ്പെടുന്നത്. അനേകർ ക്രൂശിന്റെ ശത്രുക്കളായി നടക്കുന്നു എന്നത് പൗലോസ് കണ്ണുനീർ വാർത്തുകൊണ്ടാണ് പറയുന്നത്. കാരണം ഈ വിഷയം പൗലോസിന്റെ ഹൃദയത്തെ തകർക്കുന്നതാണ്. ഏറെ ക്ലേശങ്ങൾ സഹിച്ചും വിലകൊടുത്തും ആണ് താൻ സുവിശേഷപ്രചരണം നടത്തിയതും, അതുവഴി പലരെയും നിത്യജീവനിലേക്ക് നടത്തിയതും. എന്നാൽ ദുരുപദേശകർ പിശാചിന്റെ ചതിയിൽ അകപ്പെട്ടിരിക്കുകയാൽ, വളരെ വേഗത്തിലും അനായാസമായും ക്രിസ്തുവിൽ നിന്നും ജനങ്ങളെ അടർത്തി മാറ്റുന്നു. ഇത് ക്രിസ്തുവിന്റെ അപ്പോസ്തലന്റെ ഹൃദയത്തെ തകർക്കുന്നതാണ്.

ഇന്ന് ക്രിസ്തീയഗോളത്തിലെ മൂല്യച്യുതി കണ്ട് മനസ്സ് തകരാതെ ഇരിക്കുന്നത് എങ്ങനെ? ദൈവത്തെ സ്നേഹിക്കുന്ന ദൈവമക്കൾക്ക്

ദൈവത്തിന്റെ ഹൃദയവേദന അനുഭവപ്പെടും. അതുകൊണ്ടാണ് പൗലോസ്, ഞാൻ നിങ്ങളെക്കുറിച്ച് ദൈവത്തിന്റെ എരിവോടെ എരിയുന്നു എന്നു കൊരിന്തിലെ വിശ്വാസികൾക്ക് എഴുതിയത് (2 കൊരിന്ത്യർ 11: 2). നമുക്ക് ഈ ഒരു ആത്മഭാരം തോന്നുന്നില്ല, മറിച്ച് കുറ്റം പറഞ്ഞ് രസിക്കുകയാണെങ്കിൽ യേശുക്രിസ്തുവിന്റെ ക്രൂശിന്റെ ശത്രുക്കൾ ആയി മാറുന്നു എന്നതാണ് വാസ്തവം.

ആത്മഭാരം ഉള്ളവർ കരയും, കണ്ണുനീരോടെ ദൈവസന്നിധിയിൽ ഇടിവിൽ നിന്ന് പ്രാർത്ഥിക്കും. കണ്ണീരോടെ വിശ്വാസികളെ പ്രബോധിപ്പിക്കും, പിശാചിന്റെ ചതിയിൽ ആരും അകപ്പെട്ടു പോകാതിരിക്കേണ്ടതിനു ദൈവാത്മാവിന്റെ നിയോഗത്താൽ എന്ത് ചെയ്യുവാൻ കഴിയുമോ അത് ചെയ്യും. വാസ്തവത്തിൽ ചെയ്യേണ്ടത്, കണ്ണുനീരോടു കൂടി പ്രാർത്ഥിക്കുകയും കലർപ്പില്ലാതെ ദൈവവചനം പഠിപ്പിക്കുകയാണ്. ദുരുപദേശത്തെയും ദുരുപദേശകരെയും ജീവിതമാതൃക ഇല്ലാത്തവരെയും വിട്ടൊഴിഞ്ഞ് ക്രിസ്തുവിനെ നോക്കിക്കൊണ്ട് ഓട്ടം തികയ്ക്കുന്നതിന് പ്രോത്സാഹിപ്പിക്കണം.

യേശുക്രിസ്തുവിന്റെ ക്രൂശിന് മിത്രങ്ങളായിരിക്കുന്നവരെ തിരിച്ചറിയുക എന്നതാണ് ഒന്നാമത് ചെയ്യേണ്ടത്. പൗലോസ് അവർക്ക് എഴുതി: സഹോദരന്മാരെ, നിങ്ങൾ എല്ലാവരും എന്നെ അനുകരിപ്പിൻ, ഞങ്ങൾ നിങ്ങൾക്ക് കാണിച്ച മാതൃകപ്രകാരം നടക്കുന്നവരെയും കുറിക്കൊള്ളുവിൻ. അവർക്ക് പൗലോസിനെ അറിയാമായിരുന്നു. പൗലോസും സഹപ്രവർത്തകരും ക്രിസ്തുവിന്റെ മറ്റ് അപ്പോസ്തലന്മാരും കാണിച്ച മാതൃക എന്തെന്ന് അറിയാമായിരുന്നു. അതിനാൽ ആ മാതൃക പ്രകാരം നടക്കുന്നവരെ തിരിച്ചറിയുവാൻ എളുപ്പമായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി അതല്ല, അപ്പോസ്തലന്മാർ കാണിച്ച മാതൃക യേശുവിനെ അനുകരിക്കുന്ന മാതൃക ആയിരുന്നു. ആ മാതൃകപ്രകാരം നടക്കുന്നവരെ നമുക്ക് കുറിക്കൊള്ളുവാൻ കഴിയണം.

ക്രിസ്തുവിനാൽ നിയോഗിക്കപ്പെട്ടവരും ക്രിസ്തുവിനെ അനുകരിക്കുന്നവരുമായ ആത്മീയ ഉപദേഷ്ടാക്കന്മാരും ആത്മീയ നേതാക്കളും ഇന്നത്തെ ഏറ്റവും വലിയ ഒരു അത്യാവശ്യമാണ്. ഇന്ന് ഓരോ സഭയും സ്വീകരിച്ചുവരുന്ന മാനുഷിക മാർഗങ്ങളിലൂടെ അവരെ കണ്ടെത്തുവാൻ കഴിയുന്നതല്ല. ദൈവം പ്രവർത്തിക്കുമ്പോൾ തനിക്ക് തന്റെതായ വഴിയുണ്ട്. നാം ചെയ്യേണ്ടത് ആത്മാർത്ഥതയോടെ, ആത്മഭാരത്തോടെ പ്രാർത്ഥിക്കുക എന്നതാണ്. ദൈവം തെരഞ്ഞെടുക്കുന്ന തന്റെ ഭക്തർക്ക് അംഗീകാരവും കൈത്താങ്ങലും കൊടുത്ത് അവരോട് ചേർന്ന് നിന്ന് പ്രാർത്ഥനയിൽ മുന്നേറണം.

**പിശാചിന്റെ ചതിയിൽ ആരും അകപ്പെട്ടു പോകാതിരിക്കേണ്ടതിനു ദൈവാത്മാവിന്റെ നിയോഗത്താൽ എന്ത് ചെയ്യുവാൻ കഴിയുമോ അത് ചെയ്യണം. വാസ്തവത്തിൽ ചെയ്യേണ്ടത്, കണ്ണുനീരോടു കൂടി പ്രാർത്ഥിക്കുകയും കലർപ്പില്ലാതെ ദൈവവചനം പഠിപ്പിക്കുകയാണ്. ദുരുപദേശത്തെയും ദുരുപദേശകരെയും ജീവിതമാതൃക ഇല്ലാത്തവരെയും വിട്ടൊഴിഞ്ഞ് ക്രിസ്തുവിനെ നോക്കിക്കൊണ്ട് ഓട്ടം തികയ്ക്കുന്നതിന് പ്രോത്സാഹിപ്പിക്കണം.**

ക്രിസ്തുവിന്റെ ക്രൂശിന്റെ മിത്രങ്ങളെ തിരിച്ചറിയുന്നവർക്ക് ക്രൂശിന്റെ ശത്രുക്കളെ തിരിച്ചറിയുവാൻ വേഗത്തിൽ സാധിക്കും. ക്രൂശിന്റെ ശത്രുക്കൾ ക്രിസ്തുവിൽ വിശ്വസിക്കുന്നു എന്ന് അവകാശപ്പെടുന്നവരും ക്രിസ്തുവിനെ പ്രസംഗിക്കുന്നവരും ആണെങ്കിലും അവരുടെ ജീവിതവും പ്രവർത്തന ഉദ്ദേശ്യവും ഭിന്നമാണ്. അപ്പോസ്തലനായ പൗലോസ് അത് വളരെ വ്യക്തമായി നമുക്ക് പറഞ്ഞു തരുന്നുണ്ടല്ലോ.

ഒന്നാമതായി പൗലോസ് പറയുന്നത് അവരുടെ അവസാനം നാശമാണ് എന്നതാണ്. ഇന്നും അവർ കാഴ്ചയിൽ മിടുക്കരും കാര്യങ്ങൾ സാധിക്കുന്നവരും വാചാലത ഉള്ളവരും ആയിരിക്കാം. അതുകൊണ്ടാണ് പലരെയും അവർക്ക് തങ്ങളിലേക്ക് ആകർഷിക്കുവാൻ കഴിയുന്നത്. അവർ പറയുന്ന ഏത് ദുരുപദേശത്തെയും സ്വീകരിക്കുവാനും അവരെ വാനോളം പുകഴ്ത്താനും അവർക്ക് ആരാധകർ ഉണ്ടാവും. എന്നാൽ അവരുടെ അവസാനം നാശം ആണ്.

ആസാഫ് അഭിമുഖീകരിച്ച ഒരു ആശയക്കുഴപ്പം എഴുപത്തിമൂന്നാം സങ്കീർത്തനത്തിൽ വിവരിച്ചിരിക്കുന്നത് ഇവിടെ ചിന്തനീയമാണ്. ആസാഫ് ഒരുവശത്തു കാണുന്നത് നിർമ്മല ഹൃദയം

ഉള്ളവരെയും, മറുവശത്ത് കാപട്യം ഉള്ള ദുഷ്ടന്മാരെയും ആണ്. ആസാഫ് പറയുന്നു: ദുഷ്ടന്മാരുടെ സൗഖ്യം കണ്ടിട്ട് എനിക്ക് അഹങ്കാരികളോട് അസൂയ തോന്നി, അവർക്ക് വേദന ഒട്ടും ഇല്ലല്ലോ. അവരുടെ ദേഹം തടിച്ചുരുണ്ടിരിക്കുന്നു, അവർ നിത്യം സ്വസ്ഥത അനുഭവിച്ചു സമ്പത്ത് വർദ്ധിപ്പിക്കുന്നു എന്ന് പന്ത്രണ്ടാം വാക്യത്തിലും കുറിച്ചിരിക്കുന്നു. തന്റെ ഹൃദയത്തെ ശുദ്ധീകരിച്ചതും കൈകളെ കുറ്റം ഇല്ലായ്മയിൽ കഴുകിയതും വ്യർത്ഥമായിപ്പോയോ എന്ന് ആസാഫ് ചിന്തിച്ചുപോയി. ഇതുപോലുള്ള ആശയക്കുഴപ്പം ഇന്നും പലർക്കുമുണ്ട്. ഇന്നത്തെ അവസ്ഥ കണ്ടു ഈ ലോകത്തെക്കുറിച്ച് ആശ നൽകുന്ന വചനങ്ങൾ കേട്ട് അനേകർ ദുരുപദേശങ്ങളിൽ കുടുങ്ങിപ്പോകുന്നു. ആസാഫ് തന്റെ ആശയക്കുഴപ്പം പരിഹരിക്കുവാൻ ചെയ്തത്, ദൈവത്തിന്റെ വിശുദ്ധമന്ദിരത്തിൽ ചെന്ന് ശാന്തമായിരുന്ന് അവരുടെ അവസാനം എന്താകുമെന്ന് ചിന്തിക്കുകയായിരുന്നു. അവരുടെ അവസാനം നാശം ആണെന്ന് കണ്ടെത്തിയ ആസാഫിന്റെ ആശയക്കുഴപ്പം മാറി. താൻ നിർമ്മല ഹൃദയത്തോടെ ദൈവത്തെ സേവിക്കുന്നത് അവസാനം നിത്യതയിൽ എത്തുവാൻ ആണ്. ആത്മീയജീവിതത്തിന്റെ ശരിയായ ഉദ്ദേശ്യം അതാണ്. ദുരുപദേശകാരായി ക്രിസ്തുവിന്റെ ക്രൂശിന്റെ ശത്രുക്കളായി നടക്കുന്നവരുടെ അവസാനം നാശമാണ് എന്നത് കുറിക്കൊള്ളുവാൻ പൗലോസ് നമ്മെ പ്രബോധിപ്പിക്കുന്നു.

രണ്ടാമതായി പൗലോസ് പറയുന്നത് അവരുടെ ദൈവം വയർ എന്നാണ്. സാമ്പത്തികനേട്ടം എന്ന ലക്ഷ്യത്തിലാണ് അവരുടെ സുവിശേഷപ്രവർത്തനങ്ങൾ. അതുകൊണ്ട് അവർ സാമ്പത്തിക നേട്ടങ്ങളുടെ മോഹനവാഗ്ദാനങ്ങൾ പ്രസംഗിച്ച്, പ്രാർത്ഥിച്ച്, അജ്ഞരായ ജനങ്ങളെ ചൂഷണം ചെയ്യുന്നു. എവിടെയൊക്കെ സമ്പത്തിനെ ഉയർത്തി കാണിക്കുന്നുവോ അവിടെയെല്ലാം അവരുടെ ദൈവം പണമാണ് എന്നത് നാം തിരിച്ചറിയണം. യഥാർത്ഥ ദൈവീക ശുശ്രൂഷകർ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ ഉയർത്തുകയും ദൈവം ദാനമായി നൽകുന്ന രക്ഷയുടെ പൂർത്തീകരണത്തെക്കുറിച്ച് സംസാരിച്ച് ജനങ്ങളെ കർത്താവിന്റെ മടങ്ങിവരവിനായി ഒരുക്കുന്നവരും ആകുന്നു.

മൂന്നാമതായി പൗലോസ് അവരെക്കുറിച്ച് പറയുന്നത് ലജ്ജ ആയതിൽ അവർക്ക് മാനം

**ചപ്പും ചവറും ആയി കണ്ട കാര്യങ്ങളെ ക്രൂശിന്റെ ശത്രുക്കൾ മാനമായി കാണുകയും അതേക്കുറിച്ച് പൊങ്ങച്ചം പറയുകയും ചെയ്യുന്നു. ഇന്നും നാംകേൾക്കുന്ന അനേക സാക്ഷ്യങ്ങൾ ഇപ്രകാരമുള്ള പൊങ്ങച്ചങ്ങൾ ആണെന്നുള്ളതാണ് പരമാർത്ഥം**

തോന്നുന്നു എന്നാണ്. അതായത് ലജ്ജ ആയ കാര്യങ്ങളെക്കുറിച്ച് അവർ പൊങ്ങച്ചം പറയുന്നു. പൗലോസും ക്രിസ്തുവിന്റെ അപ്പോസ്തലന്മാരും, അവരുടെ മാതൃക കുറിക്കൊള്ളുന്നവരും, ഈ ലോകത്തിൽ ലാഭം എന്ന് കരുതുന്ന പലതും ചപ്പും ചവറും ആയി കാണുന്നവരും ആയിരുന്നു. അവർ ചപ്പും ചവറും ആയി കണ്ട കാര്യങ്ങളെ ക്രൂശിന്റെ ശത്രുക്കൾ മാനമായി കാണുകയും അതേക്കുറിച്ച് പൊങ്ങച്ചം പറയുകയും ചെയ്യുന്നു. ഇന്നും നാം ആത്മീയ ഗോളത്തിൽ കേൾക്കുന്ന അനേക സാക്ഷ്യങ്ങൾ ഇപ്രകാരമുള്ള പൊങ്ങച്ചങ്ങൾ ആണെന്നുള്ളതാണ് പരമാർത്ഥം. നമുക്ക് അത് വിവേചിച്ച് അറിയുവാൻ ദൈവം കൃപ തരട്ടെ.

നാലാമതായി അവരെക്കുറിച്ച് പറഞ്ഞിരിക്കുന്നത്, അവർ ഭൂമിയിലുള്ളത് ചിന്തിക്കുന്നു എന്നാണ്. ഭൂമിയിലുള്ളത് ചിന്തിക്കുന്നവരുടെ ലക്ഷ്യം ഭൂമിയിലുള്ള നേട്ടങ്ങൾ വാരിക്കൂട്ടുക എന്നതായിരിക്കും. അവർക്ക് പ്രസംഗിക്കുവാൻ ഉള്ളതും സാക്ഷ്യം പറയാനുള്ളതും എല്ലാം അത് തന്നെയായിരിക്കും. ഇവർ ക്രൂശിന് ശത്രുക്കളായി നടക്കുന്നവരാണ്

**ക്രൂശിന്റെ മിത്രങ്ങൾ തങ്ങളുടെ പൗരത്വം സ്വർഗ്ഗത്തിലാണന്നും ഇവിടെ തങ്ങൾ പരദേശികൾ ആണെന്നും തിരിച്ചറിയുന്നു.** അതിനാൽ അവരുടെ പ്രത്യാശ വേഗംവരുന്ന കർത്താവായ യേശുക്രിസ്തുവിൽ ആണ്. കർത്താവ് വരുമ്പോൾ തങ്ങളുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമാക്കും എന്നുള്ളത് കൊണ്ട് വളരെ ആകാംക്ഷയോടെ കർത്താവിന്റെ മടങ്ങിവരവിനായി കാത്തിരിക്കുന്നു. പ്രിയരേ, നമുക്ക് ക്രിസ്തുവിന്റെ ക്രൂശിന്റെ മിത്രങ്ങൾ ആയിരിക്കാം. അങ്ങനെയുള്ളവരെ കുറിക്കൊള്ളാം. അവരോടൊപ്പം കൂട്ടായ്മ ഉള്ളവരായി കർത്താവിന്റെ വരവിനായി ഒരുങ്ങിയിരിക്കുക. ദൈവം അതിന് കൃപ നൽകട്ടെ. ●



സാജു മാത്യു

# രണ്ടാമൂഴം എന്ന ആനുകൂല്യം

*യഹോവയുടെ അരുളപ്പാട് രണ്ടാം പ്രാവശ്യവും യോനായ്ക്കുണ്ടായതെന്തെന്നാൽ: നീ പുറപ്പെട്ടു മഹാനഗരമായ നിനെവെയിലേക്കു ചെന്നു ഞാൻ നിന്നോടു അരുളിച്ചെയ്യുന്ന പ്രസംഗം അതിനോടു പ്രസംഗിക്കുക (യോനാ 3:12).*

**ചി**ല മഹത്വ്യക്തികളുടെ കരുണ നമ്മുടെ ചിന്തയ്ക്കപ്പുറത്താണ്. തോമസ് ആൽവാ എഡിസൺ അത്തരത്തിലൊരു വ്യക്തിയായിരുന്നു. അദ്ദേഹമാണു ഇലക്ട്രിക് ബൾബ് കണ്ടുപിടിച്ചതെന്നു നമുക്കറിയാം. എത്രയോ കാലത്തെ പരീക്ഷണത്തിനു ശേഷമാണ് അദ്ദേഹത്തിന്റെ പരീക്ഷണം വിജയത്തിലെത്തിയത്?

ദീർഘകാലത്തെ പരീക്ഷണ നിരീക്ഷണങ്ങൾക്ക് ശേഷം രൂപകല്പന ചെയ്ത ആദ്യത്തെ ബൾബിനു ഇന്നത്തെപ്പോലൊരു ചെറിയ രൂപമായിരുന്നില്ല ഉണ്ടായിരുന്നത്. എഡിസന്റെ പരീക്ഷണശാലയിൽ യുവശാസ്ത്രജ്ഞന്മാരുടെ വലിയൊരു സംഘം 24 മണിക്കൂർ കഠിനാധ്വാനം ചെയ്ത് ആ ബൾബുണ്ടാക്കിയപ്പോൾ എല്ലാവരും ചേർന്നു വിജയാരവം മുഴക്കി. സാമാന്യം വലിപ്പമുള്ള ആ ബൾബ് മുകളിലത്തെ നിലയിൽ കൊണ്ടുവയ്ക്കുവാൻ എഡിസൺ അതു ഓഫീസ് ബോയിയുടെ കൈകളിൽ ഏല്പിച്ചു. തന്റെ ബോസിന്റെയും സഹായികളുടെയും കഷ്ടപ്പാടു കണ്ടുകൊണ്ടിരുന്ന ബോയ് വളരെ ശ്രദ്ധയോടെ അതു കൈകളിൽ സ്വീകരിച്ച് ഓരോ ചുവടുകളും ശ്രദ്ധിച്ച് മുകളിലേക്കു കയറി. ലോകത്തിലെ ആദ്യത്തെ ഇലക്ട്രിക് ബൾബ് കയ്യിൽ കിട്ടിയതിന്റെ ആവേശം അവനുണ്ടായിരുന്നു. എന്നാൽ, ആ ആവേശത്തിനൊടുവിൽ കോണിപ്പടിയുടെ മുകളിലെത്തിയപ്പോൾ, അറിയാതെ ബൾബ് അവന്റെ കൈകളിൽനിന്നു താഴെവീണു! യുവശാസ്ത്രജ്ഞന്മാരുടെ 24 മണിക്കൂർ നേരത്തെ അധ്വാനം തവിടുപൊടിയായി.

എല്ലാവരും ആകെ വിഷമിച്ചു. എഡിസണിൽനിന്നു വലിയൊരു പൊട്ടിത്തെറി എല്ലാവരും പ്രതീക്ഷിച്ചു. എന്നാൽ, അദ്ദേഹം ശാന്തനായി പരീക്ഷണശാലയിലേക്കു കയറി. ശാസ്ത്രജ്ഞരുടെ സംഘത്തെ വീണ്ടും വിളിച്ചുചേർത്തു. വീണ്ടും 24 മണിക്കൂർ വിശ്രമമില്ലാതെ അധ്വാനിച്ചു ഒടുവിൽ ബൾബ് നിർമിക്കപ്പെട്ടു!

എഡിസൺ പുതിയ ബൾബുമായി പരീക്ഷണശാലയ്ക്കു പുറത്തിറങ്ങി. എല്ലാവരും ചിന്തിച്ചതു അദ്ദേഹം ഇത്തവണ ബൾബുമായി സ്റ്റെപ്പുകൾ കയറുമെന്നായിരുന്നു. എന്നാൽ, അദ്ദേഹം ആദ്യത്തെ ബൾബ് പൊട്ടിച്ച ഓഫീസ് ബോയിയെ ശാന്തമായി വിളിച്ചു. പേടിച്ചു വിറച്ച് അവൻ ഓടിവന്നു. ഒരു ഭാവഭേദവുമില്ലാതെ ബൾബ് അവന്റെ കയ്യിൽ കൊടുത്തിട്ട് എഡിസൺ അതു മുകളിലത്തെ നിലയിൽ കൊണ്ടുപോയി ഫിക്സ് ചെയ്യുവാൻ ആവശ്യപ്പെട്ടു. ഒരു സാധാരണ വ്യക്തിയിൽനിന്നു നമുക്കു പ്രതീക്ഷിക്കുവാൻ കഴിയാത്ത കാര്യം.

ദൈവവും അങ്ങനെ തന്നെ എല്ലായ്പ്പോഴും ഒരു 'രണ്ടാമൂഴം' തരുവാൻ കരുണയുള്ളവനാണ്. പ്രവാചകനായ യോനായ്ക്കു ദൈവം ഒരു രണ്ടാമൂഴം (second chance) നല്കുന്ന ചരിത്രമാണു നാം യോനാ3:1-10 വരെ വേദഭാഗത്തു കാണുന്നത്!"യഹോവയുടെ അരുളപ്പാട് രണ്ടാംപ്രാവശ്യവും യോനായ്ക്കുണ്ടായതെന്തെന്നാൽ: നീ പുറപ്പെട്ടു മഹാനഗരമായ നീനെവേയിലേക്കു ചെന്നു ഞാൻ നിന്നോടു അരുളിച്ചെയ്യുന്ന പ്രസംഗം അതിനോടു പ്രസംഗിക്ക" (യോനാ 3:1,2).

യോനായുടെ പുസ്തകം ഒന്നാം അധ്യായത്തിൽ നീനെവേയിലേക്കു പോകുവാൻ ദൈവ

ത്തിന്റെ നിയോഗം ലഭിച്ചിട്ടും അതിനു മനസില്ലാതെ സ്വന്തയിഷ്ടപ്രകാരം ദൈവത്തിന്റെ നിയോഗത്തിൽനിന്നും സാന്നിധ്യത്തിൽനിന്നും ഒളിച്ചോടുന്ന യോനായെയാണ് നാം കാണുന്നത്. മത്സരത്തിന്റെ ഒന്നാം അധ്യായത്തിൽ നിന്നു കാരുണ്യസ്വീകരണത്തിന്റെ ഈ മൂന്നാം അധ്യായത്തിലേക്കു ഒരു ഇടനാഴിയുണ്ട്. അതാണു യോനായുടെ പുസ്തകത്തിന്റെ രണ്ടാം അധ്യായം!

യോനാ എന്ന പ്രവാചകന്റെ വചനങ്ങളിലൂടെ നിനെവെയിലെ ദുഷ്ടജനങ്ങളെ മാനസാന്തരത്തിലേക്കു നയിക്കുകയായിരുന്നു ദൈവത്തിന്റെ പദ്ധതി. എന്നാൽ, നീനെവേയിലെ ജനങ്ങൾ മാനസാന്തരപ്പെടരുതെന്നും അവർ ദൈവക്രോധത്തിന്റെ തീയിൽ വെന്തുപോകണമെന്നുമായിരുന്നു യോനായുടെ ആഗ്രഹം. യിസ്രായേലിനെ രക്ഷിക്കുകയും മറ്റുള്ളവരെ എല്ലായ്പ്പോഴും ശിക്ഷിക്കുകയും ചെയ്യുന്ന ഒരു ദൈവമായിരിക്കണം യഹോവ എന്നു യോനാ പ്രതീക്ഷിച്ചു. മറ്റുള്ളവരെക്കൂടെ-പ്രത്യേകിച്ചു യിസ്രായേലിന്റെ ശത്രുക്കളായ അശൂർ ജനതയെ (അശൂരിന്റെ തലസ്ഥാമാണു നീനവേ) ദൈവം രക്ഷിക്കുന്നതും അവരെ കരുതുന്നതും യോനായ്ക്കു ആലോചിക്കുവാൻകൂടി കഴിയുന്നില്ല. ദൈവത്തിന്റെ പദ്ധതിയിൽ പങ്കാളിയാകുന്നതിനു പകരം യഹോവയുടെ നിയോഗത്തിൽനിന്നും സാന്നിധ്യത്തിൽനിന്നും യോനാ ഒളിച്ചോടി (യോനാ 1:3).

എന്നാൽ, യോനായെ ദൈവം കൈവിടുന്നില്ല. ദൈവത്തിന്റെ സന്നിധിയിൽനിന്നു ഒളിച്ചോടിയ വ്യക്തിയായിരുന്നിട്ടും ദൈവം യോനായുടെ പിന്നാലെ പോകുന്നു. അവൻ കയറിയ കപ്പലിൽ ദൈവവും കയറി. യോനാ ഉറങ്ങുമ്പോഴും ദൈവം ഉറങ്ങാതിരുന്നു. കാരണം, ദൈവത്തിനു യോനായെ ഉപേക്ഷിച്ചുകൂടാ. ദൈവത്തിന്റെ പദ്ധതയിൽ യോനായ്ക്കു ഒരു പങ്കാളിത്തം തന്റെ കരുണയിൽ ദൈവം തനിക്കു ചെയ്തുകൊടുത്തതാണ്. വേണമെങ്കിൽ ദൈവത്തിനു യോനായെ അവന്റെ വഴിക്കു വിടാം. എന്നാൽ, ദൈവം അങ്ങനെ ചെയ്യുകയില്ല. കാരണം, ദൈവം ദൈവമാണ്. ദൈവത്തിനു തന്റെ സ്വഭാവം ത്യജിക്കുവാൻ കഴികയില്ല. ദൈവം കാറ്റിനെ അടിപ്പിച്ചു; കടലിനെ ഇളക്കി: കപ്പലിനെ വലച്ചു. ദൈവത്തിനു യോനായെ വേണം! ദൈവം അവനെ കപ്പലിൽനിന്നു ചാടിച്ചു, മത്സ്യത്തിന്റെ വയറ്റിലാക്കി, ഒടുവിൽ കരയിൽ ഛർദിപ്പിച്ചു. ദൈവം യോനായെ സ്നേഹിച്ചു.

ചിലപ്പോഴൊക്കെ നാം ആടുകളെപ്പോലെ തെറ്റിയുഴലുമ്പോഴും ദൈവത്തിനു നമ്മോടുള്ള സ്നേഹത്തിനു കുറവുവരുന്നില്ല. ദൈവത്തിന്റെ പക്കൽ തെറ്റിപ്പോകുന്നവർക്കുവേണ്ടി ഒരു രണ്ടാമൂഴം എപ്പോഴുമുണ്ട്. ഡേവിഡ് വിൽക്കേഴ്സൺ വിശ്വാസത്തിലേക്കു നയിച്ച നിക്കിക്രൂസ് എന്ന ഗുണ്ടാത്തലവന്റെ ചരിത്രം നമുക്കറിയാമായിരിക്കണം. ആ ചരിത്രം വിവരിക്കുന്ന ഡേവിഡ് വിൽക്കേഴ്സന്റെ പുസ്തകമാണ് “ക്രോസ് ആന്റ് ദി സ്വിച്ച്ബ്ലേഡ്” (Cross and switch blade). ഈ ചരിത്രം നിക്കിക്രൂസ് തന്നെ ആത്മകഥാരൂപത്തിലെഴുതിയ പുസ്തകമാണ് “റൺ ബേബി റൺ” (Run Baby Run).

ചരിത്രം ഇങ്ങനെയാണ്: ന്യൂയോർക്ക് പട്ടണത്തിലെ കൗമാരപ്രായക്കാരുടെ ഗുണ്ടാസംഘങ്ങളിൽ (Gangs) പ്രധാനപ്പെട്ടതായിരുന്നു ‘‘മ്യാവു മ്യാവു’’(Mau-Mau).അതിന്റെ പ്രസിഡന്റ് പോർട്ടാറിക്കോക്കാരൻ യിസ്രായേൽ എന്ന വ്യക്തിയായിരുന്നു. പിടിച്ചുപറിയും കൊള്ളയും നടത്തുന്ന ഈ സംഘങ്ങൾ മയക്കുമരുന്നിന്റെ വിപണന, ഉപഭോഗകേന്ദ്രങ്ങളുമാണ്. പലപ്പോഴും ഇന്നത്തെപ്പോലെതന്നെ ഗുണ്ടാസംഘങ്ങൾ തമ്മിൽ ഏറ്റുമുട്ടി. മ്യാവു മ്യാവു സംഘത്തിന്റെ യുദ്ധനായകൻ നിക്കിക്രൂസ് ആയിരുന്നു. കൊല്ലാനും തിന്നാനും യാതൊരു മടിയുമില്ലാത്ത കഠിനഹൃദയൻ. ഒരുപക്ഷേ ഈ സംഘങ്ങളിലെ ഏറ്റവും നിഷ്ഠൂരനായ പോരാളിയും നിക്കിക്രൂസ് തന്നെയായിരുന്നു.

ഈ യുവാക്കളെ ക്രിസ്തുവിങ്കലേക്കു നയിക്കുവാനുള്ള മഹാദൗത്യവുമായാണു ഡേവിഡ് വിൽക്കേഴ്സൺ ന്യൂയോർക്കിലെത്തുന്നത്. ജീവൻ പണയംവച്ചുള്ള ഒരു പോരാട്ടമായിരുന്നു അത്. തന്റെ ദൗത്യത്തിന്റെ ഒടുവിൽ ഡേവിഡ് വിൽക്കേഴ്സൺ വിജയിക്കുകതന്നെ ചെയ്തു. ഈ ഗുണ്ടാസംഘങ്ങളെയും വച്ചു നടത്തിയ ഒരു സുവിശേഷയോഗത്തിൽ നിക്കിയും യിസ്രായേലും ഉൾപ്പെടെയുള്ള അനേക ഗുണ്ടകൾ യേശുവിനായി ജീവിക്കുവാൻ തീരുമാനിച്ചു. തനിക്കു ലഭിച്ച വേദപുസ്തകം തുറന്നു വായിച്ച യിസ്രായേൽ തന്റെ പേര് വേദപുസ്തകത്തിന്റെ പല പേജുകളിൽകണ്ട് അത്ഭുതപ്പെടുന്ന രംഗം ‘ക്രോസ് ആന്റ് സ്വച്ച് ബ്ലേഡ്’ എന്ന ഫിലിമിലെ മനോരഹമായ ഒരു സീനാണ്.

ശേഷം പേജ് 29 ▶



ബാബു ചെറിയാൻ

# ശ്രദ്ധിക്കുക! യേശുവിനെ അന്വേഷിക്കുന്നവർ ഉണ്ട്

***പെരുന്നാളിൽ നമസ്കരിക്കാൻ വന്നവരിൽ ചില യവനന്മാർ ഉണ്ടായിരുന്നു. ഇവർ ഗലീലയിലെ ബേത്ത്സയിദക്കാരനായ ഫിലിപ്പോസിന്റെ അടുക്കൽ ചെന്ന് അവനോടു: യജമാനനെ, ഞങ്ങൾക്ക് യേശുവിനെ കാണുവാൻ താല്പര്യമുണ്ട് എന്ന് അപേക്ഷിച്ചു (യോഹന്നാൻ 12 : 20, 21).***

യവനന്മാർ പൊതുവേ അന്വേഷകർ ആണ്. അവർക്ക് വേണ്ടത് അത്ഭുതങ്ങൾ അല്ല, കാര്യസാധ്യവുമല്ല. അവർക്ക് വേണ്ടത് മനുഷ്യനെയാണ്: പൂർണ്ണമനുഷ്യനെ, മനുഷ്യത്വമുള്ള മനുഷ്യനെ. പട്ടാപ്പകൽ റാന്തൽവിളക്കും ഉയർത്തിപ്പിടിച്ച് ഗ്രീസിലെ തെരുവിലൂടെ ഒരു മനുഷ്യനെ തെരഞ്ഞ് നടന്ന കൂട്ടരില്ലേ? അവർ തത്വചിന്തകർ ആണ്. സക്കായിയെ പോലെയോ രക്തസ്രാവക്കാരിയെ പോലെയോ നിക്കോദേമോസിനെ പോലെയോ അല്ല ഈ കൂട്ടർ എന്ന് നന്നായി അറിയാവുന്ന കർത്താവ്, അവർക്ക് കൊടുത്ത മറുപടി തികച്ചും വ്യത്യസ്തമായിരുന്നു. ഞാൻ മരിക്കാൻ വേണ്ടി വന്നവനാണ്, അതിന്റെ സമയം ഏതാണ്ട് അടുത്തിട്ടുണ്ട്. അതുകഴിഞ്ഞ് ഞാൻ ഉയിർക്കും. അതിനു ശേഷം ഞാൻ തേജസ്കരിക്കപ്പെടും. ആ യേശുവിനെയാണ് നിങ്ങൾ കാണേണ്ടത്. പക്ഷേ ആ തേജസ്കരണത്തിലേക്കുള്ള വഴി മരണമാണ്. അത് നിങ്ങൾക്ക് അംഗീകരിക്കാൻ കഴിയുമോ? ഇതാണ് യേശു അവർക്കു കൊടുത്ത മറുപടിയുടെ (യോഹന്നാൻ 12:24) അർഥം.

നിങ്ങൾ തത്വജ്ഞാനം കൊണ്ട് ചിലരെ ശിഷ്യരാക്കും. ഞാൻ മരണം കൊണ്ട് അനേകരെ നിത്യതയിലേക്ക് നയിക്കും. താല്പര്യമുണ്ടോ മരിക്കാൻ? ഞാൻ അനേകർക്ക് വേണ്ടി മുന്നോടിയായി മരിക്കും. എന്നെ അനുഗമിക്കുന്നവനും സ്വന്തം ജീവൻ പോലും നിത്യ ജീവനുവേണ്ടി ത്യജിക്കുവാൻ തയ്യാറാകണം. ഈ യേശുവിനെ വേണോ? യവനന്മാർ ഏതു വഴി പോയെന്ന് പിന്നെ കാണുന്നില്ല.

**യേശുവിനെ കാണാൻ താല്പര്യമില്ലാത്തവർ കുറവാണ്. പക്ഷേ രണ്ടു പ്രശ്നമാണ് തടസ്സം. ഒന്ന്, കാണിക്കാൻ ആളില്ല എന്നതാണ്. കണ്ടവർക്ക് അല്ലേ കാണിക്കാൻ പറ്റൂ...**

യേശുവിനെ കാണാൻ താല്പര്യമില്ലാത്തവർ കുറവാണ്. പക്ഷേ രണ്ടു പ്രശ്നമാണ് തടസ്സം. ഒന്ന്, കാണിക്കാൻ ആളില്ല എന്നതാണ്. കണ്ടവർക്ക് അല്ലേ കാണിക്കാൻ പറ്റൂ... രണ്ടാമത്തെ പ്രശ്നം കർത്താവ് ആഗ്രഹിക്കുന്നത് പോലെ കർത്താവിനെ കാണാൻ പലർക്കും താല്പര്യം ഇല്ലാത്തതാ

ണ്. യേശുവിനെ കാണുവാൻ ആഗ്രഹിക്കുന്നവർ സഭയിലേക്ക് ആണ് വരുന്നത്. അവിടെ വന്നാൽ കാണാൻ പറ്റുമോ? വാസ്തവത്തിൽ കർത്താവിന്റെ സാന്നിധ്യം നമ്മുടെ സഭയിൽ വെളിപ്പെടുന്നുണ്ടോ? ഉണ്ടെങ്കിൽ നമ്മുടെ മക്കൾ എങ്കിലും അത് കാണുമായിരുന്നില്ലേ? ഇന്നത്തെ സഭകളിൽ കർത്താവിനെ കാണിക്കുവാൻ കഴിയുന്ന എത്രപേരുണ്ട്? അനുഭവസമ്പന്നരായ ദൈവമക്കളുടെ അഭാവം ഒരു വലിയ തടസ്സം തന്നെയാണ്. ആരാധനയിലെ ദൈവസാന്നിധ്യവും ദൈവശക്തിയും ഇന്ന് കാണത്തക്കവണ്ണം പല സഭകളിലും ഇല്ലല്ലോ. ആരെങ്കിലും പുതിയതായി യേശുവിനെ ത്തേടി സഭയിലേക്കു വരുന്ന സാഹചര്യത്തിൽ: എല്ലാവരും പ്രവചിക്കുന്നു എങ്കിലോ, അവിശ്വാസിയോ ആത്മവരമില്ലാത്തവനോ അകത്തുവന്നാൽ എല്ലാവരുടെ വാക്കിനാലും അവനു പാപബോധം വരും; അവൻ എല്ലാവരാലും വിവേചിക്കപ്പെടും. അവന്റെ ഹൃദയരഹസ്യങ്ങളും വെളിപ്പെട്ടുവരും; അങ്ങനെ അവൻ കവിണ്ണുവീണു, ദൈവം വാസ്തവമായി നിങ്ങളുടെ ഇടയിലുണ്ട് എന്ന് ഏറ്റുപറഞ്ഞു ദൈവത്തെ നമസ്കരിക്കും (1 കൊരിന്ത്യർ 14: 24,25 ).

നമുക്ക് ഈ പുതുവർഷത്തിൽ ഒന്ന് പൊട്ടിക്കരയാം. നമ്മുടെ ആരാധനകൾ ചടങ്ങ് പരിപാടി ആകാതിരിക്കട്ടെ. പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങൾ നമ്മുടെ സഭകളിൽ വിളങ്ങട്ടെ. നമ്മളെ കണ്ടാൽ ആരു വരാനാ..? നമ്മുടെ കർത്താവിനെ കണ്ടാൽ ആരാണ് വരാത്തത്?

ഞാൻ ഭൂമിയിൽ ഉയർത്തപ്പെട്ടാൽ അനേകരെ തങ്കലേക്ക് ആകർഷിക്കുമെന്ന് കർത്താവ് പറഞ്ഞു. മോശെ മരുഭൂമിയിൽ പിച്ചളസർപ്പത്തെ ഉയർത്തിയത് പോലെ മനുഷ്യപുത്രനെയും ഉയർത്തേണ്ടത് ആകുന്നു എന്ന് അവിടുന്ന് അരുളിച്ചെയ്തിട്ടുണ്ട് (യോഹന്നാൻ 3 :14, 12:32).

**എങ്ങനെയൊക്കെ യേശുവിനെ നമുക്കുയർത്താം?**

**1. ഉയർത്തേണ്ടത് യേശുവിനെ മാത്രം.**

ആരാധനയിൽ നാം നമ്മെ ഉയർത്താതെ, പ്രസ്ഥാനത്തെ ഉയർത്താതെ, നേതാക്കളെ ഉയർത്താതെ, രക്തം തന്നു നമ്മെ സ്നേഹിച്ച യേശു കർത്താവിനെ ഉയർത്തുക. ആരാധനയുടെ അധികസമയവും അവിടുത്തെ നാമത്തെ, സ്നേഹത്തെ, മഹിമകളെ നമുക്ക് വർണ്ണിക്കാം. കാനായിലെ കല്യാണവീട് പോലെ നമ്മുടെ സഭകൾ ദൈവമഹത്വം കൊണ്ട് നിറയട്ടെ.

> **വാസ്തവത്തിൽ കർത്താവിന്റെ സാന്നിധ്യം നമ്മുടെ സഭയിൽ വെളിപ്പെടുന്നുണ്ടോ? ഉണ്ടെങ്കിൽ നമ്മുടെ മക്കൾ എങ്കിലും അത് കാണുമായിരുന്നില്ലേ? ഇന്നത്തെ സഭകളിൽ കർത്താവിനെ കാണിക്കുവാൻ കഴിയുന്ന എത്രപേരുണ്ട്? അനുഭവസമ്പന്നരായ ദൈവമക്കളുടെ അഭാവം ഒരു വലിയ തടസ്സം തന്നെയാണ്.**

**2. സുവിശേഷ പ്രസംഗത്തിലൂടെ നമുക്ക് യേശുവിനെ ഉയർത്താം.**

ഓരോ വിശ്വാസിയും സുവിശേഷകൻ ആണ്. രാജകീയ പുരോഹിത വർഗ്ഗമാണ്. സുവിശേഷം അറിയിക്കുന്നില്ലെങ്കിൽ നമുക്ക് അയ്യോ കഷ്ടം. എഴുത്തുകളിലൂടെയും പ്രഭാഷണങ്ങളിലൂടെയും സോഷ്യൽ മീഡിയയിലൂടെയും നമുക്ക് യേശുവിനെ ഉയർത്താം. ഇനിയും അധികസമയം നമ്മുടെ മുൻപിൽ ഇല്ലല്ലോ.

**3. സൽ പ്രവർത്തികളിലൂടെ നമുക്ക് യേശുവിനെ ഉയർത്താം.**

യേശുകർത്താവ് രോഗികളെയും അശരണരെയും കണ്ടപ്പോൾ മനസ്സലിഞ്ഞു. ഓരോരുത്തരുടെയും ആവശ്യാനുസരണം അവരെ സഹായിച്ചു. ഇന്നത്തെ സമൂഹത്തിൽ യേശുവിനെ ഉയർത്തുവാൻ ധാരാളം അവസരങ്ങൾ ഉണ്ട്. കണ്ണ് തുറന്നു നോക്കിയാൽ മതി. നിങ്ങൾ തല ഉയർത്തി നോക്കിയാൽ നിലങ്ങൾ ഇപ്പോൾ തന്നെ കൊയ്ത്തിനു വെളുത്തിരിക്കുന്നു എന്ന് കാണാവുന്നതാണ് .

ഈ തലമുറയ്ക്ക് യേശുവിനെ കാണുവാൻ താല്പര്യമുണ്ട്. ഒരുപക്ഷേ നേതാക്കളെ കാണുവാൻ താല്പര്യമില്ലായിരിക്കും. പക്ഷേ യേശുവിനെ കാണുവാൻ അനേകർക്ക് ആഗ്രഹമുണ്ട്. സക്കായിക്ക് തടസ്സമായത് അടുത്ത് നിൽക്കുന്നവരായിരുന്നുവല്ലോ. നമ്മൾ ആർക്കും തടസ്സം ആകാതിരിക്കട്ടെ. പക്ഷേ, സക്കായി വിട്ടില്ല, അവൻ മുന്നോട്ട് ഓടി. നിന്റെ വീട്ടിലും പാർക്കുവാൻ അവിടുന്ന് ഒരുക്കമാണ്. തടസ്സം നിന്നവർക്ക് ലഭിക്കാത്ത ഭാഗ്യം മുന്നോട്ട് ഓടിയ സക്കായിക്ക് ലഭിച്ചു. ഹല്ലേലൂയാ... ●



# നമ്മുടെ മുന്നിൽ വച്ചിരിക്കുന്ന തേജസ്സ്

ചെയ്സ് ജോസഫ്

***എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ, സകലവും നന്മയ്ക്കായി കൂടി വ്യാപാരിക്കുന്നു എന്ന് നാം അറിയുന്നു (റോമർ 8 :28).***

**എ**ല്ലാം നന്മയ്ക്കായി കൂടിവ്യാപരിക്കുന്ന ദൈവസ്നേഹം. ദൈവത്തിന്റെ നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു സംഭവിക്കുന്നത് എല്ലാം നന്മയ്ക്കായിരിക്കും എന്ന് ഈ വചനം പറയുന്നു. എല്ലാം നന്മയ്ക്കായി കൂടിവ്യാപരിക്കുന്നു എന്നത് രണ്ടു അടിസ്ഥാനങ്ങളിൽ ആണ് ഉറപ്പിക്കപ്പെടുന്നത്. ഒന്ന്, അവർ ഒരു ദൈവീക തീരുമാനപ്രകാരം മുൻപേ വിളിക്കപ്പെട്ടവർ ആണ്. എന്തിനാണ് ദൈവം നമ്മെ മുൻപേ തന്നെ വിളിക്കുകയും നമ്മുടെ അവസാനം എങ്ങനെ ആയിരിക്കണം എന്ന് നിർണ്ണയിക്കുകയും ചെയ്യുന്നത്? അത് നമ്മെ യേശുവിന്റെ സ്വരൂപത്തോടു അനുരൂപരാക്കി മാറ്റുന്നതിന് വേണ്ടി ആണ്. ദൈവത്തിന്റെ നന്മകൾ ഇറങ്ങി വസിക്കുകയും ദൈവത്തിന്റെ കൃപാദാനങ്ങൾ മനുഷ്യരിൽ മഹത്വീകരിക്കപ്പെടുകയും ചെയ്യുവാൻ ദൈവം ആഗ്രഹിക്കുന്നു. ഈ ആഗ്രഹം ആണ് ദൈവീക മുൻനിർണ്ണയത്തിന്റെ ആധാരം.

പൗലോസ് കൂട്ടിച്ചേർക്കുന്ന മനോഹരമായ ഭാഗം ആണ് ദൈവത്തെ സ്നേഹിക്കുന്നവർക്ക് എന്നത്. ദൈവത്തെ സ്നേഹിക്കുക എന്നത് മനുഷ്യനെ സംബന്ധിച്ച് എളുപ്പമായ ഒരു കാര്യമല്ല. സ്വാഭാവിക മതത്തിൽ ദൈവത്തെ മനുഷ്യൻ ഭയപ്പെടുന്നതും പ്രസാദിപ്പിക്കുവാൻ ശ്രമിക്കുന്നതും എല്ലാം നമുക്ക് കാണാൻ കഴിയുന്നതാണ്. എന്നാൽ ദൈവത്തെ സ്നേഹിക്കുക എന്നത് അതിവിശിഷ്ടമായ ഒരു അനുഭവം ആണ്. ദൈവം തരുന്ന അനുഗ്രഹങ്ങൾ അല്ല നമ്മുടെ സ്നേഹത്തിനു ആധാരം. ദൈവം ആരാണ് എന്നുള്ള ബോധ്യമാണ്. മുൻപേ കണ്ടതു പോലെ നാം ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനോട് കൂടെ കൂട്ടവകാശികളും ആണ്. നമ്മുടെ അവകാശം ദൈവം തരുന്ന എന്തെങ്കിലും അല്ല, പിന്നെയോ ദൈവം തന്നെ ആണ്.

നാം കഴിഞ്ഞ ലക്കത്തിൽ കണ്ടത് ദൈവീക തേജസ്സിന് വേണ്ടിയുള്ള ഞരക്കങ്ങൾ ആണ്. അതിന്റെ തുടർച്ചയാണ് ഈ വാക്യങ്ങളും. ഈ അധ്യായം മുഴുവൻ നമ്മെ നയിക്കുന്നത് നമ്മുടെ തേജസ്ക്കരണം എന്ന വലിയ പ്രതിഫലത്തിലേക്കു ആണ്. ദൈവത്തിന്റെയും, ദൈവത്തെ സ്നേഹിക്കുകയും മുൻനിർണ്ണയപ്രകാരം വിളിക്കപ്പെട്ടിരിക്കുന്നവരുടെയും ഞരക്കം ആ തേജസ്സ് ലഭിക്കുന്നതിന് വേണ്ടിയുള്ളതാണ്. അതുകൊണ്ട് പത്തൊൻപതാം വാക്യത്തിൽ നാം കണ്ടത് പോലെ നമ്മുടെ കഷ്ടതകൾ എല്ലാം ദൈവം വലിയ നന്മയ്ക്കു കാരണം ആക്കി മാറ്റുന്നു. നാം ഇനി പരിശോധിക്കേണ്ടത് ദൈവം നമുക്കായി എന്ത് നന്മയാണ് കരുതിയിരിക്കുന്നത് എന്നതാണ്. ഇരുപത്തിഒമ്പതാം വാക്യം പറയുന്നു, യേശുക്രിസ്തുവിന്റെ സ്വരൂപത്തോടു അനുരൂപരാക്കി നമ്മെ മാറ്റുന്നതിനുള്ള ഒരു മുൻ നിയമനം എന്ന്! ദൈവം നമ്മെ നിയമിച്ചിരിക്കുന്നത് വെറുതെ ഇവിടെ ജീവിച്ചു എങ്ങനെ എങ്കിലും സ്വർഗം എന്ന സുഖത്തിലേക്കു നമ്മെ എത്തിക്കാൻ വേണ്ടി അല്ല, പിന്നെയോ, യേശുക്രിസ്തുവിന്റെ സ്വഭാവവും മഹത്വവും ഉള്ള തേജസ്സിന്റെ മക്കൾ ആക്കി നമ്മെ മാറ്റുന്നതിന് വേണ്ടി ആണ്. അതുകൊണ്ട് നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന എല്ലാ കാര്യങ്ങളും, അത് നമുക്ക് നന്മയായി അനുഭവപ്പെട്ടാലും തിന്മ എന്ന് ചിന്തിച്ചാലും എല്ലാം ക്രിസ്തുവിന്റെ തേജസ്സിലേക്കു നമ്മെ നയിക്കുന്ന രീതിയിൽ ആണ് ദൈവം രൂപപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് നമുക്കു ഒന്നിനെ കുറിച്ചും വിഷമിക്കേണ്ടതായി ഇല്ല. ദൈവം എന്തുകൊണ്ട് ഇങ്ങനെ പ്രവർത്തിച്ചു എന്ന് വിചാരിക്കേണ്ടതില്ല. കാരണം ഏറ്റവും മോശമായ സാഹചര്യത്തിൽ നിന്ന് പോലും ഏറ്റവും മനോഹരമായതു ഉളവാക്കുവാൻ ദൈവത്തിനു കഴിയും.

യേശുക്രിസ്തുവിന്റെ ക്രൂശിൽ നാം കാണുന്നത് ദൈവത്തിന്റെ ശത്രുവായ മനുഷ്യന്റെ യഥാർത്ഥ മനസ്സാണ്. ദൈവം നിസ്സഹായനായി നമ്മുടെ മുൻപിൽ, ഒരു മഹത്വവും വെളിപ്പെടുത്താതെ വന്നു നിന്നാൽ മനുഷ്യൻ എങ്ങനെ ആയിരിക്കും ദൈവത്തോട് പെരുമാറുക എന്നതാണ് ക്രൂശു നമുക്ക് കാണിച്ചു തരുന്നത്. അത്രയും ക്രൂരതയും ശത്രുത്വവും ആണ് മനുഷ്യൻദൈവത്തോട് കാണിക്കുന്നത്. എന്നാൽ ആ ക്രൂരതയെ ദൈവം നമ്മോടുള്ള അവിടുത്തെ സ്നേഹം പ്രദർശിപ്പിക്കാൻ ആണ് ഉപയോഗിക്കുന്നത്. ഇത് തന്നെയാണ് ദൈവത്തെ സ്നേഹിക്കുന്ന, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടിരിക്കുന്ന, എല്ലാവരുടെയും ജീവിതത്തിൽ സംഭവിക്കുന്നത്. ഇവിടെ നാം മനസ്സിലാക്കേണ്ട സത്യം, നമുക്ക് ലഭിക്കുവാൻ ഉള്ള പുത്രത്വത്തെ സംബന്ധിക്കുന്നതാണ്. ഏകജാതനായ ക്രിസ്തു ആദ്യജാതൻ ആകുന്നത് അവിടുത്തെ സ്വരൂപത്തോടു അനുരൂപരായവർ തേജസ്സിലേക്കു പ്രവേശിക്കുമ്പോൾ ആണ്. മുപ്പതാം വാക്യത്തിൽ നാം അത് കാണുന്നു. അവിടുന്ന് മുൻനിയമിച്ചവരെ ആണ് വിളിച്ചത്.

എന്ത് മുൻനിയമനം ഉള്ളവരെ ആണ് ദൈവം വിളിച്ചത്? യേശുക്രിസ്തുവിന്റെ സ്വരൂപത്തോടു അനുരൂപരാകുവാനുള്ള അപ്പോയ്ന്റ്മെന്റ് ഉള്ളവരെ മാത്രമേ ദൈവം വിളിച്ചിട്ടുള്ളു. അതിന്റെ അർഥം, ദൈവം വിളിക്കുന്നത് യേശുക്രിസ്തുവിനെ പോലെ നമ്മെ ആക്കിത്തീർക്കുന്നതിന് വേണ്ടി മാത്രം ആണ്. അത് കൊണ്ട് പല തരം ലക്ഷ്യങ്ങളിലേക്കല്ല ദൈവത്തിന്റെ വിളി എന്ന് നാം മനസ്സിലാക്കണം. സുവിശേഷത്തിന്റെ വിളി കേട്ടാണ് നാം പലരും ഒരു സഭയിലേക്കു വന്നത്. എന്നാൽ ചിലരെങ്കിലും വർഷങ്ങൾക്ക് ശേഷവും ദൈവത്തിന്റെ വിളി കേൾക്കുകയോ അനുഭവിക്കുകയോ ചെയ്തിട്ടുണ്ടാവുകയില്ല. അത് കൊണ്ടാണ് പത്രോസിന്റെ ലേഖനത്തിൽ പറയുന്ന പോലെ നാം നമ്മുടെ വിളിയും തെരെഞ്ഞെടുപ്പും ഉറപ്പുവരുത്തേണ്ടത് ആവശ്യമായിരിക്കുന്നത്.

ആ വിളിയുടെ നിശ്ചയം ഇല്ലായ്മ ആണ് പലരെയും എങ്ങനെയെങ്കിലും സ്വർഗത്തിൽ എത്തുക എന്ന ഏറ്റവും ചുരുങ്ങിയ ലക്ഷ്യം മുന്നിൽ വയ്ക്കുന്നവരാക്കി മാറ്റുന്നത്. എന്നാൽ സ്വർഗമല്ല, കർത്താവു തന്നെയാണ് നമ്മുടെ അതിമഹത്തായ പ്രതിഫലം. മുൻനിയമനപ്രകാരം യേശുവിന്റെ സ്വരൂപത്തോടു അനുരൂപരായി തേജസിൽ പ്രവേശിക്കാൻ വിളിക്കപ്പെടുന്നവർക്കു ദൈവം എന്താണ് നൽകുന്നത് എന്ന് മുപ്പതാം വാക്യം വിശദീകരിക്കുന്നു. അവൻ മുൻനിയമിച്ചവരെ വിളിച്ചും, വിളിച്ചവരെ നീതീകരിച്ചും, നീതീകരിച്ചവരെ തേജസ്ക്കരിച്ചും ഇരിക്കുന്നു. അതായത് ദൈവത്തെ സ്നേഹിക്കുന്നവർ, മുൻ നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർ എല്ലാം നീതീകരിക്കപ്പെട്ടും തേജസ്ക്കരിക്കപ്പെട്ടും ഇരിക്കുന്നു. രക്ഷയുടെ ഒരിക്കലും അഴിയാത്ത വാഗ്ദത്തങ്ങൾ ആണ് നാം ഈ വാക്യങ്ങളിൽ കാണുന്നത്. അതായത്, ഒരാളെ ദൈവം മുൻനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ വിളിക്കുമ്പോൾ, ഏതാനും വർഷങ്ങൾ വിശ്വാസി ആയിരുന്നു പിന്നീട് നഷ്ടപ്പെട്ട്പോകുവാനല്ല, തന്റെ പുത്രന്റെ സിംഹാസനത്തിൽ തേജസിൽ ഇരിക്കാൻ ആണ് വിളിക്കുന്നത്. അത് കൊണ്ട് രക്ഷ എന്ന ദൈവീക പ്രവൃത്തിയുടെ അഞ്ചു സുപ്രധാന ഘടകങ്ങൾ ആണ് നാം ഈ വാക്യങ്ങളിൽ കണ്ടത്. (വാക്യങ്ങൾ 29, 30).

***മുന്നറിവ് > മുൻനിയമനം > വിളി > നീതീകരണം > തേജസ്കരണം***

മുപ്പത്തൊന്നാം വാക്യത്തിൽ, ദൈവത്തിന്റെ ശത്രുക്കൾ ആയിരുന്ന നമുക്ക് ദൈവം എങ്ങനെ അനുകൂലമായി മാറി എന്ന് പറയുന്നു. നമ്മെ നമ്മുടെ സ്വഭാവത്തിന് അതീതമായി അവിടുത്തെ കരുണയാൽ രക്ഷിക്കുവാൻ ദൈവം നിർണ്ണയിച്ചു . അങ്ങനെ ദൈവം തീരുമാനിക്കുമ്പോൾ നാം ദൈവത്തിന്റെ ശത്രുക്കൾ ആയിരുന്നു. എന്നാൽ ദൈവത്തിന്റെ തീരുമാനം ഈ ശത്രുക്കളെ രക്ഷിക്കുക എന്നതായിരുന്നു. അത് കൊണ്ട് പൗലോസ് ചോദിക്കുന്നു. ദൈവം നമുക്കു അനുകൂലമായാൽ പിന്നെ ആരാണ് നമുക്കു പ്രതികൂലമായിട്ടുള്ളത്? അതിന്റെ ഉത്തരം ആരുമില്ല എന്ന് തന്നെ ആണ്. ദൈവം നമ്മെ നീതീകരിക്കുവാനും തേജസ്ക്കരിക്കുവാനും തീരുമാനിച്ചാൽ അതിനെ തടസപ്പെടുത്താൻ ലോകത്തിലെ ഒരു ശക്തിക്കും കഴിയുകയില്ല എന്ന വാഗ്ദത്തം ഈ വാക്യങ്ങളിലൂടെ അപ്പോസ്തലൻ നമുക്കു നൽകുന്നു.

പലപ്പോഴും നമ്മുടെ ഭൗതീക ആവശ്യങ്ങളുമായി ബന്ധപ്പെടുത്തി നാം വായിക്കുന്ന രണ്ടു വാക്യങ്ങൾ ആണ് ഇരുപത്തിയെട്ടാം വാക്യവും മുപ്പത്തിയൊന്നാം വാക്യവും. എന്നാൽ ഈ രണ്ടു വാക്യങ്ങളുടെയും പ്രാഥമികവും മൗലികവുമായ അർഥം നമ്മെ തേജസ്സിലേക്കു നടത്താനുള്ള ദൈവീക തീരുമാനത്തെ സംബന്ധിക്കുന്നതാണ്. യേശുക്രിസ്തു മുഖാന്തരം വിശ്വാസത്താൽ ദൈവകൃപയുടെ കവിഞ്ഞൊഴുക്കിനാൽ അവിടുന്ന് നമ്മെ നമ്മുടെ പാപത്തിൽ നിന്നും. പാപത്തിന്റെ ശിക്ഷയിൽ നിന്നും, ആ പാപം ഉളവാക്കിയ ശത്രുപ്രകൃതത്തിൽ നിന്നും രക്ഷിച്ചിരിക്കുന്നു. ആ ദൈവീക തീരുമാനത്തെ അട്ടിമറിക്കാൻ ഒരു ശക്തിക്കും കഴിയുകയില്ല. ●

ബെഞ്ചമിൻ വർഗീസ്

# അർത്ഥമില്ലാത്ത പ്രയത്നവും വ്യർത്ഥമല്ലാത്ത പ്രാർത്ഥനയും

മലയാളഭാഷയ്ക്കും വടക്കൻ മലബാറിലെ ക്രിസ്തീയ, സാമൂഹ്യപ്രവർത്തനങ്ങൾക്കും അമൂല്യസംഭാവനകൾ നൽകിയ ഡോ. ഹെർമൻ ഗുണ്ടർട്ടിന്റെ ജീവചരിത്രം ഇന്നും അനേകർക്ക് പ്രചോദനം നൽകുന്നതാണ്. 1800 കളുടെ ആദ്യ വർഷങ്ങളിൽ യൂറോപ്പ് യുദ്ധങ്ങളാലും വിപ്ലവങ്ങളാലും കലുഷിതമായിരുന്നു. നെപ്പോളിയന്റെ നേതൃത്വത്തിലുള്ള ഫ്രഞ്ച് സൈന്യവുമായി മറ്റു യൂറോപ്യൻ രാജ്യങ്ങൾ നിരന്തരയുദ്ധത്തിലേർപ്പെട്ടുകൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. ഇക്കാലയളവിൽ ജർമനിയിലെ സ്റ്റട്ട്ഗർട്ടിൽ (Stuttgart) ജീവിച്ചിരുന്ന ദൈവഭക്തരായ ദമ്പതികളായിരുന്നു ലുഡ്‌വിഗ് ഗുണ്ടർട്ടും ക്രിസ്റ്റ്യാന എൻസ്‌ലിനും (Ludwig Gundert and Christiana Enslin). അവരുടെ മൂന്നാമത്തെ കുട്ടിയായിട്ടാണ് 1814 ഫെബ്രുവരി 14 നു ഹെർമൻ ഗുണ്ടർട്ട് പിറന്നത്.

ദൈവികകാര്യങ്ങളിൽ അതീവതത്പരനായിരുന്ന പിതാവ് ലുഡ്‌വിഗ്, പ്രാദേശിക ബൈബിൾ സൊസൈറ്റിയുടെ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നു. അതോടൊപ്പം തന്റെ നാട്ടുകാരെ മിഷൻ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരു മിഷൻ മാഗസിനും അദ്ദേഹം തുടക്കം കുറിച്ചു. ക്രിസ്റ്റ്യാനാകട്ടെ, തന്റെ പൈതങ്ങളെ ചെറുപ്പം മുതൽ ദൈവവചനത്തിലും പ്രാർത്ഥനയിലും ഉത്സാഹിപ്പിച്ചു പോരുകയുംചെയ്തു. യുദ്ധം സൃഷ്ടിച്ച കഠിനസാഹചര്യങ്ങളിലും ലുഡ്‌വിഗും കുടുംബവും ദൈവത്തിൽ ആശ്രയം കണ്ടെത്തി. ഇങ്ങനെയുള്ള ഒരു ഭവനത്തിൽ ജനിച്ച ഹെർമൻ ഒരു മിഷണറിയായതിൽ അത്ഭുതം ഏതും വേണ്ടെന്ന് ഒരുപക്ഷേ നമ്മൾ ചിന്തിച്ചേക്കാം. എന്നാൽ യാഥാർഥ്യം വേറൊന്നായിരുന്നു. തന്റെ ചെറിയ പ്രായം മുതൽ തന്നെ ദൈവികകാര്യങ്ങളെക്കാൾ ലൗകികകാര്യങ്ങളാണ് കൊച്ചുഹെർമനെ ആകർഷിച്ചിരുന്നത്. വെറും രണ്ടു വയസു മാത്രം പ്രായമുള്ളപ്പോൾ അവൻ തന്റെ മാതാവിനോട് ഇപ്രകാരം പറഞ്ഞുവെന്ന് ക്രിസ്റ്റ്യാൻ തന്റെ ഡയറിയിൽ കുറിച്ചിട്ടു: ഞാൻ വലുതാകുമ്പോൾ ഏതായാലും ഒരു പാതിരിയാകില്ല. ഞാനൊരു പട്ടാളക്കാരനാകും, തോക്കും എടുക്കും ചെണ്ടയും മുട്ടും. ഇതുകേട്ട മാതാവിനുള്ള ദു:ഖം എത്രയായിരുന്നുവെന്ന് പറയേണ്ടതുണ്ടോ?

അധമമായ അവസ്ഥയിൽ ജീവിച്ചു, ആർക്കും പ്രയോജനപ്പെടാത്ത വിധത്തിൽ നശിച്ചു പോകാവുന്ന ഒരു ജീവിതമായിരുന്നു ഹെർമന്റേത്. എന്നാൽ ദൈവത്തിന്റെ കരസ്പർശം ഇത്തരമൊരു വ്യക്തിത്വത്തെ അന്നും ഇന്നും അനേകർക്ക് പ്രചോദനവും അനുഗ്രഹവും ഉപകാരപ്രദവും ആക്കി രൂപാന്തരപ്പെടുത്തി. ഹെർമൻ മുതിർന്നു വരുംതോറും അവന് ദൈവികകാര്യങ്ങളിലെ താത്പര്യം കുറഞ്ഞുകുറഞ്ഞു വന്നു. ഭക്തരായ ആ മാതാപിതാക്കളാകട്ടെ, തങ്ങളുടെ താന്തോന്നിയായ മകനെ പ്രാർത്ഥനയ്ക്കായും ദൈവവചന വായനയ്ക്കായും നിർബന്ധിക്കുകയും ദൈവഭക്തിയിൽ വളർത്തിക്കൊണ്ടുവരുവാൻ തങ്ങളാൽ ആവുംവിധം യത്നിക്കുകയും ചെയ്തു. അവരുടെ പ്രയത്നങ്ങൾക്കൊന്നും ആ സമയം ഹെർമനിൽ വലിയ മാറ്റങ്ങളുണ്ടാക്കാനായില്ല. എങ്കിലും തത്വചിന്തകളിൽനിന്നും ലോകസ്നേഹത്തിൽനിന്നും ദൈവത്തിലേയ്ക്കുള്ള ഹെർമന്റെ മടങ്ങിവരവ് മാതാപിതാക്കളുടെ നിരന്തരമായ പ്രാർത്ഥനയുടെയും ഉപദേശത്തിന്റെയും ഫലമായിരുന്നുവെന്ന് പിന്നീടൊരിക്കൽ

**മകന്റെ ചര്യകളിൽ മനം നൊന്തുപോയ ആ മാതാപിതാക്കളാകട്ടെ തങ്ങളുടെ ദുഃഖം ദൈവസന്നിധിയിൽ നിരന്തരം പ്രാർത്ഥനകളിലൂടെ പകരുകയുംചെയ്തു.**

ഗുണ്ടർട്ട് അനുസ്മരിക്കുവാനിടയായി. ബാല്യം മുതൽ പഠനത്തിൽ അതീവസമർത്ഥനായിരുന്നു ഹെർമൻ. 1815 ലെ നെപ്പോളിയന്റെ പരാജയത്തോടെ യുദ്ധം അവസാനിച്ചതിനാൽ തനിക്ക് പഠിക്കുവാനനുകൂലമായ സാഹചര്യം അപ്പോഴേക്കും ഉരുത്തിരിഞ്ഞുവന്നു. 5-ാം വയസിൽ ഹെർമൻ ലാറ്റിൻ ഭാഷ സ്വയം പഠിച്ചു തുടങ്ങി. 13 വയസായപ്പോഴേക്കും ആ ബാലൻ മാൾബ്രൺ സെമിനാരിയിലേക്ക് പഠിപ്പു മാറ്റി. ലാറ്റിനൊപ്പം ഗ്രീക്ക്, എബ്രായ ഭാഷകളും ഇംഗ്ലീഷും ഫ്രഞ്ചും കൂടി പഠിക്കുവാനാരംഭിച്ചു. സയൻസും, ഭൂമിശാസ്ത്രവും, കണക്കും പഠിക്കുന്നതിനോടൊപ്പം ആണിതെന്നു ഓർക്കണം. ഇത്രയുമൊന്നും പോരാഞ്ഞ് സംഗീതവും, പിയാനോ വായനയും കൂടി ഹെർമൻ സ്വായത്തമാക്കി.

ഇങ്ങനെ എല്ലാം നന്നായിപ്പോകുമ്പോഴാണ് 1827 ൽ ഹെർമന്റെ ഒരു സഹോദരനും സഹോദരിയും മരിച്ചത്. തന്റെ പെങ്ങളുടെ മരണം ഹെർമനെ വല്ലാതെയുലച്ചു. മരണത്തെക്കുറിച്ചുള്ള ചിന്ത ആ മനസിനെ വ്യാകുലപ്പെടുത്തുവാൻ തുടങ്ങി. അങ്ങനെ ഒരു നല്ല കുട്ടിയായിത്തീരുവാൻ ഹെർമൻ തീരുമാനമെടുത്തു. എങ്കിലും ഇത് അധികകാലം നീണ്ടുനിന്നില്ല. പ്രാർത്ഥനകളും, വചനവായനയും വിരസമായി തോന്നിയ ഹെർമൻ, വീണ്ടും കവിതകളിലുംനാടകങ്ങളിലും ആനന്ദം കണ്ടെത്തുകയും ചെയ്തു. വിഖ്യാത ജർമൻ കവിയായ ഷില്ലറിന്റെ (Friedrich Schiller) കവിതകളിൽ ആകൃഷ്ടനായ ഹെർമൻ താൻ മുതിർന്നു വരുമ്പോൾ ഒരു കവിയോ, നാടകകൃത്തോ ആയിത്തീരേണം എന്നും ആശിച്ചു. എന്നാൽ തന്റെ പിതാവാകട്ടെ നാടകങ്ങൾക്ക് പാട്ടെഴുതുന്നവനെപ്പോലെ നികൃഷ്ടനായി ആരുമില്ല, എന്റെ കാഴ്ചപ്പാടിൽ ഒരു വിറകുവെട്ടുകാരന് അവനെക്കാൾ വിലയുണ്ട്. അതുകൊണ്ട് നീതി, സത്യം, നന്മ എന്നിവ കാംക്ഷിച്ചാൽ അതാണ് എനിക്കു സന്തോഷം. നീയൊരു ലോകസ്നേഹിയും സ്വപ്നാടനക്കാരനും ആകരുതേ എന്ന് ഒരു കത്തിലൂടെ അവനെ ഉത്ബോധിപ്പിച്ചു. ക്രിസ്റ്റ്യാനാകട്ടെ, തന്റെ മകൻ കേവലം ലൗകികതയുടെ പിമ്പേ പോകുന്നതിൽ മനം തകർന്ന് തന്റെ രോഗപീഢപോലും വകവയ്ക്കാതെ ദീർഘദൂരം യാത്രചെയ്ത് തന്റെ മകനെ സന്ദർശിച്ചു. അവനെ ക്രിസ്തുവിന്റെ സ്നേഹത്തിലേയ്ക്ക് മടക്കിക്കൊണ്ടുവരുവാൻ ശ്രമിച്ചു. എന്നാൽ ഇതിനാലൊന്നും ഹെർമനിൽ യഥാർഥമായ ഒരു മാനസാന്തരം ഉളവായില്ല. എന്നുമാത്രമല്ല, തന്റെ സുഹൃത്വലയത്തിന്റെ സ്വാധീനത്താൽ ദൈവികപാതയിൽനിന്നും മേൽക്കുമേൽ അവൻ അകന്നു മാറുകയും ചെയ്തു.

1830 ൽ സുഹൃത്തിന്റെ കൈയബദ്ധത്താൽ ഒരു കത്തി ഹെർമന്റെ നെഞ്ചിനോട് ചേർന്നഭാഗത്തു തറച്ചു. താൻ മരിച്ചു പോകുവാൻ പോലും സാധ്യതയുണ്ടായിരുന്നു. ഈ സംഭവം ആ ചെറുപ്പക്കാരനെ ആകമാനം ഉലച്ചു. പിന്നീട് കുറേക്കാലത്തേയ്ക്കു ദൈവത്തോടടുത്തു ഭക്തിമാർഗത്തിലേക്ക് തിരിഞ്ഞ ഹെർമൻ കർത്താവിനെ അന്വേഷിക്കാൻ ആരംഭിച്ചു. എന്നാൽ ഇതും അധികകാലം നീണ്ടുനിന്നില്ല. ഫ്രഞ്ച് വിപ്ലവം ഉണ്ടാക്കിയ സ്വാതന്ത്ര്യ ആസക്തിയുടെ അലയടികൾ ഹെർമന്റെ ശ്രദ്ധയെ വീണ്ടും ദൈവത്തിങ്കൽ നിന്നും തിരിച്ചുകളഞ്ഞു. വിപ്ലവാഹ്വാനം നടത്തുന്ന ലേഖനങ്ങൾ എരിവേറിയ ഭാഷയിൽ തദ്ദേശീയ ദിനപ്പത്രങ്ങളിൽ ഹെർമൻ പ്രസിദ്ധപ്പെടുത്തിപ്പോന്നു. അക്കാലത്ത് മാൾബ്രനിൽ അധ്യാപകനായി വന്ന സ്റ്റ്രോസ് (David Strauss) എന്ന പണ്ഡിതന്റെ ലിബറൽചിന്താഗതികളിൽ ആകൃഷ്ടനായ അദ്ദേഹം ദൈവത്തോടു മാത്രമല്ല, സ്വന്തം മാതാപിതാക്കളോടു പോലും അകലുവാനാരംഭിച്ചു. തങ്ങളുടെ മകന്റെ ചര്യകളിൽ മനംനൊന്തുപോയ ആ മാതാപിതാക്കളാകട്ടെ തങ്ങളുടെ ദുഃഖം ദൈവസന്നിധിയിൽ നിരന്തരം പ്രാർത്ഥനകളിലൂടെ പകരുകയുംചെയ്തു. ഇവ്വിധം ഉഴന്നുപോയ ആ ചെറുപ്പക്കാരനിൽ മാനുഷികമായ യാതൊരുവിധ പ്രയത്നങ്ങൾക്കും രൂപാന്തരം ഉളവാക്കാനായില്ലെങ്കിലും ദൈവം തന്നെ, അവനെ ദൈവവിശ്വാസത്തിലേയ്ക്കും മാനസാന്തരത്തിലേയ്ക്കും മടക്കിയെത്തിച്ചു. ഈയനുഭവം ഇന്നും മക്കളെക്കുറിച്ചു വേദനിക്കുന്ന മാതാപിതാക്കൾക്ക് ആശ്വാസം പകരുന്നതാണ്. ദൈവഭക്തരായ ലുഡ്‌വിഗും ക്രിസ്റ്റ്യാനും ദൈവസന്നിധിയിൽ കഴിച്ച പ്രാർത്ഥനകൾക്ക് ദൈവം മറുപടി കൊടുത്ത അനുഭവങ്ങൾ അടുത്ത ലക്കത്തിൽ. ●

# ജീർണ്ണിക്കുന്ന സാമൂഹ്യമൂല്യങ്ങൾ


**എംജി** സർവകലാശാലയിൽ കൈക്കൂലി കേസിൽ ജീവനക്കാരിയെ അറസ്റ്റ് ചെയ്തു.ജീവനക്കാരി സർവകലാശാലയിൽ താൽക്കാലിക ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിയായാണ് ജോലി ചെയ്തിരുന്നത്. എങ്കിലും സ്വാധീനം ഉപയോഗിച്ച് 7 വർഷം കൊണ്ട് അസ്സിസ്റ്റന്റെ തസ്തികയിൽ പ്രമോഷനിലൂടെ എത്തിച്ചേർന്നു. പരീക്ഷാഫലം കാലതാമസം കൂടാതെ കൈമാറുന്നതിന് കൈക്കൂലി വാങ്ങിയ സംഭവത്തിൽ കൂടുതൽ ജീവനക്കാർക്ക് പങ്കുണ്ടെന്നാണ് വിജിലൻസിന് ലഭിച്ച സൂചനകൾ. ഈ വാർത്ത 2022 ജനുവരി 30 ലെ മലയാള മനോരമ റിപ്പോർട്ട് ചെയ്തിരുന്നു. കൈക്കൂലി റിപ്പോർട്ട് ചെയ്യുന്നവയിൽ കൂടുതൽ പേരും നേരിട്ട് പണം വാങ്ങുന്നവരാണ്. എന്നാൽ കഴിഞ്ഞ കുറെ നാളുകളായി ടൂർപാക്കേജുകളോ മറ്റ് പ്രത്യുപകാരങ്ങളോ സ്വീകരിക്കുന്ന രീതിയിലേക്കാണ് ഉദ്യോഗസ്ഥർ മാറുന്നത്. നേരിട്ട് പണം വാങ്ങാതെ ഏജൻറുമാർ വഴി പണം സ്വീകരിക്കുന്നവരുടെയും എണ്ണം വർധിച്ചിട്ടുണ്ട്.

പണം സമ്പാദിക്കുവാനുള്ള മനുഷ്യന്റെ ത്വര ജന്മസിദ്ധമാണ്. അതിനുള്ള കുറുക്കുവഴികൾ അവൻ തന്നെ കണ്ടുപിടിച്ചു. ആവശ്യക്കാർക്ക് കാര്യങ്ങൾ സാധിച്ചു കൊടുക്കുന്നതു വച്ച് താമസിപ്പിക്കുകയും, മുടന്തൻന്യായങ്ങൾ പറഞ്ഞു ഒടുവിൽ ആവശ്യക്കാരനെ കൈക്കൂലി കൊടുക്കുവാൻ നിർബന്ധിതനാക്കുകയും ചെയ്യുന്ന ഒരു രീതി ഇപ്പോൾ സർവ്വ സാധാരണമായിരിക്കുകയാണ്. പെട്ടന്ന് കാര്യങ്ങൾ സാധിച്ചു കിട്ടുവാൻ വേണ്ടി ഉദ്യോഗസ്ഥന്മാർക്ക് സമ്മാനമായി പണവും ഉപഹാരങ്ങളും ടൂർ പാക്കേജുകളും ഒക്കെ നൽകുന്ന രീതിയും ഉണ്ട്. ഓരോ ഫയലും ഓരോ ജീവിതങ്ങളാണെന്നു മുഖ്യമന്ത്രി പല തവണ പറഞ്ഞിട്ടുള്ളത് ഉദ്യോഗസ്ഥരിൽ പലരും അറിഞ്ഞ ഭാവമേയില്ല.

ദ്രവ്യാഗ്രഹമാണ് ഇതിന്റെയെല്ലാം മൂലകാരണം. രാഷ്ട്രീയസ്വാധീനം ഇത്തരക്കാരുടെ സംരക്ഷണവും ഉറപ്പാക്കുന്നു. സാമൂഹ്യനീതി നിറവേറ്റപ്പെടാതെ ദാരുണ അനുഭവങ്ങളിൽ പല കുടുംബങ്ങളും കഴിയേണ്ടി വരുന്നു. മനുഷ്യ മനസാക്ഷി മരവിച്ചു നിർജീവമായ ദുരവസ്ഥയാണ് എങ്ങും കാണുവാനും കേൾക്കുവാനും ഉള്ളത്. സാധാരണക്കാരനെ സംരക്ഷിക്കുക എന്നത് സർക്കാരിന്റെയും സാംസ്ക്കാരിക നീതിനിർവ്വഹണ വിഭാഗങ്ങളുടേയും സുപ്രധാനമായ കർത്തവ്യമാണ്. വൈകി ലഭിക്കുന്ന നീതി നിഷേധിക്കപ്പെട്ട നീതി തന്നെയാണ്. സഹജീവികളോട് ആർദ്രതയും മനസ്സലിവും കാണിക്കേണ്ടത് സാംസ്കാരികമായി ഉന്നതനിലവാരം പുലർത്തുന്ന ഏതൊരു സമൂഹത്തിന്റെയും പ്രഥമ പരിഗണന ആണ്.

അഴിമതിയെ മൂടി വയ്ക്കുവാനും ഊതിപ്പെരുപ്പിക്കുവാനും തയ്യാറാകാതെ എല്ലാം മാധ്യമങ്ങളും മാധ്യമധർമ്മം പാലിച്ചു എല്ലാ സംവിധാനങ്ങളും ഉപയോഗിച്ച് ഇങ്ങനെയുള്ളവരെ സമൂഹമധ്യത്തിൽ തുറന്നുകാട്ടുവാൻ തയ്യാറാകണം. വിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ ധാർമ്മികമൂല്യങ്ങൾക്കു പ്രാധാന്യം കൊടുക്കുന്ന പാഠ്യേതര വിഷയങ്ങൾ പരിശീലിപ്പിക്കുന്നതിൽ, സർക്കാർ ഉത്സുകത കാണിക്കണം. വളർന്നു വരുന്ന തലമുറയുടെ മനസ്സിൽ നീതിയുടെയും സത്യത്തിന്റെയും ധാർമ്മിക മൂല്യങ്ങളുടെയും ചിന്തകളാകുന്ന വിത്തുകൾ വിതയ്ക്കുകയും, വാക്കിലും പ്രവർത്തിയിലും സകല ഇടപാടുകളിലും ഏറ്റവും കുറഞ്ഞത് ഭവനത്തിലുള്ളവരും അധികാരികളും നേതൃത്വവും മാതൃകയായി പെരുമാറുകയും ചെയ്താൽ ഈ സാമൂഹിക തിന്മയ്ക്കു ഒരു പരിധി വരെയെങ്കിലും തടയിടുവാൻ സാധിച്ചേക്കും. അഴിമതിക്കാർക്ക് നിയമം അനുശാസിക്കുന്ന പരമാവധി ശിക്ഷകൊടുക്കുന്നതിൽ നീതിപീഠങ്ങളും സർക്കാർ സംവിധാനങ്ങളും ജാഗ്രത കാണിച്ചാൽ തീർച്ചയായും അഴിമതിയും കൈക്കൂലിയും ഒരു വലിയ പരിധി വരെയെങ്കിലും നിയന്ത്രിച്ചു നിറുത്തുവാൻ കഴിയുമെന്നത് അവിതർക്കിതമാണ്. ●





അനു ഗ്രേസ് ചാക്കോ

# പ്രീമാരിറ്റൽ കൗൺസലിംഗ്

**ലോ**കത്തിലെ സകല മനുഷ്യരും ഒരു പോലെ ആഗ്രഹിക്കുന്ന കാര്യമാണ് സമാധാനപൂർണ്ണമായ കുടുംബജീവിതം. എത്രയോ പ്രതീക്ഷകളോടെ ആണ് ഓരോ വ്യക്തിയും ദാമ്പത്യജീവിതത്തിന് തുടക്കം കുറിക്കുന്നത്. പക്ഷെ, കുടുംബജീവിതത്തിന്റെ സകല മൂല്യത്തെയും അന്ത:സത്തയെയും ചോദ്യം ചെയ്യുന്ന സംഭവങ്ങളാണ് ഓരോ ദിവസവും ദൃശ്യമാധ്യമങ്ങളിലൂടെ നാം വായിച്ചറിയുന്നത്.

സുന്ദരിയായ പെൺകുട്ടിയെ വിവാഹം കഴിക്കാൻ സ്വന്തം ഭാര്യയെ മൂർഖൻപാമ്പിന്റെ ദംശനം ഏൽപ്പിച്ചു കൊന്ന ഭർത്താവിനേയും, കാമുകനോപ്പം ജീവിക്കാൻ സ്വന്തം കുഞ്ഞിന്റെ തല പാറയിലടിച്ചു കൊന്ന അമ്മയെയും ഇന്നും നമ്മൾ മറന്നിട്ടില്ല. എന്തിനേറെ പറയുന്നു, അശ്ലീല വിഡിയോയിലെ ലൈംഗിക വൈകൃതങ്ങൾ അനുകരിക്കുവാൻ നിർബന്ധിച്ചപ്പോൾ അനുസരിക്കാത്തതിന് ഭാര്യയെ ശാരീരികമാനസിക പീഡനങ്ങൾക്ക് ഇരയാക്കിയ ഭർത്താവിനെക്കുറിച്ചും, ഈ മാനസികസംഘർഷം സഹിക്കാൻ വയ്യാതെ ആത്മഹത്യ ചെയ്ത നിയമവിദ്യാർത്ഥിനിയെക്കുറിച്ചും വായിച്ചറിഞ്ഞതാണ്. ഭാര്യാഭർത്തൃബന്ധത്തിൽ വന്ന അപജയം മനസിലാക്കാൻ ഈ ഉദാഹരണങ്ങൾ തന്നെ മതിയാകും. വിവാഹാനന്തരം വർധിച്ചു വരുന്ന ആത്മഹത്യകളും കൊലപാതകങ്ങളും വിരൽചൂണ്ടുന്നത് പ്രീ മാരിറ്റൽ കൗൺസലിങ്ങിന്റെ ആവശ്യകതയിലേക്കാണ്.

എങ്ങനെ നല്ല ഒരു കുടുംബം ഭൂമിയിൽ പടുത്തുയർത്തും? ഭാര്യാഭർതൃബന്ധം ഊഷ്മളമായി എങ്ങനെ നിലനിർത്താം? ഭാര്യാഭർത്തൃ ഉത്തരവാദിത്തങ്ങൾ തുടങ്ങി കുടുംബ ജീവിതത്തെ സംബന്ധിച്ച എല്ലാ കാര്യങ്ങളും വിവാഹം കഴിഞ്ഞ് മക്കൾ സ്വയം മനസിലാക്കിക്കോളും എന്നാണ് പല മാതാപിതാക്കളുടെയും ധാരണ. അതുകൊണ്ട് തന്നെ ഈ കാര്യങ്ങളിൽ വേണ്ട നിർദേശങ്ങൾ മക്കൾക്ക് നൽകുവാൻ പല മാതാപിതാക്കൾക്കും കഴിയാതെ പോകുന്നു. കുടുംബജീവിതത്തിന്റെ മാധുര്യം നഷ്ടപ്പെടുന്നത് മേൽപ്പറഞ്ഞ കാര്യങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയാണ്. അതുകൊണ്ട് തന്നെ പ്രീ മാരിറ്റൽ കൗൺസലിങ്ങിന്റെ പ്രസക്തി വളരെ വലുതാണ്.

വിവാഹം കഴിക്കുവാൻ പരസ്പര ധാരണയിലെത്തിയ യുവാവിനെയും യുവതിയെയും മാനസികമായി വിവാഹത്തിന് ഒരുക്കുന്ന ഒരു വേദി ആണ് പ്രീ മാരിറ്റൽ കൗൺസലിങ്. ഇന്നത്തെ സമൂഹത്തിൽ പലരും വിവാഹത്തിന് തയ്യാറാകുന്നത് മാതാപിതാക്കളുടെ നിർബന്ധം മൂലമോ, പ്രായം കൂടുന്നതിനാൽ നാട്ടുകാർ എന്ത് പറയുമെന്ന് പേടിച്ചോ, ജോലികൾ ചെയ്യാൻ അമ്മയ്ക്കൊരു സഹായത്തിനു വേണ്ടിയൊക്കെയാണ്. ചിലരാകട്ടെ അവരുടെ ലൈംഗികസംതൃപ്തിക്ക് വേണ്ടിയോ ഒരു തലമുറക്ക് വേണ്ടിയോ മാത്രമാണ് വിവാഹം കഴിക്കുക. എന്താണ് വിവാഹം? എന്തിനാണ് വിവാഹം? വിവാഹത്തിന്റെ ധർമവും മൂല്യവും എന്താണ്? എന്നുള്ള തിരിച്ചറിവ് മാതാപിതാക്കളോ സമൂഹമോ പറഞ്ഞു കൊടുക്കാറില്ല. അങ്ങനെ യാതൊരു ധാരണകളും ഇല്ലാതെ മേല്പറഞ്ഞ കാര്യങ്ങൾക്കു വേണ്ടിയൊക്കെ വിവാഹം കഴിക്കുന്നവർക്ക് ഒരിക്കലും നല്ലൊരു കുടുംബം സ്ഥാപിക്കുവാൻ കഴിഞ്ഞെന്ന് വരില്ല.. പ്രീ മാരിറ്റൽ കൗൺസലിംഗ് പ്രധാനമായും ലക്ഷ്യമാക്കുന്നത് വിവാഹം എന്തിനാണ്, എന്നതിനെക്കുറിച് നല്ലൊരു ഉൾക്കാഴ്ച നിയുക്ത

ദമ്പതികളിൽ ഉളവാക്കുകയാണ്. നല്ലൊരു ധാരണ ഉണ്ടായാൽ തന്നെ കുടുംബജീവിതം ധന്യമായി.

**പ്രീ മാരിറ്റൽ കൗൺസലിങ്ങിന്റെ നേട്ടങ്ങൾ എന്തൊക്കെയാണ്?**

**1. നല്ല ആശയവിനിമയത്തിന് സഹായകം.**

ഏതൊരു ബന്ധവും ദൃഢമായി നിലനിൽക്കാൻ ഏറ്റവും അനിവാര്യമായത് നല്ല ആശയവിനിമയം ആണ്. ഭാര്യാഭർത്തൃബന്ധം ഉലയാതെ സൂക്ഷിക്കുവാൻ പരസ്പരമുള്ള തുറന്നു പറച്ചിലുകളും ബഹുമാനത്തോടെയുള്ള സംസാരവും പ്രധാനപ്പെട്ടതാണ്. തിരക്കുകളുടെ ലോകത്താണ് നാം ജീവിക്കുന്നത്. ഇന്ന് മിക്കവാറും വീടുകളിൽ ഭാര്യയും ഭർത്താവും ജോലിക്കാരാണ്. ജോലിയിലെ സമ്മർദ്ധവും മറ്റു വൈഷമ്യങ്ങളും പലപ്പോഴും പരസ്പരം എല്ലാം തുറന്ന് സംസാരിക്കുന്നതിന് തടസമാകാറുണ്ട്. സാമൂഹ്യമാധ്യമങ്ങളുടെ അതിപ്രസരവും ഭാര്യാഭർത്തൃ ബന്ധത്തെ സാരമായി ബാധിച്ചിട്ടുണ്ട്. മുഖത്തു നോക്കി സംസാരിക്കാൻ സമയമോ, താല്പര്യമോ ഇല്ലാഞ്ഞിട്ടാണോ, സംസാരം കുറെയൊക്കെ വാട്സ്ആപ് മെസ്സേജ് വഴി മാത്രമായി.

സ്ത്രീ പുരുഷ സമത്വത്തെക്കുറിച്ചുള്ള ആശയങ്ങൾ വന്നതോടുകൂടി പല വീടുകളിലും പരസ്പര ബഹുമാനത്തോടെയുള്ള ആശയവിനിമയ രീതി നഷ്ടപ്പെട്ടു. ഭർത്താവിനെ ബഹുമാനത്തോടെ സംബോധന ചെയ്യാതെ മറ്റു പല വാക്കുകളോ, പേരുകളോ ഉപയോഗിച്ച് സംബോധന ചെയ്യുന്നു. പരസ്പരബഹുമാനം കൊടുക്കുന്നില്ല, അങ്ങനെ പല പ്രശ്നങ്ങൾ വന്നതോടുകൂടി കുടുംബത്തിൽ അസമാധാനം പൊട്ടിപ്പുറപ്പെട്ടു. സ്ത്രീ, പുരുഷനെ ബഹുമാനിക്കാൻ മാത്രമല്ല, തിരിച്ചു പുരുഷന് സ്ത്രീയോടും ബഹുമാനം ഉണ്ടാകണം. അങ്ങനെ പരസ്പര ബഹുമാനത്തോടുകൂടിയ ആശയവിനിമയം ഉണ്ടെങ്കിൽ മാത്രമേ ഏതൊരു ബന്ധവും നന്നായിട്ട് മുന്നോട്ട് പോവുകയുള്ളൂ. ഇപ്പോഴത്തെ കുടുംബ തകർച്ചയുടെ പ്രധാനപ്പെട്ട കാര്യം വേണ്ടവിധത്തിൽ ആശയവിനിമയമം നടക്കാത്തതാണ്. പ്രീ മാരിറ്റൽ കൗൺസലിംഗ് നിമിത്തം ലഭിക്കുന്ന പ്രധാനപ്പെട്ട ഒരു കാര്യം ആശയവിനിമയത്തിന്റെ പ്രാധാന്യം കുടുംബജീവിതത്തിൽ എത്രമാത്രം വിലയേറിയതാണെന്ന് അവരെ ബോധ്യപ്പെടുത്തുന്നതാണ്. എങ്ങനെ പരസ്പര ബഹുമാനത്തോടെ സംസാരിക്കണം? എല്ലാ ദിവസവും പരസ്പരം സംസാരിക്കേണ്ടതിന്റെയും തുറന്നു പറയേണ്ടതിന്റെയും ആവശ്യം എന്തൊക്കെയാണ് തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് അവരെ ബോധ്യപ്പെടുത്തുക എന്നതാണ്.

**2. കുടുംബബന്ധങ്ങളെ ദൃഢപ്പെടുത്തുവാൻ സഹായിക്കുന്ന അറിവുകൾ.**

പ്രീ മാരിറ്റൽ കൗൺസലിങ്ങിൽ പങ്കെടുക്കുന്നത് കൊണ്ടുള്ള രണ്ടാമത്തെ ഗുണം ഇതാണ്. ഇന്നത്തെ വീടുകളെ ശ്രദ്ധിച്ചാൽ മാതാപിതാക്കളും സഹോദരങ്ങളും തമ്മിൽ പല പ്രശ്നങ്ങളുള്ളതായി കാണുന്നു. വിവാഹം കഴിഞ്ഞ് ഭർതൃഗൃഹത്തിലേക്ക് വരുന്ന പെൺകുട്ടികൾക്ക് പലപ്പോഴും ഭർത്താവിന്റെ മാതാപിതാക്കളെ സ്വന്തം മാതാപിതാക്കളായി കണ്ടു സ്നേഹിക്കാനോ അംഗീകരിക്കാനോ കഴിയാതെ പോകുന്നു. ചിലയിടങ്ങളിൽ ഭർത്താവിന്റെ മാതാപിതാക്കൾക്ക് മരുമകളെ സ്വന്തം മകൾ ആയി കാണുവാനും കഴിയാറില്ല. കുടുംബത്തിലെ മറ്റ് അംഗങ്ങളുമായുള്ള ബന്ധത്തിലുണ്ടാകുന്ന വിള്ളലുകലും പ്രശ്നങ്ങളും ഭാര്യാഭർതൃ ബന്ധത്തെ സാരമായി ബാധിക്കാൻ സാധ്യതയുണ്ട്. എങ്ങനെയാണ് കുടുംബാംഗങ്ങൾ തമ്മിൽ നല്ല ബന്ധം സ്ഥാപിക്കുവാൻ സാധിക്കുക? തമ്മിൽ തമ്മിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധിക്കുന്നത് എങ്ങനെയാണ്? കുടുംബബന്ധങ്ങൾ തകർന്നു പോകാതെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ എങ്ങനെ സാധിക്കും? ഇങ്ങനെയുള്ള പ്രശ്നങ്ങൾ കുടുംബ ജീവിതത്തെ ബാധിക്കാതെ നന്നായി മുന്നോട്ട്കൊണ്ടുപോകുവാൻ എങ്ങനെ സാധിക്കും തുടങ്ങിയ കാര്യങ്ങളൊക്കെ പ്രീമാരിറ്റൽ കൗൺസലിങ്ങിലൂടെ സംസാരിക്കുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും, അങ്ങനെ സമാധാനപൂർണ്ണമായ കുടുംബജീവിതം മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുകയും ചെയ്യുന്നു.

**3. അന്യോന്യവും കുടുംബത്തോടും സമൂഹത്തോടുമുള്ള ഉത്തരവാദിത്തം.**

വിവാഹിതരാകാൻ പോകുന്ന ഭാര്യക്കും ഭർത്താവിനും അന്യോന്യവും കുടുംബത്തോടും സമൂഹത്തോടുമുള്ള ഉത്തരവാദിത്തത്തെക്കുറിച്ചു അറിവ് ഉണ്ടാകണമെന്നില്ല. അതുകൊണ്ടുതന്നെ ഒരുപാട് പ്രശ്നങ്ങൾ കുടുംബജീവിതത്തിൽ ഉണ്ടാകുവാനുള്ള സാധ്യത കൂടുതലാണ്. പലപ്പോഴും ഇങ്ങനെയുള്ള കാര്യങ്ങൾ ആണ് പ്രശ്നങ്ങളിലേക്കും ഡിവോഴ്സിലേക്കുമൊക്കെ എത്തിക്കുന്നത്. മാതാപിതാക്കളോ കുടുംബത്തി

ലുള്ളവരോ പലപ്പോഴും ഇത്തരം കാര്യങ്ങളെക്കുറിച്ച് മക്കളോട് പറഞ്ഞു കൊടുക്കാറുമില്ല. പ്രീമാരിറ്റൽ കൗൺസലിംഗിനു വരുന്ന ആളുകൾക്ക് പ്രധാനമായി വിവാഹം കഴിഞ്ഞതിനുശേഷം, രണ്ടുപേർക്കും ഉള്ള ഉത്തരവാദിത്തങ്ങൾ എന്താണ്? എങ്ങനെ തീരുമാനങ്ങളെടുക്കണം? തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് സംസാരിച്ചു മാർഗ്ഗനിർദ്ദേശം കൊടുക്കാറുണ്ട്. ക്രിസ്ത്യൻ പ്രീമാരിറ്റൽ കൗൺസലിംഗ് ആണെങ്കിൽ വേദപുസ്തക അടിസ്ഥാനത്തിൽ ഈ കാര്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അവരെ ഓർപ്പിക്കുന്നു. അതിനാൽ കുടുംബ ജീവിതത്തെക്കുറിച്ച് അവർക്ക് നല്ല ധാരണ ഉണ്ടാവുകയും അത് മനസ്സിലാക്കി ജീവിക്കുവാൻ കഴിയുകയും ചെയ്യും. അതിനാൽ തന്നെ പ്രീമാരിറ്റൽ കൗൺസലിംഗ് വിവാഹിതരാകുന്നവർക്ക് വളരെ സഹായകരമാണ്.

**4. സാമ്പത്തിക കാര്യങ്ങൾ**

പല ഭാര്യാഭർത്താക്കന്മാരും വിവാഹമോചനത്തിൽ എത്താനുള്ള ഒരു കാരണം സാമ്പത്തിക കാര്യങ്ങളുടെ പേരിലുള്ള തർക്കങ്ങൾ ആണ്. മിക്കവാറും എല്ലാ കുടുംബങ്ങളിലും ഭാര്യയും ഭർത്താവും ജോലിക്കാരാണ്. ചിലപ്പോൾ ഭർത്താവിനെക്കാൾ കൂടുതൽ ശമ്പളം ഭാര്യയ്ക്ക് ആയിരിക്കാം. ഇങ്ങനെയുള്ള കാര്യങ്ങൾ തർക്കത്തിലേയ്ക്കും വഴക്കിലേക്കും അതുവഴി വിവാഹമോചനത്തിലേക്കും ചിലരെയെങ്കിലും നയിക്കാറുണ്ട്. അതുകൊണ്ട് വിവാഹത്തിന് മുമ്പ് തന്നെ പരസ്പരം ഇക്കാര്യങ്ങളെക്കുറിച്ച് ഒരു ധാരണയിൽ എത്തുന്നത് നന്നായിരിക്കും. സാമ്പത്തിക വിഷയങ്ങളിൽ പരസ്പരം ഒന്നും മറച്ചുവയ്ക്കാതെ, എങ്ങനെ കൈകാര്യം ചെയ്യണം എന്നുള്ളതിനെക്കുറിച്ച് വിവാഹത്തിന് മുമ്പ് തന്നെ പങ്കുവയ്ക്കുന്നത് ഉചിതം തന്നെയാണ്. ഇരുവർക്കും വരുമാനം ഉള്ളതുകൊണ്ട് ഓരോരുത്തരും അവരവർക്ക് ബോധിച്ചത് പോലെയായിരിക്കും കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. അത് പിന്നത്തേതിൽ വലിയ അപകർഷതാബോധത്തിലേക്കും കലഹത്തിലേക്കുംവഴിതെളിച്ചേക്കും. കുടുംബ ജീവിതത്തെ വളരെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുള്ള ഒന്നാണിത്.

**5. ലൈംഗികത**

കുടുംബജീവിതം ശരിയായ നിലയിൽ മുന്നോട്ടു കൊണ്ടുപോകുന്നതിൽ ലൈംഗികതയ്ക്ക് അതിന്റെതായ സ്ഥാനമുണ്ട്. ഇന്നത്തെ ചെറുപ്പക്കാർക്ക് ലൈംഗികതയെക്കുറിച്ചുള്ള അറിവ് കിട്ടുന്നത് കൂട്ടുകാരിൽ നിന്നോ, സാമൂഹ്യ മാധ്യമങ്ങളിൽ നിന്നോ ഒക്കെയാണ്. ആ അറിവുകൾ വികലവും പ്രായോഗികമല്ലാത്തതും പങ്കാളികൾക്ക് ഒരുപാട് മാനസിക ശാരീരിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതും ആയിരിക്കും. ഈ വിഷയം കൈകാര്യം ചെയ്യുന്നതിൽ പരാജയം സംഭവിച്ച അനേക കുടുംബങ്ങൾ ആത്മഹത്യയിലേക്കും വിവാഹമോചനത്തിലേക്കും ഒക്കെ ചെന്നു ചേരുന്നു. സെക്സിനെക്കുറിച്ച് പലപ്പോഴും ശരിയായ ധാരണകൾ അല്ല, തെറ്റായ ധാരണകളാണ് പലർക്കുമുള്ളത്.

നമ്മുടെ വിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ ലൈംഗികതയെക്കുറിച്ച് ശരിയായ അവബോധം വിദ്യാർഥികൾക്ക് നൽകുന്നതുമില്ല. അതുകൊണ്ടുതന്നെ മറ്റ് മാധ്യമങ്ങളിൽക്കൂടി കൂടുതൽ അറിയുവാൻ ഉള്ള അന്വേഷണത്തിൽ ആയിരിക്കും ബഹുഭൂരിപക്ഷം ചെറുപ്പക്കാരും. അങ്ങനെ കിട്ടുന്ന അറിവുകൾ ആയിരിക്കും സത്യം എന്ന് വിചാരിച്ചു സ്വന്തം പങ്കാളിയിൽ അത് പ്രായോഗികമാക്കാൻ ശ്രമിക്കുകയും, അതൊരു വലിയ മാനസിക സംഘർഷത്തിലേക്ക് നയിക്കുകയും ചെയ്യും. എന്താണ്ലൈംഗികത? കുടുംബജീവിതത്തിൽ സെക്സിനുള്ള സ്ഥാനം എന്താണ്? അങ്ങനെ ലൈംഗികതയെക്കുറിച്ച് അറിഞ്ഞിരിക്കേണ്ട അത്യാവശ്യ കാര്യങ്ങൾ പ്രീമാരിറ്റൽ കൗൺസലിങ്ങിലൂടെ ലഭിക്കുന്നത് വിവാഹിതരാകാൻ പോകുന്നവർക്ക് തികച്ചും പ്രയോജനം തന്നെയാണ്.

**6. ജീവിത പങ്കാളിയെക്കുറിച്ച് നല്ല ധാരണ**

വിവാഹത്തിനുമുമ്പ് പരസ്പരം മനസ്സിലാക്കുവാൻ കഴിയുന്നു എന്നതാണ് പ്രീമാരിറ്റൽ കൗൺസലിംഗിന്റെ ഏറ്റവും വലിയ ഗുണം. രണ്ടുപേരുടെയും ഇഷ്ടങ്ങളും അനിഷ്ടങ്ങളും മനോഭാവങ്ങളും വിശ്വാസങ്ങളും ആഗ്രഹങ്ങളും നന്നായി മനസ്സിലാക്കുവാൻ, അങ്ങനെ ജീവിത പങ്കാളിയെക്കുറിച്ച് നല്ല ഒരു ധാരണയിലെത്താൻ കഴിയുന്നു. പരസ്പരം മനസ്സിലാക്കുന്നതിൽക്കൂടി ജീവിതപങ്കാളിയെ ആത്മാർത്ഥമായിട്ട് സ്നേഹിക്കുവാൻ കഴിയും എന്നുള്ളതാണ് ഇതിന്റെ സവിശേഷത.

ദൈവത്തിലാശ്രയിച്ചും തുറന്നു സംസാരിച്ചും വ്യക്തമായ ധാരണയിലും കുടുംബജീവിതം മുമ്പോട്ട് നയിച്ചാൽ, ഇരുവരും അന്യോന്യവും കുടുംബത്തിനും സമൂഹത്തിനും വലിയ അനുഗ്രഹവും ആശ്വാസവും തന്നെയായിരിക്കും. ●



ഷാജി ഉമ്മൻ

# ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കേണമേ

**അ**വൻ ഒരു സ്ഥലത്തു പ്രാർത്ഥിച്ചു കൊണ്ടിരുന്നു; തീർന്നശേഷം ശിഷ്യന്മാരിൽ ഒരുത്തൻ അവനോടു: കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചത് പോലെ ഞങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേ എന്ന് പറഞ്ഞു (ലൂക്കോസ് 11:1).

യേശുവിന്റെ ശിഷ്യന്മാർ, അതായതു ദൈവീക തിരഞ്ഞെടുപ്പിലൂടെ അപ്പോസ്തലന്മാരായവർക്കു, പ്രാർത്ഥിക്കാൻ പോലും അറിയുകയില്ലേ എന്ന്, പ്രാർത്ഥനാവീരന്മാർ എന്ന് ധരിക്കുന്ന ചിലർക്കെങ്കിലും തോന്നിയിരിക്കാം. ശിഷ്യന്മാർ യേശുവിന്റെ പ്രാർത്ഥന ശ്രദ്ധിച്ചിരിക്കാം. അവരുടെ പ്രാർത്ഥനകളിൽ നിന്നും വളരെ വ്യത്യസ്തമാണ് യേശുവിന്റെ പ്രാർത്ഥന എന്ന ബോധ്യത്തിൽ നിന്നായിരിക്കണം ഈ ചോദ്യം ഉന്നയിച്ചത്.യേശുവിനോടു ചേർന്ന് ജീവിക്കുമ്പോൾ മാത്രമേ എനിക്കും പ്രാർത്ഥിക്കാൻ പഠിക്കണമെന്ന ഒരാവശ്യബോധം ഉണ്ടാവുകയുള്ളൂ.

മകൻ അപ്പനോട് സംസാരിക്കുന്നതു പോലുള്ള ഒരു ബന്ധത്തിലാണ് പ്രാർത്ഥന ഉയരേണ്ടത്. അപ്പനോടൊന്നിച്ചു വസിക്കുന്ന ഒരു മകന് അപ്പനിഷ്ടപ്പെടുന്ന സംഭാഷണരീതിയും അറിയാം. അതുപോലെ ദൈവം നമ്മിൽ നിന്നാഗ്രഹിക്കുന്ന പ്രാർത്ഥന എങ്ങിനെയിരിക്കണമെന്നു നാമും മനസ്സിലാക്കേണ്ടിയിരിക്കുന്നു. നമ്മുടെ പ്രാർത്ഥന കേൾക്കുമ്പോൾ ദൈവത്തിനു സന്തോഷമോ ദുഖമോ എന്താണ് ഉളവാകുന്നത്? ഇങ്ങനെ നാം ചിന്തിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ചിന്തിക്കണം, എങ്കിൽ മാത്രമേ യേശുവിന്റെ ശിഷ്യന്മാർ നിഷ്കളങ്കമായി ചോദിച്ചതുപോലെ, കർത്താവെ പ്രാർത്ഥിക്കാൻ ഞങ്ങളെ പഠിപ്പിക്കേണമേ എന്ന് ചോദിക്കുവാൻ കഴിയുകയുള്ളു. ഒരു ഉന്നത ഉദ്യോഗസ്ഥനോട് നാം സംസാരിക്കുമ്പോൾ എത്ര ഭവ്യതയോടും ആദരവോടും കൂടിയായിരിക്കും സംസാരിക്കുക. അങ്ങനെയെങ്കിൽ അഖിലാണ്ഡത്തിന്റെ ഉടയവനും സ്രഷ്ടാവുമായ സർവ്വശക്തനായ ദൈവത്തോട് എത്രയധികം ബഹുമാനാദരവുകളോടു കൂടിയായിരിക്കണം സംസാരിക്കേണ്ടത്?

**ഒരു ഉന്നത ഉദ്യോഗസ്ഥനോട് നാം സംസാരിക്കുമ്പോൾ എത്ര ഭവ്യതയോടും ആദരവോടും കൂടിയായിരിക്കും സംസാരിക്കുക. അങ്ങനെയെങ്കിൽ അഖിലാണ്ഡത്തിന്റെ ഉടയവനും സ്രഷ്ടാവുമായ സർവ്വശക്തനായ ദൈവത്തോട് എത്രയധികം ബഹുമാനാദരവുകളോടു കൂടിയായിരിക്കണം സംസാരിക്കേണ്ടത്?**

എങ്ങനെ പ്രാർത്ഥിക്കണമെന്നു യേശു അവർക്കു വ്യക്തമാക്കിക്കൊടുത്തു. അതായതു കർത്താവു നമ്മിൽ നിന്നും പ്രതീക്ഷിക്കുന്ന പ്രാർത്ഥനയുടെ മാതൃകയാണ് അവർക്കു പറഞ്ഞുകൊടുത്തത്. ആദ്യമായി,

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,** എന്ന് അഭിസംബോധന ചെയ്തുകൊണ്ടാണ് പ്രാർത്ഥന ആരംഭിക്കുന്നത്. ദൈവം നമ്മുടെ പിതാവാണെന്നു കർത്താവ് വെളിപ്പെടുത്തുകയാണിവിടെ. ദേശത്തു മാനിക്കപ്പെടുന്ന ഒരു പിതാവിനെ അനേകരുടെ മധ്യത്തിൽ അദ്ദേഹത്തിന്റെ മകൻ വന്നു അപ്പാ എന്ന് വിളിക്കുമ്പോൾ, അദ്ദേഹത്തിന് അഭിമാനമാണോ, അപമാനമാണോ ഉണ്ടാകുന്നതു എന്നുള്ളത്, ആ മകന്റെ ജീവിതരീതിയെ അടിസ്ഥാനപ്പെടുത്തിയായിരിക്കും വിലയിരുത്തപ്പെടുക. ലോകമോഹങ്ങളാകുന്ന ചപ്പുചവറുകൾ നേടേണ്ടുന്നതിനുള്ള ഓട്ടത്തിനിടയ്ക്കു, ദൈവത്തെ സ്വർഗ്ഗസ്ഥനായ പിതാവേ എന്ന് വിളിക്കുമ്പോഴും, കർത്താവു നേടിത്തന്ന സ്വർഗീയ അവകാശങ്ങൾ ലക്ഷ്യമാക്കിയുള്ള ഓട്ടത്തിനിടയ്ക്കു സ്വർഗ്ഗസ്ഥനായ പിതാവേ എന്ന് വിളിക്കുമ്പോഴും ദൈവത്തിനുണ്ടാകുന്ന മനോനില നാം തന്നെ മനസിലാക്കി ജീവിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക.

**അവിടുത്തെ നാമം വിശുദ്ധീകരിക്കപ്പെടണമെ** എന്ന് പറയുമ്പോൾ, ദൈവത്തിനു മഹത്വം കരേറ്റുക, ആരാധിക്കുക എന്നതാണ്. നമ്മുടെ പ്രാർത്ഥനയിലൂടെ ദൈവത്തെ എങ്ങനെ മഹത്വപ്പെടുത്താം? ഈ ലോകത്തിന്റെ പ്രഭുവാകുന്ന സാത്താന്റെ അധീനതയിലുള്ള കാര്യങ്ങൾക്കു നാം മുൻഗണന നല്കുന്നുവെങ്കിൽ, മഹത്വപ്പെടുന്നത് ഈ ലോകത്തിന്റെ പ്രഭുവായിരിക്കും. മറിച്ചു, സ്വർഗീയമായതിലേക്കു നോക്കി, അതിനായി ഓടുകയും ഞരങ്ങുകയും ചെയ്യുന്നുവെങ്കിൽ അവിടെ ദൈവനാമമായിരിക്കും മഹത്വപ്പെടുന്നത്. നമ്മുടെ പ്രാർത്ഥനയിലെ ആവശ്യങ്ങളുടെ ലിസ്റ്റ് പരിശോധിച്ചാലറിയാം, അതിലൂടെ ദൈവമാണോ, അതോ ഈ ലോകത്തിലെ പ്രഭുവാണോ മഹത്വപ്പെടുന്നത് എന്ന്.

**അവിടുത്തെ രാജ്യം വരേണമേ,** എന്ന് പ്രാർത്ഥിക്കുമ്പോൾ, നാം ഒരു കാര്യം അറിഞ്ഞിരിക്കണം, ഒരു രാജ്യം ഒരു രാജാവിന്റെ ഭരണത്തിൻ കീഴിലാണ് എന്ന്. നമ്മെ ആരാണ് ഭരിക്കുന്നത്? നമ്മുടെ ഭരണകർത്താവ് ആരാണ്? നമ്മുടെ ഹൃദയത്തിലെ സിംഹാസനത്തിൽ ആരാണ് രാജാവായി ഇരിക്കുന്നത്? ഞാൻ അങ്ങോട്ട് ചെന്നപ്പോൾ അവർ എന്നെ ബഹുമാനിച്ചില്ല, എനിക്ക് പറയുവാൻ അവസരം തന്നില്ല, എന്നെ സാറെ എന്ന് വിളിച്ചില്ല, അച്ചായാ എന്ന് വിളിച്ചില്ല... എന്നൊക്കെ പറയുമ്പോൾ ആരാണിവിടെ രാജാവ്? ഞാൻ തന്നെയല്ലേ സിംഹാസനത്തിൽ കയറിയിരുന്നു ഭരിക്കുന്നത്? കർത്താവേ, എന്നെ ഈ സിംഹാസനത്തിൽ നിന്നുമിറക്കിയിട്ട് അങ്ങ് തന്നെ ഇരുന്നു എന്നെ ഭരിക്കേണമേ എന്നാണ് ഈ ആവശ്യത്തിലൂടെ നാം പ്രാർത്ഥിക്കുന്നത്, അല്ലെങ്കിൽ പ്രാർത്ഥിക്കേണ്ടത്.

**ദൈവത്തിന്റെ ഇഷ്ടം എന്നിലും സ്വഭവനത്തിലും കുഞ്ഞുങ്ങളിലും സഭയിലും നിറവേറണം എന്നായിരിക്കണം നമ്മുടെ പ്രാർത്ഥന. നാം പല വന്യമായ മോഹങ്ങളും അവകാശവും പറഞ്ഞു പ്രാർത്ഥിക്കുന്നതിനു മുൻപ്, ഇത് ദൈവത്തിന്റെ ഇഷ്ടത്തിലുള്ളതാണോ എന്ന് അപഗ്രഥിക്കേണ്ടത് അനിവാര്യമാണ്.**

**അവിടുത്തെ ഇഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകേണമേ** എന്ന് പ്രാർത്ഥിക്കുമ്പോൾ, നാം അറിയാതെ ഒരു കാര്യം കൂടിയാണ് പ്രാർത്ഥിക്കുന്നത്; കർത്താവേ എന്റെ ഇഷ്ടം ഒന്നും നടക്കരുതേ എന്ന്. ഇനിയും ദൈവത്തിന്റെ ഇഷ്ടം നമ്മുടെ ജീവിതത്തിൽ നിറവേറേണ്ടതു ആയുസിന്റെ ശേഷിക്കുന്ന ദിനങ്ങളിലാണ്, അതായത് ഭാവികാലത്താണ്. ദൈവത്തിന്റെ ഇഷ്ടം എന്നിലും സ്വഭവനത്തിലും കുഞ്ഞുങ്ങളിലും സഭയിലും നിറവേറണം എന്നായിരിക്കണം നമ്മുടെ പ്രാർത്ഥന. നാം പല വന്യമായ മോഹങ്ങളും അവകാശവും പറഞ്ഞു പ്രാർത്ഥിക്കുന്നതിനു മുൻപ്, ഇത് ദൈവത്തിന്റെ ഇഷ്ടത്തിലുള്ളതാണോ എന്ന് അപഗ്രഥിക്കേണ്ടത് അനിവാര്യമാണ്.

**ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ദിനം പ്രതി തരേണമേ**, എന്ന് പ്രാർത്ഥിക്കുമ്പോൾ നമുക്കൊരാശ്വാസം ഉണ്ടാകാറുണ്ട്. ഈ ലോകത്തിലെ കാര്യങ്ങളും ചോദിക്കാമല്ലോ... ചോദിക്കുന്നതിനു ഒരു കുഴപ്പവുമില്ല, കൊച്ചുകുഞ്ഞുങ്ങൾ തീർച്ചയായും എല്ലാ ആവശ്യങ്ങളും അവരുടെ മാതാപിതാക്കളോടല്ലേ ചോദിക്കുന്നത്. എന്നാൽ ആഹാരം മാതാപിതാക്കളോട് ചോദിച്ചു വാങ്ങി കഴിക്കേണ്ടി വരുന്നുണ്ടോ? ഭൂമിയിലെ മാതാപിതാക്കളാകുന്ന നാം ഇത്രമാത്രം കരുതലോടെ കുഞ്ഞുങ്ങളെ വളർത്തുന്നുണ്ടെങ്കിൽ, സ്വർഗ്ഗസ്ഥനായ പിതാവ് എത്ര അധികമായി നമ്മെ കരുതുന്നുണ്ട്. നാം ചോദിക്കാതെ സ്വന്ത പുത്രനെ നമുക്കായി തകർത്തു കളയുവാൻ മനസ്സ് കാണിച്ച ആ

ദൈവത്തോട് ഈ ലോകത്തിലെ ഭക്ഷണം ചോദിച്ചു വാങ്ങേണ്ട ആവശ്യമുണ്ടോ? നശിച്ചു പോകുന്ന ആഹാരത്തിനായിട്ടല്ല നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിനായിത്തന്നെ പ്രവർത്തിപ്പിൻ, അത് മനുഷ്യപുത്രൻ നിങ്ങൾക്ക് തരും (യോഹന്നാൻ 6:27). അനുദിനം നമുക്ക് ആവശ്യമായ ആത്മീക ആഹാരം നാം ചോദിച്ചു വാങ്ങണം എന്ന് ദൈവം ആഗ്രഹിക്കുന്നു. നാം വളർച്ച പ്രാപിക്കുന്നതിനനുസരിച്ചു ഘട്ടം ഘട്ടമായി പക്വത പ്രാപിക്കുവാൻ വചനമാകുന്ന പോഷകാഹാരവും, കട്ടിയാഹാരവും കഴിച്ചു തലയാകുന്ന ക്രിസ്തുവോളം വളരണമെന്ന് സ്വർഗീയ പിതാവ് ആഗ്രഹിക്കുന്നു.

**ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതു പോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ** എന്ന് പ്രാർത്ഥിക്കുമ്പോൾ, ഒരു വ്യവസ്ഥ കൂടി നാം ഏറ്റുപറയുകയാണ്; മറ്റുള്ളവരോട് ഞാൻ ക്ഷമിക്കുന്നെങ്കിൽ മാത്രം എന്റെ പാപങ്ങളും എന്നോട് ക്ഷമിച്ചാൽ മതി എന്ന്. അപ്പോൾ നാം ആരോടെങ്കിലും ക്ഷമിക്കാൻ മനസുകാണിക്കുന്നില്ലെങ്കിൽ, ദൈവം എന്നോട് ക്ഷമിച്ചില്ലെങ്കിലും എനിക്കൊന്നും ഇല്ല, എന്ന് ദുശ്ശാഠ്യത്തോടെയുള്ള മനോഭാവത്തെയാണ് അത് കാണിക്കുന്നത്.

**ഞങ്ങളെ പരീക്ഷയിൽ കടത്തരുതേ** എന്ന് അപേക്ഷിക്കുമ്പോൾ, യഥാർത്ഥത്തിൽ എനിക്ക് എന്നിൽത്തന്നെയുള്ള വിശ്വാസം കുറയേണ്ടതായിട്ടുണ്ട്. ഏതെങ്കിലും പ്രലോഭനം വന്നാൽ, തന്നിൽത്തന്നെ ആശ്രയിക്കാതെ ദൈവത്തിൽ ആശ്രയിക്കുന്ന ഒരു മനോഭാവമാണ് നമുക്കുണ്ടായിരിക്കേണ്ടത്. എങ്കിൽ മാത്രമേ ഞാൻ കൂടുതൽ ദൈവത്തിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുകയുള്ളു.

**രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങേക്കുള്ളതല്ലോ** എന്ന് നാം പറയുമ്പോൾ, യഥാർത്ഥമായി നമ്മുടെ പ്രാർത്ഥനയിൽ രാജ്യവും ശക്തിയും മഹത്വവും ദൈവത്തിനു തന്നെയാണോ കൊടുക്കുന്നത് എന്ന് വിലയിരുത്തേണ്ടതുണ്ട്. പല പ്രാർത്ഥനകളും ശ്രദ്ധിച്ചാൽ അതിൽ പ്രത്യക്ഷമായോ പരോക്ഷമായോ അറിഞ്ഞോ അറിയാതയോ, മനുഷ്യനും, പിശാചിനും ഒക്കെ ആണ് മഹത്വം കൊടുക്കുന്നത്.

ദൈവഹിതപ്രകാരമുള്ള പ്രാർത്ഥന നമ്മിൽ നിന്നുയരുവാൻ വേണ്ടിയാണു കർത്താവു ഈ പ്രാർത്ഥന നമ്മെ പഠിപ്പിക്കുന്നത്. അനുദിനം പ്രാർത്ഥനയിൽ നാം വളരേണ്ടതുണ്ട്. ആത്മാവിന്റെ ഞരക്കത്തിന് ഒത്തവണ്ണമുള്ള ഒരു പ്രാർത്ഥന നമ്മിൽ ഉരുത്തിരിയുവാൻ നാം ആഗ്രഹിക്കണം. നമ്മുടെ ബലഹീനതയിൽ നമുക്ക് ബലം നൽകുവാനും വേണ്ടതുപോലെ പ്രാർത്ഥിക്കുവാനും പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നു (റോമർ 8:26). ഒരു കൊച്ചുകുഞ്ഞു കാണാൻ ഇമ്പമുള്ള കാര്യങ്ങൾക്കായി പിതാവിനോട് വാശിപിടിക്കുന്നത് പോലെയല്ലല്ലോ അവൻ ഒരു പുരുഷനായ ശേഷം പിതാവിനോട് ചോദിക്കുന്നത്, മറിച്ചു വിലയേറിയ കാര്യങ്ങൾ ആയിരിക്കാം. മുതിർന്ന ശേഷം ശിശുസഹജമായ കാര്യങ്ങൾ ഉപേക്ഷിക്കുന്നു. അതെ, ഇവിടെ കർത്താവിനോടു അനുരൂപരാകുക എന്നതാണ് ഏറ്റവും വിലമതിക്കുന്നത്, അതിനുള്ള വിശപ്പും ദാഹവും നമ്മിൽ ഉളവാകുകയും അതിനൊത്തവണ്ണം പ്രാർത്ഥിക്കുകയും ചെയ്യുക. •

- **അവിശ്വാസികളോ അവിശ്വസ്തരോ ആകാതിരിക്കാൻ പ്രതിസന്ധിയുടെ വേളകളിൽ ദൈവസന്നിധിയിൽ തീക്ഷ്ണമായി പ്രാർത്ഥിക്കേണ്ടത് അനിവാര്യമാണ്.**
- **നാം അഹങ്കാരികളും ആത്മപ്രശംസ ചെയ്യുന്നവരും ആകാതിരിപ്പാൻ അഭിവൃദ്ധിയുടേയും സമൃദ്ധിയുടെയും കാലങ്ങളിൽ ദൈവാശ്രയത്തോടെ പ്രാർത്ഥിക്കേണ്ടതും അത്യാവശ്യമാണ്.**
- **നാം ഭയചകിതരും സംശയാലുക്കളും ആകാതിരിക്കേണ്ടതിനു ആപൽഘട്ടങ്ങളിൽ പൂർണ്ണാശ്രയത്തോടെ പ്രാർത്ഥിച്ചേ മതിയാകൂ...**
- **സുരക്ഷിത വേളകളിലും സ്വയം പര്യാപ്തതമാണെന്ന ചിന്തയിൽ അഹങ്കരിക്കാതിരിക്കുവാൻ നന്ദി നിറഞ്ഞ ഹൃദയത്തോടെ സ്തോത്രം ചെയ്തു പ്രാർത്ഥിക്കുവാൻ നാം കടംപെട്ടിരിക്കുന്നു.**

**ബില്ലി ഗ്രഹാം**



ജോർജ് മാത്യു, പുതുപ്പള്ളി

# കോപവും തിരക്കഭിനയവും കുഴിച്ചുമൂടാം

വിശ്വാസലോകത്തെ കാർന്നുതിന്നുന്ന മാരകമായ അർബുദങ്ങളാണ് കോപവും, തിരക്കഭിനയിക്കുന്ന സ്വഭാവവും. ഇവ രണ്ടിൽ നിന്നും എന്തു ത്യാഗം സഹിച്ചും ദൈവജനം പൂർണ്ണമായും ഒഴിഞ്ഞിരിക്കണം. ഇവ ദൈവമക്കളുടെ ജീവിതവുമായി കൂട്ടിക്കുഴച്ച് പിശാച് തന്റെ സാമ്രാജ്യം വിസ്തൃതമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പുറമെനിന്നു നോക്കുമ്പോൾ നിസാരമെന്നു തോന്നാമെങ്കിലും ഈ രണ്ട് ദു:സ്വഭാവങ്ങളുടെയും പരിണിതഫലം അത്യന്തം ഗുരുതമ്മാണ്. ആരെങ്കിലും നമ്മെ ശുണ്ഠി പിടിപ്പിക്കുകയോ, ക്ഷോഭിപ്പിക്കുകയോ ചെയ്താൽ അൽപ്പം കോപിക്കുന്നതിനെപ്പറ്റി ആരും കാര്യമാക്കാറില്ല. സ്വാഭാവികമായി ഉണ്ടാകുന്ന മാനുഷിക വികാരമായി പലരും അതിനെ കാണുന്നു.

ദൈവം വെറുക്കുന്ന ഒരു പാപമാണ് കോപം. കോപിഷ്ഠരെ കൊലപാതകികളായി ബൈബിൾ വിശേഷിപ്പിക്കുന്നു. കോപമാണല്ലോ ഹാബേലിനെ കൊല്ലാൻ കയീനെ പ്രേരിപ്പിച്ചത്. കോപിക്കുമ്പോൾ നമ്മുടെ ആത്മാവിൽ പാപവ്രണങ്ങൾ സൃഷ്ടിക്കപ്പെടുന്നു. കോപിഷ്ഠർ സാത്താന്റെ രാജ്യത്തിന്റെ അവകാശികളാണ്. ആകയാൽ കോപത്തിന് നാം അടിമകളാകരുത്. യേശുകർത്താവ് യരുശലേം ദൈവാലയത്തിലെ പൊൻവാണിഭക്കാരോട് കോപിച്ചല്ലോ, പിന്നെ ഞാൻ അൽപ്പം കോപിച്ചാൽ എന്താണ് കുഴപ്പം? എന്നു ചോദിക്കുന്നവർ കണ്ടേക്കാം.

യേശുകർത്താവ് നമ്മെപ്പോലെ പാപിയല്ല. പാപമില്ലാത്ത മഹാദൈവമാണ്. ദൈവാലയം അശുദ്ധമാക്കിയതു കണ്ടപ്പോൾ പരിശുദ്ധാത്മാവിനാൽ പ്രേരിതനായി സ്നേഹത്താൽ ഹൃദയവേദന അനുഭവിച്ചതു കൊണ്ടാണ് കോപിച്ചത്. നാം കോപിക്കുന്നത് അങ്ങനെയാണോ? മനുഷ്യന്റെ കോപം ദൈവം ആഗ്രഹിക്കുന്ന നീതി നിറവേറ്റാൻ ഉതകുന്നതല്ല (യാക്കോബ് 1:20). കോപം പിശാചിന്റെ വിഷമുള്ളാണ്. കോപത്തെ കീഴടക്കാൻ നാം വിശ്വാസപ്പോരാട്ടം നടത്തണം. സാത്താന്റെ പ്രവൃത്തികളെ അഴിപ്പാനാണ് യേശുകർത്താവ് ഭൂമിയിൽ വന്നത്. കോപമെന്ന പൈശാചിക ബന്ധനത്തെ അഴിക്കാൻ യേശു തീർച്ചയായും നമ്മെ സഹായിക്കും. അതിസൗമ്യനായ യേശുകർത്താവിനെ നാം മന:ക്കണ്ണുകളാൽ കാണുക.

കോപമെന്ന അധമവികാരത്തോട് പ്രാണത്യാഗത്തോളം പോരാടുക. സൗമ്യതയുടെ മാർഗം നമ്മെ സ്വർഗത്തിലേക്കു നയിക്കും. സൂര്യൻ അസ്തമിക്കുവോളം കോപം വച്ചുകൊണ്ടിരിക്കരുത്. കോപത്തോടെ ഉറങ്ങാൻ പോകരുത്. നാം ആരോടു കോപിക്കുന്നുവോ അവരോടു ഹൃദയപൂർവം ക്ഷമ ചോദിക്കുക. പൗലൊസ് എഴുതുന്നു, കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ. സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം വച്ചുകൊണ്ടിരിക്കരുത്. (എഫേസ്യർ 4 : 26). ഗിരിപ്രഭാഷണത്തിൽ കർത്താവ് പറയുന്നത് ഇതോടൊപ്പം കൂട്ടി വായിക്കുക. ഞാനോ, നിങ്ങളോടു പറയുന്നത്, സഹോദരനോടു കോപിക്കുന്നവൻ എല്ലാം ന്യായവിധിക്കു യോഗ്യനാകും. സഹോദരനോട് നിസാരാ എന്നു പറഞ്ഞാലോ ന്യായാധിപസഭയുടെ മുമ്പിൽ നിൽക്കേണ്ടി വരും. മൂഡാ

എന്നു പറഞ്ഞാലോ അഗ്നിനരകത്തിന് യോഗ്യ നാകും (മത്തായി 5 : 22). യേശുകർത്താവിന്റെ ഈ പ്രഖ്യാപനം നമ്മെ ഇരുത്തിച്ചിന്തിപ്പിക്കട്ടെ.

**തിരക്ക് അഭിനയിക്കുക!**

ഇതു നല്ലതാണെന്നാണ് ചില ആത്മീയർ പോലും കരുതുന്നത്. സമൂഹത്തിൽ നമുക്കുള്ള മാന്യത വർദ്ധിപ്പിക്കാൻ ഇതു സഹായിക്കുമെന്നാണ് അവരുടെ ചിന്ത. എന്നാൽ ഇതിലൂടെ എന്താണ് സാധിക്കുന്നത്? ഇത് യേശുവിൽനിന്ന് നമ്മെ അകറ്റുന്നു. കള്ളം പറയാൻ നമ്മെ പ്രേരിപ്പിക്കുന്നു. കള്ളം പറയുമ്പോൾ ഉണ്ടാകുന്ന മന:സാക്ഷിക്കുത്തും പാപബോധവും നമുക്ക് ഇല്ലാതെയാകുന്നു. നമ്മുടെ വിശ്വാസജീവിതത്തിനു കളങ്കം ചാർത്തുന്ന ഒരു പാപമാണിത്. യേശുവുമായി നാം ഏകീകരിക്കപ്പെട്ടിരിക്കുന്നുവോ എന്നതാണു പ്രധാനം. യേശുവിനോടു ചേർന്നു പ്രവർത്തിക്കുമ്പോഴാണ് നമുക്ക് ആത്മീയജീവൻ ലഭിക്കുക. അതിലൂടെയാണ് നിത്യതയിൽ ഫലം കണ്ടെത്താൻ സാധിക്കുക.

തിരക്കഭിനയമാണ് ആത്മീയരുടെ ശക്തി ക്ഷയിപ്പിക്കുന്ന മറ്റൊരു ദു:സ്വഭാവം. ശുശ്രൂഷകരെയും വിശ്വാസികളെയും ഒരുപോലെ ഇത് വേട്ടയാടുന്നു. ഞാൻ വളരെ ബിസിയാണ്. എന്നെ ശല്യം ചെയ്യരുത്, പ്ലീസ്. നാം ചിലരെ വിളിക്കുമ്പോൾ അവർ പറയുന്ന മറുപടിയാണ്. ഒരു പണിയുമില്ലാതെ വീട്ടിൽ കുത്തിയിരിക്കുന്നവരും പറയുന്ന മറുപടി ഇതായിരിക്കും. ചിലരെ പ്രസംഗത്തിനു ക്ഷണിക്കുമ്പോൾ, ഡയറി കാലിയായിരിക്കുമ്പോഴും അവർ പറയും ഈ ദിവസങ്ങളിലെല്ലാം ഞാൻ വളരെ ബിസിയാണ്, എങ്കിലും ശനിയാഴ്ച രാത്രിയിലെ പ്രസംഗത്തിനാണെങ്കിൽ ഒരു ഡേറ്റ് തരാമോയെന്നു നോക്കട്ടെ. കൺവൻഷന്റെ സമാപനരാത്രിയിലാണ് ജനം കൂടുതലായി വരുന്നതെന്ന് അവർക്കു നല്ലവണ്ണം അറിയാം. നോക്കണേ... തിരക്കഭിനയം നമ്മെക്കൊണ്ട് ചെയ്യിക്കുന്ന പാപത്തിന്റെ ഭീകരത. നമ്മെ ജോലിത്തിരക്കുള്ളവരാക്കി തീർത്തുകൊണ്ടാണ് സാത്താൻ നമ്മെ യേശുവിൽനിന്ന് അകറ്റാൻ ശ്രമിക്കുന്നത്. തിരക്ക് കൂടുമ്പോൾ നമ്മുടെ വ്യക്തിപരമായ പ്രാർത്ഥന അവസാനിക്കുമെന്ന് അവനറിയാം. ചിലർക്കു തങ്ങളുടെ ജോലി അവരുടെ മന:സാക്ഷിയെ നിർജ്ജീവമാക്കുന്നതിനുള്ള ഒരു ഉപാധിയാണ്. അവരുടെ ജീവിതം നിർമ്മലമായിരിക്കുകയില്ല. പ്രാർത്ഥനാജീവിതം കപടവുമായിരിക്കും. സാത്താൻ, ധൃതിയുടെ ദുരാത്മാവ് ഉള്ളവനാണ്. യേശുവോ, സമാധാനത്തിന്റെ പ്രഭുവും

ജോലിയിൽ തിരക്കുള്ളപ്പോൾ നാം യേശുവിനെ മറന്നുപോകും. ജോലിത്തിരക്ക് നമ്മെ നിശ്ചയമായി യേശുവിൽ നിന്നകറ്റും. അതു നമ്മുടെ നിത്യതയുടെ ദർശനം ഇല്ലാതാക്കും. നമ്മുടെ സ്വർഗ്ഗപ്രവേശനത്തെപ്പോലും തടഞ്ഞെന്നു വരാം. യേശുവിൽ നിന്നു നമ്മെ അകറ്റുന്ന ജോലിത്തിരക്ക് ഏതു വിധേനയും ഒഴിവാക്കിയേ മതിയാകൂ. തിരക്കഭിനയിക്കുന്ന കപടഭാവത്തോട് എന്നന്നേക്കുമായി വിടപറയാം. നമ്മെ വിളിക്കുന്ന ആരോടും ബിസിയല്ല എന്നു പറയുവാൻ വിനയത്തിന്റെ പാഠം നമുക്ക് അഭ്യസിക്കാം.

യേശുവിനോടുകൂടെ ജീവിക്കുന്നതിനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം. തിരക്കഭിനയിക്കുന്ന സ്വഭാവം നമ്മെ നരകത്തിൽ കൊണ്ടെത്തിക്കും. എന്ത് നഷ്ടം വന്നാലും കർത്താവിലാശ്രയിച്ച് ആ ദുഷ്ടസ്വഭാവത്തിൽനിന്നും നമുക്കു വിടുതൽ പ്രാപിക്കാം. നാം തിരക്കുള്ളവരാണെന്ന കാര്യം ദൈവം മാത്രം അറിയട്ടെ. ഒരു മനുഷ്യരെയും അത് അറിയിക്കാതിരിക്കാം. ഏതുസമയത്തും, യേശുവിന്റെ ഭാവത്തിൽ സംസാരിച്ച്, വേദനിക്കുന്നവരെ ആശ്വസിപ്പിക്കുന്ന ക്രിസ്തുശിഷ്യരായി, രോഗത്തിന്റെ വിഷമത്തിൽ കഴിയുന്ന സഹോദരങ്ങളുടെ വേദന ഒപ്പുന്ന മിത്രങ്ങളായി നമുക്കു മാറാം. കൂടുതൽ സംസാരിക്കുന്നവരായി മാത്രം തീരാതെ, ദു:ഖിക്കുന്നവരെ കാരുണ്യത്തോടെ ശ്രവിക്കുന്ന കാതുകളായി തീരാം. അനേകർ ഈ നാളുകളിൽ നമ്മുടെ വാക്കുകളാൽ ആശ്വാസം പ്രാപിക്കട്ടെ. നമ്മുടെ നന്മയുടെ പങ്ക് രുചിച്ചറിഞ്ഞ് ദൈവത്തെ സ്തുതിക്കുന്നവരായി മാറട്ടെ. തളർന്നിരിക്കുന്നവനോട് സമയോചിതമായ വാക്കു സംസാരിക്കാൻ ആണ് കർത്താവ് നമുക്ക് ശിഷ്യന്മാരുടെ നാവു തന്നിരിക്കുന്നത്

തിരക്കഭിനയിക്കുന്ന കപടക്രിസ്ത്യാനി എന്ന ദുഷ്പ്പേര് നമുക്കു മാറ്റിയെടുക്കാം. യേശുവിന്റെ സൗമ്യത നമ്മുടെ മുഖമുദ്രയായിരിക്കട്ടെ. ആർക്കും ഏതു സമയത്തും കടന്നുവന്ന് ആശ്വാസം പ്രാപിക്കാൻ സഹായിക്കുന്ന സൗമ്യനായ ദൈവപുരുഷൻ എന്നു ലോകം നമ്മെക്കുറിച്ചു പറയട്ടെ. ഏതു സാഹചര്യത്തിലും നിലമറന്നു സംസാരിക്കാതെ സൗമ്യതനിറഞ്ഞ ഭക്തൻ എന്നു മറ്റുള്ളവർ നമ്മെക്കുറിച്ചു സാക്ഷിക്കട്ടെ. ഈ പ്രതിസന്ധിയുടെ നാളുകളിൽ മറ്റുള്ളവരുടെ ഭാരങ്ങൾ കയറ്റിവയ്ക്കുന്ന വഴിയരികിലെ ചുമടുതാങ്ങുകളായി നമുക്കു തീരാം. ●



ജെസ്സി സാജു




# യൗവനത്തിലേക്കുള്ള പ്രയാണത്തിൽ...

**മ**ക്കൾ കൗമാരപ്രായത്തിൽ നിന്നും യൗവനത്തിലേക്കു പ്രവേശിക്കുമ്പോൾ മിക്കവരും ഉപരിപഠനത്തിനായി വീടുവിട്ട് ഹോസ്റ്റലിൽ താമസിക്കേണ്ടി വരുന്നു. ഉപരിപഠനം കഴിഞ്ഞാൽ ജോലിയും അതേത്തുടർന്ന് അവർ അവരുടെ ലോകത്തിലേക്കും പ്രവേശിക്കുന്നു. ചുരുക്കത്തിൽ, കൗമാരം കഴിഞ്ഞാൽപ്പിന്നെ, കുഞ്ഞുങ്ങൾ മിക്കപ്പോഴും നമ്മോടുകൂടെയില്ല. അവരുടെ മേൽ നമുക്കുള്ള സ്വാധീനം സ്വാഭാവികമായും കുറഞ്ഞു കുറഞ്ഞു വരുന്നതായാണ് മിക്കപ്പോഴും കാണുന്നത്. ഇങ്ങനെ വീട്ടിൽ നിന്നും മാറി നിൽക്കുന്ന കുഞ്ഞുങ്ങൾ മാനുഷികമായി പറഞ്ഞാൽ അവരുടെ സ്വാതന്ത്ര്യത്തിന്റെ ലോകത്തിലേക്ക് പ്രവേശിക്കുകയാണ്. മിക്കപ്പോഴും അത് നമുക്ക് ഒഴിവാക്കാനും കഴിയില്ല. എന്നാൽ കുഞ്ഞുങ്ങൾക്ക് ലഭിക്കുന്ന ഈ പുതിയ സ്വാതന്ത്ര്യം അവർ എങ്ങനെ ഉപയോഗിക്കുന്നു എന്നതാണ് ആത്മീയരായ മിക്ക മാതാപിതാക്കളുടേയും ഏറ്റവും വലിയ ചിന്താഭാരം.

ചിലർ ചിന്തിക്കുന്നത് അവർ തങ്ങളുടെ തണലിൽ ആയിരുന്നു, അവർക്ക് പ്രായവും പക്വതയും ഒക്കെ ഉണ്ടല്ലോ, ഇനി അവരെ അവരുടെ പാട്ടിനു വിട്ടേക്കാം എന്നാണ്. എന്നാൽ ഈ മനോഭാവം ഒരിക്കലും അനുയോജ്യമല്ല. നാം അവർക്ക് സ്വാതന്ത്ര്യം കൊടുക്കണം, എന്നാൽ അവർ തുറന്നു വിട്ട ഒരു പക്ഷിയെന്നപോലെ ആകരുതുതാനും. നമ്മുടെ ഉപദേശവും സ്നേഹവും താക്കീതും എപ്പോഴും അവർക്ക് ആവശ്യം തന്നെയാണ്. എന്നാൽ, അത് സ്നേഹത്തിൽ നിന്നാവണം. എന്തിനും ഏതിനും അവർ നമ്മെ ആശ്രയിച്ച് ജീവിക്കണം എന്നല്ല അർത്ഥമാക്കുന്നത്. അവരുടെ ജീവിതത്തിലെ എല്ലാ കാര്യങ്ങളും നമ്മോടു ചർച്ച ചെയ്യുവാനുള്ള സ്വാതന്ത്ര്യം നാം അവരിൽ ഉളവാക്കി എടുക്കണം. അവരുടെ ആവശ്യങ്ങളും ആഗ്രഹങ്ങൾ പോലും അവർ നമ്മോട് പങ്കുവയ്ക്കട്ടെ, അനുഭാവപൂർവം അതു കേൾക്കാനും പരിഗണിക്കാനും, യഥാർത്ഥത്തിൽ അത് അവ

**എന്നാൽ അവർ തുറന്നു വിട്ട ഒരു പക്ഷിയെന്ന പോലെ ആകരുതുതാനും. നമ്മുടെ ഉപദേശവും സ്നേഹവും താക്കീതും എപ്പോഴും അവർക്ക് ആവശ്യം തന്നെയാണ്. എന്നാൽ, അത് സ്നേഹത്തിൽ നിന്നാവണം**

രുടെ ആവശ്യമാണെങ്കിൽ നമ്മുടെ കഴിവിനനുസരിച്ച് നിർവഹിച്ചു കൊടുക്കാനും നാം തയ്യാറാവണം. എന്നാൽ എല്ലാം ദൈവത്തിന്റെ ദാനമാണ് എന്ന് എപ്പോഴും അവരെ ഓർമിപ്പിച്ചുകൊണ്ടിരിക്കണം.ശരിക്കും പറഞ്ഞാൽ, നമ്മുടെ അസാന്നിധ്യത്തിൽ പോലും അവർ എന്തിനുമേതിനും ദൈവത്തെ ആശ്രയിക്കാൻ ആണ് നാം അഭ്യസിപ്പിക്കേണ്ടത്.

കുട്ടികൾ യുവാക്കളായതിനു ശേഷം ഇതൊക്കെ അവരെ അഭ്യസിപ്പിക്കാം എന്ന് ആരും ചിന്തിക്കേണ്ടതില്ല. ചെറുപ്പത്തിലെ, കുട്ടികളെ ദൈവീകബന്ധത്തിൽ വളർത്തിയെങ്കിൽ മാത്രമേ യുവത്വത്തിന്റെ പ്രതിസന്ധികളിൽ അവർ ദൈവത്തെ ആശ്രയിക്കുകയുള്ളൂ. ഓരോ ചെറിയ കാര്യങ്ങൾക്കുവേണ്ടിപ്പോലും ദൈവമുഖത്തേക്ക് നോക്കുവാൻ അവർ വീട്ടിൽ നിന്ന് തന്നെ അഭ്യസിക്കട്ടെ. മാതാപിതാക്കൾ ദൈവാശ്രയത്തിന്റെ മാതൃക കാട്ടിയെങ്കിൽ മാത്രമേ അവർ അത് അഭ്യസിക്കുകയുള്ളൂ.

ഇന്നത്തെ പ്രശ്നം നമുക്ക് ദൈവം നൽകിയ സമൃദ്ധി നമ്മെ ദൈവത്തിൽ നിന്ന് അകറ്റിക്കളഞ്ഞിരിക്കുന്നു എന്നതാണ്. ചോദിക്കുന്നതെല്ലാം, ആവശ്യമുള്ളതും അല്ലാത്തതും ഒരു നിമിഷം പോലും വൈകാതെ പലരും കുഞ്ഞുങ്ങൾക്ക് നൽകുന്നു. നമ്മുടെ കുഞ്ഞുങ്ങൾ അല്ലലറിയാതെ വളരട്ടെ എന്നാണ് നമ്മൾ ചിന്തിച്ചത്. അതുകൊണ്ട് അവർ അല്ലലും അറിഞ്ഞിട്ടില്ല ദൈവത്തെയും അറിഞ്ഞിട്ടില്ല. എല്ലാം ദൈവത്തിന്റെ ദാനമാണെന്ന് അറിഞ്ഞുകൊണ്ട് കുഞ്ഞുങ്ങൾ ജീവിക്കട്ടെ. മറ്റുള്ളവരുമായി പങ്കുവെയ്ക്കുവാനും മറ്റുള്ളവരിൽനിന്ന് സ്വീകരിക്കുവാനും നമ്മുടെ കുഞ്ഞുങ്ങൾ അഭ്യസിക്കണം. ഒരു സമൂഹത്തിന്റെ ഭാഗമാണ് തങ്ങൾ എന്ന തിരിച്ചറിവിൽ വേണം കുഞ്ഞുങ്ങൾ ജീവിക്കാൻ. അങ്ങനെയെങ്കിൽ യൗവനത്തിൽ അവർ ദൈവികബന്ധത്തിലും മാനുഷികബന്ധത്തിലും ഉറപ്പുള്ളവർ ആയി ജീവിക്കും.

വക്രതയും കോട്ടവും ഉള്ള ഈ തലമുറയിൽ നമ്മുടെ കുഞ്ഞുങ്ങൾ അനിന്ദ്യരും പരമാർഥികളും ദൈവത്തിന്റെ പ്രിയമക്കളുമായി ജീവിക്കുക എന്നത് ചില്ലറക്കാര്യമല്ല. എപ്പോഴും പ്രലോഭിപ്പിച്ചുകൊണ്ടു വാതിൽക്കൽ കിടക്കുന്ന പാപത്തെ, ദിനംതോറും കീഴടക്കാനും വിജയകരമായ ഒരു ക്രിസ്തീയജീവിതം നയിക്കാനും വളരെ ദൈവകൃപയും പരിശുദ്ധാത്മനിറവും അത്യന്താപേക്ഷിതമാണ്.നമ്മുടെ കുഞ്ഞുങ്ങളുടെ ചെറിയ പ്രായത്തിൽ തന്നെ അവരിൽ പരിശുദ്ധാത്മനിറവ് ഉണ്ടാകണം. അതിന്റെ ആവശ്യകത അവരെ പറഞ്ഞു ബോധ്യപ്പെടുത്തുകയും അതിനായി മാതാപിതാക്കൾ പ്രാർത്ഥിക്കുകയും ഉപവസിക്കുകയും വേണം. ചെറുപ്പത്തിൽത്തന്നെ യേശു അവരിൽ നിറഞ്ഞു കഴിഞ്ഞാൽ യുവാക്കൾ ആയിരിക്കുമ്പോഴും ഭവനത്തിൽ നിന്ന് വിദൂരത്തിൽ ആയിരിക്കുമ്പോഴും പരിശുദ്ധാത്മാവിൽ നിറഞ്ഞ ഒരു ജീവിതം ജീവിക്കുവാൻ നമ്മുടെ കുഞ്ഞുങ്ങൾക്ക് കഴിയും.

ഉപരിപഠനത്തിനും ജോലിക്കുമായി വീടുവിട്ട് ദൂരെയുള്ള സ്ഥലങ്ങളിലേക്ക് നമ്മുടെ കുഞ്ഞുങ്ങൾ പോകുമ്പോൾ അവരെ ആ പട്ടണത്തിലുള്ള നല്ല സഭകളുമായി ബന്ധപ്പെടുത്തുവാൻ ഉത്സാഹിക്കണം. അവിടുത്തെ പാസ്റ്ററും കുടുംബവുമായി നല്ല ബന്ധം സൂക്ഷിക്കാൻ അവരെ പ്രേരിപ്പിക്കണം. എപ്പോഴും ശ്രദ്ധിക്കുന്ന ചിലർ അവരുടെ ചുറ്റും ഉണ്ടെന്നുള്ള തിരിച്ചറിവ് അവർക്ക് അനിവാര്യമാണ്. നല്ല സൗഹൃദബന്ധങ്ങളിൽ കുഞ്ഞുങ്ങൾ ആയിരിക്കുന്നു എന്ന് മാതാപിതാക്കൾ ഉറപ്പുവരുത്തേണ്ടതും ആണ്. ദുഷിച്ച കൂട്ടുകെട്ടുകൾ ദുഷ്പ്രവണതകളിലേയ്ക്ക് വഴിതെറ്റിച്ചു തിക്താനുഭവങ്ങളിലേയ്ക്ക് നടത്തുവാൻ സാധ്യത ഏറെയാണ്. മക്കളുടെ ആത്മീയതയെ കുറിച്ച് അവരുടെ ലോക്കൽ പാസ്റ്ററുമായി വിളിച്ചു സംസാരിക്കാനും മറ്റും നാം വളരെ ശ്രദ്ധാലുക്കളായിരിക്കണം. കുഞ്ഞുങ്ങൾ വഴിതെറ്റിപ്പോയാൽ അത് മാതാപിതാക്കൾ അറിയും എന്ന് അവരും അറിയണം.

ഉപരിപഠനത്തിനും ജോലിക്കും ആയി നമ്മിൽ നിന്ന് മാറി നിൽക്കുന്ന കുഞ്ഞുങ്ങൾ ദൈവീകത സൂക്ഷിക്കുന്നതിന് വളരെ പ്രാർത്ഥന അനിവാര്യമാണ്. ശരിക്കും പ്രാർത്ഥനയും കരച്ചിലും ഉപവാസവും ഒക്കെ ഇന്ന് നമ്മുടെ കുഞ്ഞുങ്ങൾക്ക് വേണ്ടി ആവണം. യെരുശലേംപുത്രിമാരെ നിങ്ങൾ എന്നെച്ചൊല്ലി കരയേണ്ട, നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലിക്കരയുവിൻ എന്ന കർത്താവിന്റെ പ്രബോധനം ഇത്തരുണത്തിൽ വളരെ പ്രസക്തമാണ്. നമ്മുടെ കുഞ്ഞുങ്ങൾ ലൗകീകമായി വിജയികളായാലും ആത്മീയമായി പരാജയപ്പെട്ടാൽ എന്തുപ്രയോജനം? അതിനാൽ യുവാക്കളായ നമ്മുടെ മക്കൾക്ക് വേണ്ടി നമുക്ക് കരഞ്ഞു ഉപവസിച്ചു പ്രാർത്ഥിക്കാം.....

●



## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

# സ്വർഗ്ഗരാജ്യത്തിന്റെ ഉപമകൾ

**ക**ഴിഞ്ഞ രണ്ട് ലക്കങ്ങളിലായി സ്വർഗ്ഗരാജ്യത്തെ സദൃശ്യപ്പെടുത്തി കർത്താവ് പറഞ്ഞ രണ്ടു ഉപമകളെക്കുറിച്ച് നാം ചിന്തിച്ചു കഴിഞ്ഞു. വിത്തു വിതയ്ക്കുന്നവന്റെ ഉപമയും, നല്ല വിത്തും കളയും, എന്ന ഉപമയും! മറ്റ് ഉപമകളെക്കുറിച്ചാണ് ഇപ്പോൾ നാം ചിന്തിക്കുന്നത്.

**1. കടുകുമണിയുടെ ഉപമ**

മറ്റൊരു ഉപമ അവൻ അവർക്ക് പറഞ്ഞു കൊടുത്തു: സ്വർഗ്ഗരാജ്യം കടുകുമണിയോട് സദൃശ്യം. അത് ഒരു മനുഷ്യൻ എടുത്ത് തന്റെ വയലിൽ ഇട്ടു. അത് എല്ലാ വിത്തിലും ചെറിയതെങ്കിലും വളർന്നു സസ്യങ്ങളിൽ ഏറ്റവും വലുതായി, ആകാശത്തിലെ പറവകൾ വന്നു അതിന്റെ കൊമ്പുകളിൽ വസിപ്പാൻ തക്കവണ്ണം വൃക്ഷമായിത്തീർന്നു (മത്തായി 13: 31, 32).

കടുകുമണി എല്ലാവിധത്തിലും ചെറുതാണ്. കറുപ്പു, ബ്രൗൺ, വെള്ള എന്നീ നിറങ്ങളിലും കടുകുമണികൾ ഉണ്ടല്ലോ. കടുകു സസ്യമോ മരമോ കുറ്റിച്ചെടിയോ ആകാം. 20 അടി വരെ ഉയരമുള്ളതും ശാഖകൾ പടർന്നതും ആയ ഒരു മരമായിട്ടും ഇത് വളരും. സ്വർഗ്ഗരാജ്യത്തിന് സദൃശമായി കടുകുമണി ഒരു മനുഷ്യൻ തന്റെ വയലിൽ ഇട്ടതിനെക്കുറിച്ച് കർത്താവ് പറയുന്നു. അത് വളർന്നു, സസ്യങ്ങളിൽ ഏറ്റവും വലുതാകുന്നു. ആകാശത്തിലെ പക്ഷികൾ അതിന്റെ ശാഖകളിൽ വന്നിരിക്കുന്നു. വിശ്രമം കണ്ടെത്തുന്നു. സ്വർഗ്ഗരാജ്യത്തിന്റെ വളർച്ചയുടെ സ്വഭാവമാണ് ഈ ഉപമ വ്യക്തമാക്കുന്നത്.

യേശുകർത്താവ് ഒരു ദാസന്റെ മനോഭാവത്തോടെയാണ് പ്രവർത്തിച്ചത്. എല്ലാവരെയും ശുശ്രൂഷിക്കുന്നവനെപ്പോലെ ആയിരുന്നു അവിടുന്ന്. കർത്താവ് പ്രസംഗിച്ചതും പഠിപ്പിച്ചതും സ്വർഗ്ഗരാജ്യത്തെക്കുറിച്ച് ആയിരുന്നു. അത് അപ്രസക്തവും അപ്രായോഗികവും ആയിട്ടായിരിക്കും കേട്ടവർക്ക് തോന്നിയത്. കർത്താവിനെയും തന്റെ ഉപദേശങ്ങളെയും നിർമ്മൂലമാക്കിക്കളയുവാൻ കഴിയുമെന്നു ചിന്തിച്ചു കൊണ്ടാണല്ലോ മഹാപുരോഹിതന്മാരും ശാസ്ത്രിമാരും ഒത്തുചേർന്ന് യേശുവിനെ ക്രൂശിക്കാൻ തയ്യാറായത്. പക്ഷേ സംഭവിച്ചത് എന്താണ്? വയലിൽ വീണ കടുകുമണി മുളച്ച് വളർന്ന് ആകാശത്തിലെ പറവകൾക്ക് അഭയം കൊടുക്കുന്ന വൃക്ഷമായിത്തീർന്നതു പോലെ, കർത്താവ് തന്നിൽ വിശ്വസിക്കുന്നവരുടെ രക്ഷകനും കർത്താവുമായിത്തീർന്നിരിക്കുന്നു. അവിടുന്ന് പഠിപ്പിച്ച സ്വർഗ്ഗരാജ്യം, കർത്താവായി തന്നെ അംഗീകരിക്കുന്നവർ പ്രവേശിച്ചിരി

**കർത്താവിനെയും തന്റെ ഉപദേശങ്ങളെയും നിർമ്മൂലമാക്കിക്കളയുവാൻ കഴിയുമെന്നു ചിന്തിച്ചു കൊണ്ടാണല്ലോ മഹാപുരോഹിതന്മാരും ശാസ്ത്രിമാരും ഒത്തുചേർന്ന് യേശുവിനെ ക്രൂശിക്കാൻ തയ്യാറായത്.**

ക്കുന്ന ആത്മീയ അനുഭവമായിത്തീർന്നു. അക്ഷരീകമായിത്തന്നെ ദൈവരാജ്യം ഭൂമിയിൽ സ്ഥാപിതമാകുന്ന സമയം ആസന്നമായിരിക്കുന്നു. സ്വർഗ്ഗരാജ്യത്തെക്കുറിച്ചുള്ള കർത്താവിന്റെ പഠിപ്പിക്കലുകൾ വളരെ പ്രസക്തവും പ്രായോഗികവുമാണ്.

**2. പുളിച്ച മാവിന്റെ ഉപമ**

അവൻ മറ്റൊരു ഉപമ അവരോട് പറഞ്ഞു: സ്വർഗ്ഗരാജ്യം പുളിച്ചമാവിനോട് സദൃശ്യം. അത് ഒരു സ്ത്രീ എടുത്ത് മൂന്നുപറ മാവിൽ എല്ലാം പുളിച്ചുവരുവോളം അടക്കി വെച്ചു. ( മത്തായി 13: 33 ) സ്വർഗ്ഗരാജ്യത്തിന്റെ കീഴ്പ്പെടുത്തുന്ന സ്വഭാവത്തെയാണ് ഈ ഉപമ വ്യക്തമാക്കുന്നത്. പുളിച്ചമാവ് പുളിപ്പില്ലാത്ത മാവിനെ പുളിപ്പിക്കുന്നു. അതുപോലെ സ്വർഗ്ഗരാജ്യത്തിന്റെ സന്ദേശമായ സുവിശേഷം ആരെയും കീഴടക്കുന്നതാണ്. സാത്താന്റെ അടിമത്വത്തിൽ നിന്നും ജനങ്ങളെ മോചിപ്പിക്കുന്നു, പാപത്തിന്റെ ശക്തിയിൽ നിന്നും രക്ഷിക്കുന്നു. പുളിച്ചമാവ് ഒരു സ്ത്രീ എടുത്ത് മൂന്നുപറ മാവിൽ എല്ലാം പുളിച്ചു വരുവോളം അടക്കിവെച്ചതു പോലെയാണ് സ്വർഗ്ഗരാജ്യം. കൃത്യസമയത്ത് സ്വർഗ്ഗരാജ്യം അതിന്റെ മുഴുവൻ മഹത്വത്തോടെ കർത്താവിന്റെ മടങ്ങിവരവിൽ വെളിപ്പെടും. അന്ന് കർത്താവിനോട് ഒപ്പം തന്റെ വിശുദ്ധന്മാർ ഈ ഭൂമിയിൽ അതിന്റെ അവകാശികൾ ആയി വാഴും. കർത്താവ് എല്ലാറ്റിനെയും പുനരുദ്ധരിക്കുകയും ദൈവരാജ്യം ഭൂമിയിൽ അതിന്റെ പൂർണ മഹത്വത്തോടെ സ്ഥാപിക്കുകയും ചെയ്യും. പിശാചും അവന്റെ ദൂതന്മാരും അവനെ പിന്തുടർന്നവരും പൂർണമായി ഈ ഭൂമിയിൽ നിന്നും നീക്കം ചെയ്യപ്പെടും. വെളിപ്പാട് പുസ്തകം 21, 22 അധ്യായങ്ങളിൽ വിവരിക്കുന്നത് പോലെയുള്ള, അവർണ്ണനീയമായ സൗഭാഗ്യത്തിന് ഉടമകളായി ദൈവമക്കൾ പരിണമിക്കും. അങ്ങനെ ദൈവത്തിന്റെ പദ്ധതി സമ്പൂർണ്ണ വിജയത്തിൽ എത്തും.

**3. ഒളിച്ചുവെച്ച നിധി**

സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചുവച്ച നിധിയോട് സദൃശ്യം. അത് ഒരു മനുഷ്യൻ കണ്ടു, മറച്ചുവച്ചു, തന്റെ സന്തോഷത്താൽ ചെന്ന് തനിക്കുള്ളതൊക്കെയും വിറ്റ് ആ വയൽ വാങ്ങി ( മത്തായി 13 :44). സ്വർഗ്ഗരാജ്യത്തിന്റെ വില വ്യക്തമാക്കുന്നതാണ് ഈ ഉപമ. ഒരു മനുഷ്യൻ ആ വയൽ വാങ്ങിയത് അതിൽ ആരും കാണാത്ത ഒരു നിധിയുണ്ടെന്നു കണ്ടെത്തിയത് കൊണ്ടാണ്. ആ നിധി സ്വന്തമാക്കുവാൻ ആണ് അദ്ദേഹം ആ വയൽ വാങ്ങിയത്. സ്വർഗ്ഗരാജ്യത്തിന്റെ പ്രത്യേകതയും അതിന്റെ വിലയും രാജാവിന്റ വിലയാണ്. അതായത് രാജാവായ യേശുവിനെ തിരിച്ചറിയുന്നവരാണ് അഥവാ യേശു ആരാണ് എന്ന വെളിപ്പാട് ലഭിക്കുന്നവരാണ് യേശുവിനെ സ്വന്തമാക്കുവാൻ സ്വർഗ്ഗരാജ്യം ആഗ്രഹിക്കുന്നത്. നിധി കണ്ടെത്തിയ മനുഷ്യൻ തനിക്കുള്ളതൊക്കെയും വിറ്റ് ആ വയൽ വാങ്ങിയത് പോലെ, യേശു ആരാണെന്ന് വെളിപ്പെട്ടു കിട്ടുന്നവർ, സകലവും ഉപേക്ഷിച്ച് യേശുവിനെ നേടേണ്ടതിനായി ജീവിതം കർത്താവിനു സമർപ്പിക്കുന്നു. പൗലോസിന്റെ സാക്ഷ്യം ഇതിനോട് ചേർത്ത് വായിക്കാം. എങ്കിലും എനിക്ക് ലാഭം ആയിരുന്നത് ഒക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്ന് എണ്ണിയിരിക്കുന്നു. അത്രയുമല്ല എന്റെ കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതം എന്നു എണ്ണുന്നു. ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനു ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്തം നീതിയല്ല, ക്രിസ്തുവിങ്കലുള്ള വിശ്വാസംമൂലം ദൈവം വിശ്വസിക്കുന്നവർക്കു നൽകുന്ന നീതി തന്നേ ലഭിച്ചു, അവനിൽ ഇരിക്കേണ്ടതിനും, അവന്റെ മരണത്തോട് അനുരൂപപ്പെട്ടിട്ട് അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയേയും, അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചറിയേണ്ടതിനും, ഇങ്ങനെ വല്ലവിധേനയും മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനം പ്രാപിക്കണം എന്നു വെച്ചും, ഞാൻ അവന്റെ നിമിത്തം എല്ലാം ഉപേക്ഷിച്ചു ചവറു എന്നു എണ്ണുന്നു (ഫിലിപ്പിയർ 3: 7 - 11). യേശുവിനെ സ്വന്തമാക്കുവാൻകൊടുക്കേണ്ട വില പൗലോസ് കൊടുത്ത വില തന്നെയാണ്! തങ്ങളെതന്നെയും തങ്ങൾക്കുള്ള എല്ലാറ്റിനെയും കൊടുത്തു എങ്കിലെ ക്രിസ്തു രാജാവായിരിക്കുന്ന സ്വർഗ്ഗരാജ്യം സ്വന്തമാക്കുവാൻ കഴിയൂ... ക്രിസ്തുവിന്റെ വില അൽപമെങ്കിലുംമനസ്സിലാക്കിയാൽ സന്തോഷത്തോടെ എല്ലാം നൽകി അവിടുത്തെ സ്വന്തമാക്കും.

**4. വിലയേറിയ മുത്ത്**

പിന്നെയും സ്വർഗ്ഗരാജ്യം നല്ല മുത്ത് അന്വേഷിക്കുന്ന ഒരു വ്യാപാരിയോട് സദൃശ്യം. അവൻ വിലയേറിയ ഒരു മുത്ത് കണ്ടെത്തിയാറെ, ചെന്ന് തനിക്കുള്ളതൊക്കെയും വിറ്റ് അത് വാങ്ങി

(മത്തായി 13 :45,46). സ്വർഗ്ഗരാജ്യത്തെ ജാഗ്രതയോടെ അന്വേഷിച്ച് കണ്ടെത്തുവാൻ തക്കവണ്ണം അത് അത്രമാത്രം വിലയേറിയത് എന്ന് വ്യക്തമാക്കുന്നതാണ് ഈ ഉപമ. ഈ ഉപമയിലെ വ്യാപാരി നല്ല മുത്ത് അന്വേഷിച്ച് വരികയായിരുന്നു. അങ്ങനെ അദ്ദേഹം വിലയേറിയ ഒരു മുത്ത് കണ്ടെത്തുന്നു. താൻ പാപി ആണെന്നും, തനിക്കൊരു രക്ഷകനെ ആവശ്യമുണ്ടെന്നും മനസ്സിലാക്കുന്ന വ്യക്തിയാണ് രക്ഷകനെ അന്വേഷിക്കുന്നത്. അങ്ങനെ അന്വേഷിക്കുന്നവർ രക്ഷകനായ യേശുവിനെ കണ്ടെത്തും. അവർ യേശു ആരെന്ന് മനസ്സിലാക്കുന്നതിൽ കൂടി തനിക്ക് ഉള്ളതെല്ലാം വിറ്റ് ആ വിലയേറിയ മുത്ത് വാങ്ങിയ വ്യാപാരിയെ പോലെ തങ്ങളെയും തങ്ങൾക്ക് ഉള്ളതെല്ലാം കർത്താവിനായി സമർപ്പിച്ച് കർത്താവിനെ സ്വന്തമാക്കും.

**5. എല്ലാ വക മീനും പിടിക്കുന്ന വല.**

പിന്നെയും സ്വർഗ്ഗരാജ്യം കടലിൽ ഇടുന്നതും എല്ലാവക മീനും പിടിക്കുന്നതും ആയൊരു വലയോട് സാദൃശ്യം. അവർ അത് വലിച്ച് കരയ്ക്ക് കയറ്റി, ഇരുന്നുകൊണ്ട് നല്ലത് പാത്രങ്ങളിൽ കൂട്ടിവെച്ചു, ചീത്ത എറിഞ്ഞുകളഞ്ഞു. അങ്ങനെതന്നെ ലോകാവസാനത്തിൽ സംഭവിക്കും. ദൂതന്മാർ പുറപ്പെട്ടു നീതിമാന്മാരുടെ ഇടയിൽനിന്ന് ദുഷ്ടന്മാരെ വേർതിരിച്ച് തീച്ചൂളയിൽ ഇട്ടു കളയും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും (മത്തായി 13:47 - 50). സ്വർഗ്ഗരാജ്യത്തിനു യോഗ്യരാകുന്നവർ ആരെന്ന് വ്യക്തമാക്കുന്നതാണ് ഈ ഉപമ. സ്വർഗ്ഗരാജ്യം അതിന്റെ പൂർണശക്തിയോടെ വെളിപ്പെടുന്നത് രാജാധിരാജാവായ യേശുക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷതയോടെയാണ്. അതോടെ ഇന്നത്തെ ലോകവ്യവസ്ഥിതികൾ മാറും. അതുകൊണ്ട് ലോകാവസാനം എന്ന് പറഞ്ഞിരിക്കുന്നു. ഉപമയിൽ പറയുന്നതു എല്ലാ വിധ മീനും അകപ്പെടും എന്നാണ്. ചീത്ത മീനുകളെ പെറുക്കി എറിഞ്ഞു കളയുന്നു. അന്ത്യന്യായവിധിയിൽ ജീവപുസ്തകത്തിൽപേര് എഴുതിയിട്ടില്ലാത്ത എല്ലാവരെയും നിത്യനരകത്തിന് ഏൽപ്പിച്ചു കൊടുക്കും. ക്രിസ്തുവിനോടൊപ്പം പുതിയ ഭൂമിയിൽ എന്നന്നേക്കും നിലനിൽക്കുന്ന സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്, ക്രിസ്തുവിനായി എല്ലാം സമർപ്പിച്ച് അവിടുത്തെ അനുഗമിച്ച വിശുദ്ധന്മാർ അഥവാ നീതിമാന്മാർ മാത്രമായിരിക്കും.

**സ്വർഗ്ഗരാജ്യം അതിന്റെ പൂർണശക്തിയോടെ വെളിപ്പെടുന്നത് രാജാധിരാജാവായ യേശുക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷതയോടെയാണ്. അതോടെ ഇന്നത്തെ ലോകവ്യവസ്ഥിതികൾ മാറും.**

**6. സ്വർഗ്ഗരാജ്യത്തിന്റെ ശിഷ്യൻ.**

ഇതെല്ലാം ഗ്രഹിച്ചുവോ? എന്നതിന് അവർ ഉവ്വ് എന്നു പറഞ്ഞു. അവൻ അവരോട്: അതുകൊണ്ട് സ്വർഗ്ഗരാജ്യത്തിന്റെ, ശിഷ്യനായിത്തീർന്ന ഏത് ശാസ്ത്രിയും തന്റെ നിക്ഷേപത്തിൽ നിന്ന് പുതിയതും പഴയതും എടുത്തു കൊടുക്കുന്ന ഒരു വീട്ടുടയവനോട് സദൃശ്യനാകുന്നു എന്നു പറഞ്ഞു(മത്തായി 13: 51, 52). സ്വർഗ്ഗരാജ്യത്തിന്റെ രാജാവായ ക്രിസ്തുവിന്റെ ശിഷ്യൻ, സ്വർഗ്ഗരാജ്യത്തിന് ശിഷ്യനായിത്തീർന്നിരിക്കുകയാണ്. അവനെ ഉപമിച്ചിരിക്കുന്നത് പുതിയതും പഴയതുമായ നിക്ഷേപങ്ങൾ സ്വന്തമായുള്ള ഒരു വീട്ടുടമസ്ഥനോടാണ്. ക്രിസ്തുവിനെ അനുഗമിക്കുന്നവർ ക്രിസ്തുവിനെ കൂടുതൽ കൂടുതൽ അറിഞ്ഞു കൊണ്ടിരിക്കും. അവർക്ക് ക്രിസ്തുവിനെക്കുറിച്ചും സ്വർഗ്ഗരാജ്യത്തെക്കുറിച്ചും കൂടുതൽ വെളിപ്പാടുകൾ ലഭിച്ചു കൊണ്ടിരിക്കും. പുതിയനിയമത്തിന്റെ വെളിപ്പാടും പഴയനിയമത്തിന്റെ വെളിപ്പാടും അവർക്കുണ്ട്. പുതിയനിയമ വെളിപ്പാട് ക്രിസ്തുവിനെക്കുറിച്ചുള്ളതാണ്. ക്രിസ്തു ആരാണെന്നും ക്രിസ്തുവിൽ കൂടി സാധിച്ചിരിക്കുന്ന നമ്മുടെ വീണ്ടെടുപ്പും ക്രിസ്തുവിലുള്ള നമ്മുടെ ഭാവിപ്രത്യാശയും എല്ലാം ആ വെളിപ്പാടിൽ അടങ്ങിയിരിക്കുന്നു. ഈ സത്യങ്ങൾ തന്നെ പഴയനിയമത്തിൽ മർമ്മം ആയിരുന്നത് നമുക്ക് പ്രാപിക്കുവാൻ കഴിയുന്നു. സ്വർഗ്ഗരാജ്യത്തിലെ ശിഷ്യന്റെ പഠനവിഷയമാണ് രാജാവായ ക്രിസ്തു. തന്റെ ശിഷ്യന്മാർ ഓരോരുത്തരും തിരുവെഴുത്തിന്റെ പഠിതാക്കൾ (ശാസ്ത്രി) ആകുന്നു. അവർക്ക് ക്രിസ്തുവിനെക്കുറിച്ചു ലഭിച്ചിരിക്കുന്ന അറിവ് ദൈവവചനത്തിലൂടെ മറ്റുള്ളവർക്ക് പകർന്നു നൽകുവാനും കഴിയണം. •

## 8 രണ്ടാമൂഴം എന്ന ആനുകൂല്യം

കഥയുടെ പിന്നീടുള്ള ഭാഗങ്ങളിൽ നിക്കി ക്രൂസ് ആണ് പ്രധാന കഥാപാത്രം. നിക്കി സാക്ഷിക്കുവാൻ തുടങ്ങുന്നു, ബൈബിൾ സ്കൂളിൽ പഠിക്കുന്നു, തിരികെ വന്നു ഗാംഗുകളുടെ ഇടയിൽ പ്രവർത്തിക്കുന്നു, പുസ്തകങ്ങൾ രചിക്കുന്നു, സുവിശേഷ യോഗങ്ങൾ നടത്തുന്നു. എന്നാൽ, 'മ്യാവു മ്യാവു' സംഘത്തിന്റെ പ്രസിഡന്റായിരുന്ന യിസ്രായേലിനു എന്തുപറ്റി എന്നു 'സ്വിച്ച് ബ്ലേഡും' 'റൺബേബി റണ്ണും' മൗനം പാലിച്ചിരിക്കുകയാണ്. യിസ്രായേലിനു എന്തുപറ്റി എന്നറിയാൻ എനിക്കു വലിയ ആകാംക്ഷയുണ്ടായിരുന്നു. അങ്ങനെയിരിക്കെയാണു യിസ്രായേലിന്റെ ആത്മകഥാപ്പുസ്തകം എന്റെ കയ്യിൽ വന്നുപെട്ടത്. രക്ഷിക്കപ്പെട്ടുവെങ്കിലും യിസ്രായേലിനു അധികനാൾ വിശ്വാസത്തിൽ പിടിച്ചു നിൽക്കുവാൻ കഴിഞ്ഞില്ല. പിന്മാറ്റത്തിലേക്കു പോയ യിസ്രായേൽ വീണ്ടും ഗുണ്ടാക്കളികളിലേക്കു മാറി. വെറുപ്പും വിദ്വേഷവും അവനിലേക്കു തിരികെ വന്നു. വീണ്ടും പഴയ ജീവിതം! എന്നാൽ, പിന്മാറ്റത്തിൽ വീണുപോയ ഗുണ്ടാത്തലവൻ യിസ്രായേലിനെ ദൈവം തള്ളിക്കളഞ്ഞില്ല. അവനുവേണ്ടി രക്തം മറുവിലയായി കൊടുത്ത യേശുവിന്റെ സ്നേഹം വീണ്ടും അവനെ തേടിച്ചെന്നു. യിസ്രായേലിനെ ദൈവം വീണ്ടും യഥാസ്ഥാനപ്പെടുത്തി. തന്റെ യഥാസ്ഥാപന ചരിത്രം വിവരിക്കുന്ന ആത്മകഥയ്ക്കു യിസ്രായേൽ നല്കിയ പേര് "The second chance" (രണ്ടാമൂഴം) എന്നായിരുന്നു. അതെ.. ദൈവത്തിന്റെ പക്കൽ നമുക്കുവേണ്ടി അവിടുന്ന് കരുതിയിരിക്കുന്ന ഒരു രണ്ടാമൂഴമുണ്ട്!

യോനായുടെ ചരിത്രത്തിലേക്കു മടങ്ങിവരാം. യോനായുടെ പുസ്തകം ഒന്നാം അധ്യായം യോനാ പ്രവാചകന്റെ മത്സരത്തിന്റെ ചരിത്രമാണെന്നു നാം കണ്ടു. മൂന്നാം അധ്യായം തുടങ്ങുന്നതു ദൈവം യോനായ്ക്കു മടങ്ങിവരവിനായി നല്കുന്ന രണ്ടാമൂഴത്തിന്റെ ചരിത്രവും. എന്നാൽ ഈ അവസ്ഥകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇടനാഴിയുണ്ടല്ലോ, രണ്ടാം അധ്യായം... അതു യോനായുടെ നുറുക്കത്തിന്റെ (brokenness) കഥയാണ്. മത്സരത്തിന്റെയും മടങ്ങിവരവിന്റെയും ഇടയിൽ നുറുക്കത്തിന്റെ അവസ്ഥ അനിവാര്യമാണെന്നു യോനായുടെ ചരിത്രം നമ്മെ പഠിപ്പിക്കുന്നു. എന്നാൽ, ഈ ഒരു നുറുക്കത്തിനായി അവനു എന്തൊക്കെ സഹിക്കേണ്ടിവരുന്നു. കപ്പൽഛേദത്തിനടുത്തെത്തുന്ന കടലിലെ ആപത്ത്! ലോകത്തിലിന്നുവരെ ഒരാൾക്കും അനുഭവിക്കേണ്ടിവന്നിട്ടില്ലാത്ത നിലയിൽ മത്സ്യത്തിന്റെ വയറ്റിൽ മൂന്നു ദിവസത്തെ ഇരുൾവാസം! അനുസരണത്തിന്റെ വഴിയിൽനിന്നു മത്സരത്തിന്റെ പാതയിലേക്കു ചാടിപ്പുറപ്പെട്ടിരുന്നില്ലെങ്കിൽ ഈ അസാധാരണ പ്രതിസന്ധികളൊക്കെ അനുഭവിക്കേണ്ടിവരുമായിരുന്നുവോ?

മത്സ്യത്തിന്റെ വയറ്റിൽവച്ച് യോനായ്ക്കു കാര്യമായ മാനസാന്തരമൊന്നും ഉണ്ടായില്ല എന്നു വാദിക്കുന്നവരുണ്ട്. ഒരുപക്ഷേ മത്സ്യത്തിന്റെ ഉള്ളിലെ കാരാഗൃഹവാസമൊന്നും യോനായെ ഒരു പൂർണതയുള്ള വ്യക്തിത്വമാക്കിയിരിക്കണമെന്നില്ല. എന്നാലും ദൈവത്തിൽനിന്നു ഒളിച്ചോടിയ യോന ഇപ്പോൾ നോക്കുന്നതു ദൈവത്തിങ്കലേക്കാണ് എന്നതു അവന്റെ മാനസാന്തരത്തിന്റെ, മടങ്ങിവരവിന്റെ ലക്ഷണം തന്നെയാണ്. മത്സ്യത്തിന്റെ വയറ്റിൽ കിടക്കുമ്പോഴും യോനായുടെ സ്വാഭാവത്തിനു മാറ്റമില്ലെന്നു പറയുന്നവർ ചൂണ്ടിക്കാണിക്കുന്നത് അവനു അവിടെയും നീനെവെക്കാരെ സ്നേഹിക്കുവാൻ കഴിയുന്നില്ല എന്നതാണ്. ശരിയാണ്; സ്വഭാവത്തിൽ അവൻ ദൈവത്തോട് ഏകീഭവിച്ചിട്ടില്ല. എന്നാൽ, ഒരു കാര്യം നാം ഓർക്കണം. നമ്മുടെ സ്വഭാവം ദൈവികസ്വഭാവത്തോട് അനുരൂപമാകാതെ, നമ്മുടെ മത്സരത്തിന്റെ കാലത്തോ നുറുക്കത്തിന്റെ കാലത്തോ അല്ല; പ്രത്യുത, മടങ്ങിവന്നു ദൈവത്തിന്റെ സാന്നിധ്യത്തിൽ ജീവിക്കുമ്പോഴാണ് ഏകീഭവിക്കുന്നത്. മാനസാന്തരം (നുറുക്കം) ദൈവസാന്നിധ്യത്തിലേക്കുള്ള വഴിയാണ്. ദൈവസാന്നിധ്യം ദൈവസ്വഭാവത്തിലേക്കുള്ള വഴിയും!

യോനായുടെ നുറുക്കത്തിന്റെ അവസ്ഥയാണു മത്സ്യത്തിന്റെ വയറ്റിൽ കിടന്നുള്ള അവന്റെ അയ്യംവിളി. ഒന്നാമതു യോന അവന്റെ നിസ്സഹായത തിരിച്ചറിഞ്ഞു. അവനു തനിയെ ജീവിക്കുവാൻ കഴിയും എന്ന ചിന്തയാണു ദൈവത്തിന്റെ സാന്നിധ്യത്തിൽ നിന്നു തർശീശിലേക്കു ഓടിപ്പോകുവാൻ അവനു പ്രേരണയായത്. നിസ്സഹായതയിൽ മാത്രമേ ഒരാൾ ദൈവത്തിൽ ആശ്രയിക്കുന്നുള്ളൂ. തർശീശിലേക്കു പോകുവാൻ കപ്പലിൽ കൂലി കൊടുക്കാനെങ്കിലും അവനു കഴിഞ്ഞിരു

ന്നു (യോനാ1:3). എന്നാലിപ്പോൾ അവൻ പൂർണ്ണമായും നിസ്സഹായനാണ്. അവൻ "മത്സ്യത്തിന്റെ വയറ്റിൽ" എന്നല്ല, "ഞാൻ പാതാളത്തിന്റെ വയറ്റിൽ നിന്ന് അയ്യം വിളിച്ചു (2:2). എല്ലാം അവസാനിച്ച അവസ്ഥ. എല്ലാ പ്രതീക്ഷകളും തീർന്ന അവസ്ഥ! ഈ നിസ്സാഹായതയുടെ നുറുക്കം ഒരു അനുഗ്രഹീത അവസ്ഥയാണ്. ഇങ്ങനെയുള്ള ഒരു നുറുക്കത്തിന്റെ കരച്ചിലിനാണു യഹോവയിൽ നിന്ന് ഉത്തരം ലഭിക്കുന്നത്.

ഇവിടെ യോനായ്ക്കുണ്ടാകുന്ന വലിയൊരു തിരിച്ചറിവ്, അവന്റെ ജീവിതത്തിലെ ദുരന്തങ്ങളൊക്കെ ദൈവത്തിന്റെ പ്രവൃത്തിയാണെന്ന ബോധ്യമാണ്. "നീ" എന്നെ സമുദ്രമധ്യേ ആഴത്തിൽ ഇട്ടുകളഞ്ഞു; പ്രവാഹം എന്നെ ചുറ്റി. "നിന്റെ ഓളങ്ങളും തിരമാലകളുമെല്ലാം എന്റെ മീതെ കടന്നുപോയി" (2:3). എന്നെ സമുദ്രമധ്യേ ഇട്ടതു പിശാചല്ല, നീയാണ്. എന്റെ മീതെ കടന്നുപോയത് "നിന്റെ" ഓളങ്ങളാണ്.

പലപ്പോഴും എന്റെ ജീവിതത്തിലെ ദുരന്തങ്ങൾ "പിശാചു" കൊണ്ടു വരുന്നതാണെന്നാണ് എന്റെ ചിന്ത. എന്നാൽ, വഴിതെറ്റിപ്പോയ എന്നെ മടക്കിക്കൊണ്ടുവരുവാൻ ദൈവം അയച്ച ശിക്ഷണങ്ങളാണവ എന്ന തിരിച്ചറിവ് എനിക്കുണ്ടാകുമ്പോഴാണു എന്നിൽ 'നുറുക്കം' (brokenness) ഉണ്ടാകുന്നത്.

നുറുക്കത്തിന്റെ കുറെക്കൂടെ ആഴമുള്ള അർഥമാണ് അടുത്ത വാക്യത്തിൽ നാം കാണുന്നത്. "നിന്റെ ദൃഷ്ടിയിൽനിന്നു എനിക്കു നീക്കം വന്നിരിക്കുന്നു. എങ്കിലും നിന്റെ വിശുദ്ധ മന്ദിരത്തിലേക്കു നോക്കികൊണ്ടിരിക്കും എന്നു ഞാൻ പറഞ്ഞു" (2:4). ഇവിടെ ദൈവത്താൽ താൻ കൈവിടപ്പെട്ടു എന്നും ദൈവത്തിന്റെ ദൃഷ്ടി ഇപ്പോൾ തന്നിലില്ലെന്നും യോനാ ചിന്തിക്കുന്നു. ഇനി ജീവനിലേക്കു മടങ്ങിപ്പോക്കില്ലെന്നുള്ള ചിന്ത. മരണം മാത്രം മുന്നിൽ... ഇനിയിപ്പോൾ രക്ഷയ്ക്കായി- ജീവനുവേണ്ടി-ദൈവത്തെ നോക്കിയിട്ടു കാര്യമില്ല. ഒരുപക്ഷേ, ഞാൻ മരിക്കാൻ പോകുകയാണ്; സാരമില്ല.. മരിച്ചോട്ടെ. എന്നാലും ഞാൻ എന്റെ നോട്ടം ദൈവത്തിന്റെ വിശുദ്ധമന്ദിരത്തിൽനിന്നു മാറ്റുകയില്ല!

ഇതാണു വിശ്വാസം! മരണം മുന്നിൽ വന്നുനില്ക്കുമ്പോഴും നോട്ടംദൈവത്തിൽനിന്നു മാറ്റാത്തത്! മരണത്തിന്റെ നുറുക്കമാണു വിശ്വാസത്തിന്റെ കൃത്യതയുള്ള ഉരകല്ല്! ഇവിടെ മരണത്തെ മുഖാമുഖം കാണുന്നുവെങ്കിൽ ഏഴാം

**ഇതാണു വിശ്വാസം! മരണം മുന്നിൽ വന്നു നില്ക്കുമ്പോഴും നോട്ടം ദൈവത്തിൽനിന്നു മാറ്റാത്തത്!**

വാക്യത്തിൽ നുറുക്കം അതിന്റെ അടുത്ത പടിയിലേക്കെത്തുകയാണ്. അവിടെ യോനാ മരണത്തെപ്പോലും കാണുന്നില്ല. ഒന്നും കാണുന്നില്ല. ശൂന്യത! ശൂന്യത മാത്രം!

"എന്റെ പ്രാണൻ ഉള്ളിൽ ക്ഷീണിച്ചു പോയപ്പോൾ ഞാൻ യഹോവയെ ഓർത്തു" (2:7). മത്സ്യത്തിന്റെ വയറ്റിലെ മൂന്നാംദിവസത്തെ വാസം അതിന്റെ അന്ത്യത്തിലെത്തുകയാണ്. ആദ്യം അവനു അവന്റെ നിസ്സഹായത മനസിലായി.. അവൻ അയ്യം വിളിച്ചു.. ജലപ്രവാഹങ്ങളും ഓളങ്ങളും തിരമാലകളും അവനു കാണാമായിരുന്നു (2: 3). പിന്നെപ്പിന്നെ അവനു കാണാമായിരുന്നത് മരണം മാത്രമായിരുന്നു (2:4) വെള്ളം ദേഹത്തെ മാത്രമല്ല ദേഹിയെയും (പ്രാണനോളം-soul) മുക്കിക്കളഞ്ഞു (2:5). പിന്നീടു ബോധം അവനെ വിട്ടുപോയി (2:7). നുറുക്കത്തിന്റെ ആത്യന്തിക നിലയിലായ നേരം! "അപ്പോൾ പ്രാർഥന ദൈവത്തിന്റെ വിശുദ്ധ മന്ദിരത്തിൽ എത്തി" (2:7). നുറുക്കത്തിന്റെ ഇടനാഴിയിൽ നിന്നു അവൻ പുറത്തു കടക്കുകയാണ്.. "മത്സ്യം യോനായെ കരയ്ക്കു ഛർദിച്ചുകളഞ്ഞു (2:10). മത്സ്യം യോനയെ നീനെവെയിലല്ല, 'കര'യ്ക്കാണു ഛർദിച്ചത്- എവിടെനിന്ന് അവൻ ഓടിപ്പോയോ, അവിടേക്ക്! ദൈവസാന്നിധ്യത്തിൽനിന്നു ഓടിപ്പോയി (യോനാ 1:3) പാതാളത്തിൽ ചെന്നു കിടന്നവനെ (2:2) തിരിച്ചു വീണ്ടും ദൈവസാന്നിധ്യത്തിലേക്കു കൊണ്ടുവന്നു യഥാസ്ഥാനപ്പെടുത്തി... നുറുക്കപ്പെട്ടതുകൊണ്ടു അവനിപ്പോൾ ഒരു രണ്ടാമൂഴം ബാക്കിയുണ്ട്! നുറുക്കപ്പെടുന്നവർക്കായി ദൈവം എപ്പോഴും ഒരു രണ്ടാമൂഴം ബാക്കിവച്ചിരിക്കുന്നു.

കർത്താവിന്റെ സാന്നിധ്യത്തിന്റെ നിറവ് വിട്ട് സ്വന്ത വഴിയിലേക്കു ഓടിപ്പോയപ്പോഴും ഉപേക്ഷിച്ചുകളയാതെ പിന്തുടർന്ന യേശുവിന്റെ സ്നേഹത്തിനായി നമുക്ക് നന്ദി അർപ്പിക്കാം. നുറുക്കത്തിന്റെ ഇടനാഴിയിലൂടെ നിന്റെ രണ്ടാമൂഴത്തിലേക്കു പ്രവേശിക്കാൻ ഞങ്ങളെ സഹായിക്കണമേ എന്ന് പ്രാർത്ഥിക്കാം. •

# ആഴമുള്ള ജീവിത ദർശനം

ജീവിതനൈപുണ്യത്തിനു ഏറെ പ്രാധാന്യമുള്ള ഒരു കാലത്താണ് നാം ജീവിക്കുന്നത്. എന്നാൽ ലൈഫ് സ്കിൽസിനേക്കാൾ പ്രധാനപ്പെട്ടതാണ് ലൈഫ്‌വിഷൻ അഥവാ ജീവിതദർശനം. ആത്മീയജീവിതത്തിന്റെ അടിസ്ഥാനവും വളർച്ചയും ആഴമുള്ള ജീവിതദർശനത്തിലേ സുസാധ്യം ആവുകയുള്ളൂ. ഈ ലോകത്തിലെ ആധാർ, വോട്ടർ ഐഡി, കസ്റ്റമർ ഐഡി, തുടങ്ങിയവയെക്കുറിച്ചു, എല്ലാം അറിയുന്ന പലർക്കും മരണത്തിനപ്പുറമുള്ള നിതൃതയുടെ ഐഡിയെക്കുറിച്ച് വലിയ ഗ്രാഹ്യം ഇല്ല. ഇവിടെ നാം ആയിരിക്കുമ്പോൾ തന്നെ നിതൃതയിലെ നമ്മുടെ ഐഡന്റിറ്റിയെക്കുറിച്ച് ചിന്തിക്കുന്നവരാണ് യഥാർത്ഥ ജീവിതദർശനം ഉള്ളവർ! വീണ്ടുംജനനത്തിലൂടെ ലഭ്യമാകുന്ന നിത്യജീവനും അതുവഴിയുള്ള നിതൃതയുടെ സൗഭാഗ്യത്തെക്കുറിച്ചുള്ള അവബോധവുമാണ് ജീവിതചിന്തയിലെ പ്രാഥമിക കാര്യം. രണ്ടാമത്, നമ്മുടെ മുഴുവൻ വ്യക്തിത്വത്തിലൂടെയും ദൈവ നാമം മഹത്വപ്പെടണം എന്ന ദർശനമാണ് നമുക്ക് ഉണ്ടാകേണ്ടത്. നമ്മുടെ ശരീരത്തെ അഥവാ ദേഹം, ദേഹി, ആത്മാവിനെ ദൈവമഹത്വത്തിനായി പൂർണമായും വേർതിരിക്കണം എന്ന് സാരം! മനുഷ്യ ശരീരം പരിശുദ്ധാത്മാവിന്റെ മന്ദിരം ആണെന്നുള്ള സത്യം നാം ഒരിക്കലും മറക്കരുത്.

മനുഷ്യകുടുംബത്തിൽ നിന്ന് നാം ദൈവകുടുംബത്തിലേക്ക് വിളിക്കപ്പെട്ടവരാണന്നുള്ള ചിന്തയും, ആഴമുള്ള ജീവിതദർശനത്തിൽ കാണുവാൻ കഴിയും. ഈ സത്യം തിരിച്ചറിഞ്ഞ് ദൈവത്തോടുകൂടി കുടുംബജീവിതം നയിക്കാനുള്ള സമർപ്പണമാണ് ഇന്നത്തെ സമൂഹത്തിന് ആവശ്യം. അല്ലായെങ്കിൽ ക്രൈസ്തവ കുടുംബങ്ങൾ എന്ന് വിളിക്കപ്പെടുന്ന കുടുംബങ്ങൾ പോലും പിശാചിനും അവന്റെ ദൂതന്മാർക്കും ഇരകളായി, തകരുന്ന കുടുംബങ്ങളുടെ ഗണത്തിൽ ചെന്നുപതിക്കും. ക്രിസ്തുവിനെപ്പോലെ ആകുവാനും അവിടുത്തെ സേവനത്തിനുള്ള സമർപ്പണവും യഥാർത്ഥ ജീവിതചിന്തയുടെ പ്രധാനപ്പെട്ട അധ്യായമാണ്. എന്തുചെയ്താലും മനുഷ്യർക്കെന്നല്ല ദൈവത്തിന് എന്നവണ്ണം ചെയ്യുന്നതാണ് ശരിയായ ക്രിസ്തീയസേവനം. മനുഷ്യർ നിങ്ങൾക്ക് ചെയ്യണം എന്ന് നിങ്ങൾ ഇച്ഛിക്കുന്നത് ഒക്കെയും നിങ്ങൾ അവർക്കും ചെയ്യുവിൻ എന്ന ക്രിസ്തുവചനം നാം ജീവിതത്തിൽ പകർത്തുമ്പോൾ ആണ് സ്വർഗീയപിതാവിന്റെ സൽഗുണ പൂർണതയിലേക്ക് നാം എത്തിച്ചേരുക.

എല്ലാവരുടെയും മുമ്പിൽ എത്തുക എന്നതാണ് ലൈഫ് സ്കിൽസ് കൊണ്ട് ഉദ്ദേശിക്കുന്നതെങ്കിൽ, എല്ലാവർക്കും ദാസനായിത്തീരുന്ന ക്രിസ്തീയശിഷ്യത്വം ആണ് ഡീപ്പർ ലൈഫിന്റെ മുഖമുദ്ര. ലോകത്തിന്റെ ശീലങ്ങളോട് അനുരൂപപ്പെടാതെ, ദൈവപ്രകൃതിയിലേക്കുള്ള രൂപാന്തരത്തിലൂടെയും യേശുക്രിസ്തുവിന്റെ പുനരാഗമനത്തിനായി നാൾതോറും ഉള്ള ഒരുക്കത്തിലൂടെയും ആണ് ആഴമുള്ള ജീവിതദർശനം ഫലപ്രാപ്തിയിൽ എത്തുക.

എംസി

*Bank Account Details:*

**Righteous Path Publication Trust**
**A/c No. 0315053000011215**
**IFS Code: SIBL 0000315**

SOUTH INDIAN Bank
**KANJIKUZHY - KOTTAYAM**

വാർഷിക വരിസംഖ്യ 200 രൂപ

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.02.2022

NERVEEDHI - FEBRUARY 2022
Annual Subscription ₹ 200.00
(Per copy ₹ 20.00)


RP PUBLICATIONS

## ആർ.പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ







കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336, 8547916678


Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019

Mob: 9495435336, 8547916678
www.nerveedhi.com

Edited by P.V Varghese, Printed and Published by M.T James on behalf of the Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.